www.malankaralibrary.com

# മറിയാനുകരണം

www.malankaralibrary.com

# മറിയാനുകരണം

തോമസ് അ കെമ്പീസ്

എഴുതിയ

വിവിധ കൃതികളിൽനിന്നു

സമാഹരിച്ചത്

വിവർത്തകൻ

ഫാദർ ഹെർമൻ, ഒ. സി. ഡി.

(രണ്ടാം പതിപ്പ്)

പകർപ്പവകാശം
സെൻറ് ജോസഫ്സ് പ്രസ്സിനു

1962

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

Printed & Published at
St. Joseph's Press,
Trivandrum.

www.malankaralibrary.com

# The Imitation of Mary

Extracted from the Original Works of
**Thomas a Kempis**

---

Selected and Edited by
Dr. Albin de Cigala
Faculty of Paris.

Translated into Malayalam by
Fr. Herman, O. C. D.

From the English Translation by
A Dominican Sister

Second Edition

**1962**

www.malankaralibrary.com

*Nihil Obstat:*

Fr. Ephrem a Maria Immaculata, O. C. D.
Trivandri,
25-3-1954.

Fr. Bernardinus a Sp. Sancto, O. C. D.
Trivandri,
8-2-1954.

*Imprimi Potest:*

Fr. Thomas a Jesu, O. C. D.
Vic. Pro.

Trivandri,
6-7-1954.

*Re-Imprimatur:*

† Fr. Vicentius V. Dereere, O. C. D.,
Episcopus, Trivandrensis.

Trivandri,
10-12-1956.

www.malankaralibrary.com

# മുഖവുര

ഭക്തലോകത്തിന്നു സുപരിചിതമായ "മിശിഹാനുകരണം" (ക്രിസ്ത്വാനുകരണം — ക്രിസ്ത്വാനുകരണം—ക്രിസ്തുദേവാനുകരണം— ക്രിസ്ത്വനുഗമനം എന്നൊക്കെ ശീർഷകഭേദങ്ങൾ ഉണ്ടു്)ത്തിൻെറ അവശേഷമാണു് "മറിയാനുകരണം" എന്ന അഭിധാനത്തിൽ പ്രസിദ്ധം ചെയ്യുന്ന ഈ പുസ്തകം. മിശിഹാനുകരണം ഇപ്പോഴത്തെ രൂപത്തിൽ ആദ്യമായി പ്രസിദ്ധം ചെയ്തതു് കാനൻസ് റെഗുലർ (Canons Regular) എന്ന സന്യാസസഭാംഗമായ തോമസ് അ കെമ്പീസ് (1380-1471)[1] ആണു്. അദ്ദേഹം ഹോളണ്ടിൽ, വിൻഡേസ്ഹയി(Windesheim)മിലെ വി. ആഗസ്തിൻെറ ആശ്രമത്തിലാണു ജീവിച്ചിരുന്നതു്.

www.malankaralibrary.com



Cloister Discipline, Monastic Enchiridion, Soliloquy of the Soul, Three Tabernacles, Valley of Lilies, Devout Prayers, Garden of Roses, Sermons to the Novices എന്നിങ്ങനെ ഒട്ടനേകം അമൂല്യഗ്രന്ഥങ്ങൾ അധ്യാത്മികലോകത്തിന് അദ്ദേഹം പ്രദാനം ചെയ്തിട്ടുണ്ട്. അവയെല്ലാം അദ്ദേഹത്തിന്റെ സ്വന്തമായ സ്വതന്ത്രകൃതികളാണെന്നു കരുതപ്പെടുന്നു. ഉപശ്രേഷ്ഠൻ (Subprior) എന്ന നിലയിൽ നവസന്യാസികളുടെയും, യുവസഹോദരന്മാരുടെയും നേതൃത്വം അദ്ദേഹത്തിനുണ്ടായിരുന്നപ്പോൾ അവരുടെ ഉപദേശത്തിനായി ശേഖരിച്ച അധ്യാത്മികചിന്തകൾ പിന്നീടു പ്രബന്ധരൂപത്തിൽ പ്രസിദ്ധം ചെയ്തതാണ് അവയിലധികവും.

www.malankaralibrary.com



അധ്യാത്മികജീവിതത്തിൻെറ പൂർണ്ണതയ്ക്കാവശ്യമായ എല്ലാ വിഷയങ്ങളും സാമാന്യം ഉൾക്കൊള്ളുന്ന ഒരു പ്രമാണഗ്രന്ഥംവിവിധ മൂലങ്ങളിൽനിന്നു സമാഹരിക്കാൻ ഒടുവിൽ അദ്ദേഹം ഉദ്യമിച്ചതിൻെറ ഫലമാണെന്നു തോന്നുന്നു "മിശിഹാനുകരണം." "ആത്മിക ആശ്വാസം" എന്ന അതിലെ മൂന്നാംപുസ്തകം. അഗാധചിന്തകനും, സ്വസഭയുടെ ആരംഭകനുമായ ഡീക്കൻ ജെരാർഡ് ഗ്രോട്ട് (Gerard Groote, 1340—1384) എഴുതിയതാണെന്നു അടുത്തകാലത്തു കണ്ടുകിട്ടിയിട്ടുള്ള രേഖകളിൽ നിന്നു് അനുമാനിക്കപ്പെടുന്നു. ഇതരഭാഗങ്ങൾ അതുപോലെ മററു മൂലങ്ങളിൽനിന്നു സ്വീകരിച്ചവയോ പ്രസാധകൻതന്നെ രചിച്ചവയോ ആയിരിക്കണം. ആദ്യം പ്രസിദ്ധം ചെയ്തപ്പോൾ ഗ്രന്ഥകർത്താവായി ആരുടെയും പേരു വെച്ചിരുന്നില്ല. പില്ക്കാലത്തു് ഈ മഹൽഗ്രന്ഥത്തിന്റെ കർത്തൃത്വം പലരിലും

www.malankaralibrary.com


ആരോപിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും തോമസ് അ കെമ്പീസിൻെറ കൃതിയെന്നുതന്നെ സാമാന്യമായി പരിഗണിക്കപ്പെട്ടുപോന്നു.

എന്നാൽ തോമസ് അ കെമ്പീസ് ഉദ്ദേശ്നം ചെയ്ത രൂപംപൂർത്തിയാകാതെ ഈഗ്രന്ഥം ഇപ്പോഴും അപൂർണ്ണമായിത്തന്നെ സ്ഥിതിചെയ്യുന്നെന്നു കരുതേണ്ടിയിരിക്കുന്നു. ആധ്യാത്മികജീവിതത്തെ സംബന്ധിച്ച നാനാവിധ വിഷയങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്ന ആ വിശിഷ്ടഗ്രന്ഥത്തിൽ മറിയഭക്തിയെക്കുറിച്ചു യാതൊന്നും പറഞ്ഞുകാണുന്നില്ല. കേവലം ഭക്തിക്കുറവോ ഉപേക്ഷയോ കൊണ്ടാണിതെന്നു വിചാരിക്കുവാൻ നിവൃത്തിയില്ല. മേലുദ്ധരിച്ച സ്വതന്ത്രകൃതികളിൽ മാതാവിനെക്കുറിച്ചു മധുരമനോഹരങ്ങളായ അനേകം ധ്യാനങ്ങളും പ്രാർത്ഥനകളും സ്തുതിഗീതങ്ങളും കാണാനുണ്ട്. ഒരുപക്ഷേ അവകൂടി സമാഹരിച്ച്, മിശിഹാ

www.malankaralibrary.com


നുകരണത്തിൽതന്നെ, വിശുദ്ധകുർബാന യേക്കുറിച്ചുള്ള നാലാം പുസ്തകത്തിനുശേഷം മറിയഭക്തിയേക്കുറിച്ച് ഒരഞ്ചാം പുസ്തകം കൂടെ ഉൾപ്പെടുത്താനായിരുന്നിരിക്കണം മ റിയഭക്തിയിൽ ഒട്ടും പിന്നണിയിലല്ലാത്ത പ്രസാധകനു ഉദ്ദേശിച്ചിരുന്നതു്. എന്തുകൊ ണ്ടതു സാധിച്ചില്ലെന്നു നമുക്കറിവില്ല.

മിശിഹാനുകരണത്തിൻെറ അപൂർണ്ണ സ്ഥിതിയും അതിന്റെ പ്രസാധകനായ തോ മസ്സ് അ കെമ്പീസിന്റെ മറിയഭക്തി പ്രചു രിമയും, പാരീസ് സർവകലാശാലയിലെ ദൈവശാസ്ത്രപണ്ഡിതനായ Dr. Albin de Cigala യുടെ ശ്രദ്ധയെ സവിശേഷം ആക ഷിക്കുകയാൽ, മേലുദ്ധരിച്ച കൃതികളിലെ മറിയഗീതികളെ സമാഹരിച്ച് മിശിഹാ നുകരണത്തിൻെറ അവശേഷമെന്നവണ്ണം ഫ്രഞ്ചുഭാഷയിൽ അദ്ദേഹം പ്രസിദ്ധം ചെ

www.malankaralibrary.com


സ്സയുണ്ടായി. അതിൻെറ ഇംഗ്ലീഷ് വിവൎത്തനം (The Imitation of Mary) എന്ന അഭിധാനത്തിൽ അയർലണ്ടിൽ 1950-ലാണ് ആദ്യമായി പ്രത്യക്ഷപ്പെട്ടതു്. ആ ഇംഗ്ലീഷ് പതിപ്പിൻെറ ഭാഷാവിവൎത്തനമാണ് ഈ "മറിയാനുകരണം." ഇതിലെ അത്യഗാധമായ ദൈവശാസ്ത്രപശ്ചാത്തലവും, ഗീതാത്മകമായ സാഹിത്യസൗകുമാര്യവും നിരീക്ഷിക്കുമ്പോൾ, മിശിഹാനുകരണത്തിൻെറ സംപൂർണ്ണതയ്ക്കു് അത്യന്തം പര്യാപ്തമായ ഒരവശേഷം തന്നെയാണിതെന്നു സംശയമില്ല.

പരിശുദ്ധ കന്യകാമറിയത്തിൻെറ ജീവിതസംഭവങ്ങളെ അനുഗമിച്ചു സന്തോഷം ദുഃഖം, മഹിമ എന്ന രഹസ്യങ്ങൾക്കനുയുക്തമായവിധം മുപ്പതധ്യായങ്ങളായി ഇതിലെ വിഷയങ്ങൾ ക്രമപ്പെടുത്തിയിരിക്കുന്നു. മാസത്തിൻെറ തീയതിക്രമത്തിൽ

www.malankaralibrary.com


ദിനംപ്രതി ഓരോ അധ്യായം വായിച്ചു ധ്യാനിക്കുവാൻ ഈ ക്രമീകരണം ഉപകരിക്കും. ഇതിൻെറ പ്രണേതാവു പറയുന്നതുപോലെ, ''ബുദ്ധികൊണ്ടുമാത്രമല്ല മുഖ്യമായി ഹൃദയം കൊണ്ടുവേണം ഇപ്പുസ്തകം വായിക്കുവാൻ.''

അമലോത്ഭവസിദ്ധാന്തം വിശ്വാസസത്യമായി പ്രഖ്യാപിച്ചതിൻെറ ശതാബ്ദജൂബിലി ആഘോഷിക്കുന്ന ഈ മഹനീയാവസരത്തിൽ, പരിശുദ്ധ കന്യകാമറിയത്തിൻെറ വിമലഹൃദയത്തിനും, വിമലഹൃദയഭക്തന്മാക്കും ഈ വിനീതവിവർത്തനം സാദരം സമർപ്പിച്ചുകൊള്ളുന്നു.

തക്കല,
16-7-1954.

ഫാദർ
ഹെർമൻ, ഒ. സി. ഡി.

www.malankaralibrary.com

# വിഷയവിചാരം

ആത്മഭാഷിതം

ഒന്നാം ഭാഗം

## സന്തോഷരഹസ്യങ്ങൾ


| അധ്യായം | | വശം |
|---|---|---|
| 1. | മറിയാനുകരണം | 3 |
| 2. | മറിയത്തിൻെറ നേർക്കുള്ള കടമകൾ | 9 |
| 3. | ഉത്തമമറിയദാസൻെറ സൽഗുണങ്ങളും സുകൃതങ്ങളും | 15 |
| 4. | മറിയത്തിൻെറ മഹോന്നതമഹിമകൾ | 21 |
| 5. | മറിയത്തോടുള്ള നമ്മുടെ കടമകൾ | 26 |
| 6. | മറിയത്തിൻെറ ശക്തിയും വല്ലഭവും | 31 |
| 7. | മറിയത്തിൻെറ മാഹാത്മ്യവും വിശേഷവരങ്ങളും | 36 |
| 8. | മറിയത്തിൻെറ സൗന്ദര്യവും കുലീനതയും | 42 |
| 9. | മറിയത്തിൻെറ പ്രതിരൂപങ്ങൾ | 50 |
| 10. | മറിയത്തിൻെറ ദൈവമാതൃത്വം | 59 |


രണ്ടാം ഭാഗം

## ദുഃഖരഹസ്യങ്ങൾ


| | | |
|---|---|---|
| 11. | മറിയത്തിൻെറ വത്സലസംരക്ഷണം | 64 |
| 12. | മറിയത്തിൻെറ ഹൃദയാനന്ദം | 69 |
| 13. | മറിയത്തിൻെറ ഹൃദയഗീതങ്ങൾ | 74 |
| 14. | മറിയത്തിൻെറ സ്നേഹവും വ്യാകുലവും | 82 |
| 15. | മറിയത്തിൻെറ ഉപദേശമനുസരിച്ച് ഈശോയെ അന്വേഷിക്കുക | 89 |

www.malankaralibrary.com


അധ്യായം | വശം

16. മറിയത്തിന്റെ ജീവിതക്ലേശങ്ങളും സഹനവും 94
17. മറിയം കുരിശിൻചുവട്ടിൽ 100
18. മറിയത്തിന്റെ മാതൃകയനുസരിച്ചു ക്ലേശങ്ങൾ സഹിക്കണം 106
19. മറിയത്തിന്റെ മാതൃകയനുസരിച്ച് ഈശോയെ ശുശ്രൂഷിക്കണം 111
20. മറിയത്തിന്റെ മാതൃകയനുസരിച്ചു പ്രവർത്തിക്കണം 116

മൂന്നാം ഭാഗം

മഹിമാരഹസ്യങ്ങൾ

21. മറിയത്തിന്റെ ആന്തരികജീവിതം 122
22. മറിയത്തിന്റെ സുകൃതമാതൃക 128
23. മറിയത്തിന്റെ മാതൃകയനുസരിച്ചുള്ള പ്രാർത്ഥനയും ധ്യാനവും 134
24. മറിയത്തിന്റെ മഹിമസ്തുതികൾ 140
25. മറിയംവഴി ഈശോയുടെ പക്കലേക്ക് 146
26. മറിയത്തിന്റെ മാതൃസംരക്ഷണം 152
27. മറിയത്തെ നിരന്തരം നിനച്ചപേക്ഷിക്കുക 159
28. മറിയത്തിന്റെ മാദ്ധ്യസ്ഥം 164
29. മാതൃസല്ലാപം 172
30. സ്നേഹത്തിന്റെ സനാതന രാജകീയത്വം 179

www.malankaralibrary.com

# ആത്മഭാഷിതം

---

മധുരഗീതികൾ! മാമരിസ്തുതികൾ! ഹാ! ഇവ വായിക്കയോ? അല്ല, പാട്ടുകതന്നെ വേണം. ഭൗമികപ്രയാണത്തിൽആത്മാവിനു പാഥേയവും ഊന്നുവടിയുമാണിവ. കൂടെ കൂടെ വായിക്കുക; ആവർത്തിച്ചാസ്വദിക്കുക; ഭക്തിപൂർവം പ്രാർത്ഥിക്കുക; നിരന്തരം പാടുക.

ഈശോയും മറിയവും ജീവിതത്തിൽ നമുക്കെപ്പോഴും എല്ലായിടത്തും അനുയാത്രികരായിരിക്കണം; അല്ലെങ്കിൽ നേതൃത്വമില്ലാതെ നമ്മൾ തനിയെ അലഞ്ഞുതിരിഞ്ഞുപോകും; ആന്തരികപരിമളം പുറമെ ചിന്തി അവർ നമുക്കു മാർഗ്ഗനിർദ്ദേശം നൽകും.

www.malankaralibrary.com

മറിയമാഹാത്മ്യങ്ങളുടെവിശദീകരണമാണു ഈ ചെറുപുസ്തകത്തിന്റെ ഉള്ളടക്കം. മാധുര്യം വഴിഞ്ഞൊഴുകുന്ന ഭക്തചിന്തകൾ ഇതിലുണ്ടു്; ആത്മികഭദ്രതയുടെ ശക്തികേന്ദ്രമാണിതെന്നും അനുഭവപ്പെടും.

കൂടെക്കൂടെ ഇതു വായിച്ചു ധ്യാനിക്കുക. ഹൃദയത്തിന്റെ പൂർണ്ണതയിൽനിന്നു നിരന്തരം ചൊല്ലുക:

**മറിയമേ! സ്വസ്തി!**

തോമസ് അ കെമ്പിസ്.

(Soliloquies of the Soul).

www.malankaralibrary.com

ഒന്നാംഭാഗം

# സന്തോഷ രഹസ്യങ്ങൾ

ഒന്നാമദ്ധ്യായം

## മരിയാനുകരണം

I

"ബാലികമാർ പലരും ധനം സമ്പാദിച്ചു കൂട്ടി" (സുഭാ. 31-29) എന്നു സുജ്ഞാനി പറയുന്നു; എന്നാൽ, ഒ മറിയമേ! നീ അവരെയെല്ലാം വളരെ അതിശയിച്ചു.

വാത്സല്യമുള്ള മക്കളേ, ഈശോയെ നിങ്ങൾ വിശ്വസ്തതയോടെ അനുഗമിക്കുക; മറിയത്തെ പരിപൂർണ്ണമായി അനുകരിക്കുക പ്രാർത്ഥനയിൽ ഭക്തിയും, സംസാരത്തിൽ മിതത്വവും, നോട്ടങ്ങളിൽ വിവേകവും സദാ നിങ്ങൾക്കുണ്ടായിരിക്കണം; നിങ്ങ

www.malankaralibrary.com


ളുടെ നിത്യരക്ഷയ്ക്കും, ഈശോയുടെ സ്തുതിക്കും മറിയത്തിന്റെ മഹിമയ്ക്കും ഇവ വളരെ അത്യാവശ്യമാണ്.

ചുരുക്കത്തിൽ, നിങ്ങളുടെ സകല പ്രവൃത്തികളും സൂക്ഷ്മപൂർവം ക്രമപ്പെടുത്തിക്കൊള്ളണം.

## II

മറിയത്തെ യോഗ്യമാംവണ്ണം സ്തുതിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? സകല മാഹാത്മ്യങ്ങളും വർണ്ണിച്ച് അവളെ പുകഴ്ത്തുവാൻ നിങ്ങൾ അഭിലഷിക്കുന്നുണ്ടോ?

എന്നാൽ ദൈവമക്കൾക്കനുയുക്തമായ നേർബുദ്ധിയുള്ളവരായിരിപ്പിൻ; 'വഞ്ചന, അസൂയ, ദൂഷണം, പിറുപിറുപ്പ്, ദുശ്ശങ്ക എന്നിവ വർജ്ജിക്കുക.

അനർത്ഥങ്ങളും, വിരോധങ്ങളും, ഉപവിയോടും, ക്ഷമയോടും, മഹാ എളിമയോടുംകൂടെ സഹിക്കുക.

www.malankaralibrary.com


ഈശോയ്ക്കും മറിയത്തിനും വേണ്ടിയും, വിശുദ്ധന്മാരെ അനുകരിക്കാനായിട്ടും ഈ ലോകജീവിതം മുഴുവനും നിയോഗിക്കുക; നിങ്ങൾ തന്നെ വിശുദ്ധരായിത്തീരുക.

സ്വജീവിതത്തെ പരിശുദ്ധ ത്രീത്വത്തിനു സമർപ്പിക്കുവാൻ കഴിയുന്നവനു്, കയ്പുള്ളവയെല്ലാം മധുരമായി തോന്നും; ദുർവഹമെന്നു തോന്നുന്നവ ലഘുവായിത്തീരും.

ഇതാണു്, ഈശോയെയും മറിയത്തെയും ഓർമ്മിക്കുന്നതിന്റെ ഫലം.

## III

### ജപം

ഓ മറിയമേ! ഈശോയുടെ മാധുര്യമേറുന്ന അമ്മേ! നിന്റെ സഹതാപവും, മാധുര്യം നിറഞ്ഞ മാതൃവാത്സല്യവും എളിയദാസനായ എന്റെ മേൽ ചൊരിയുവാൻ കനിവുണ്ടാകണമെന്നു ഞാൻ താഴ്മയായി അപേക്ഷിക്കുന്നു.

www.malankaralibrary.com


അമ്മേ! നിൻെറ വാത്സല്യത്തിൻെറ ഒരു തുള്ളി എൻെറ ഹൃദയത്തിൽ ചിന്തുക. എന്നാൽ നിന്നെ സ്നേഹിക്കാൻവേണ്ടുന്ന ഹൃദയനൈർമ്മല്യം എനിക്കു സിദ്ധിക്കും; ഓ മാതാക്കളിൽവെച്ചേററം മാധുര്യം നിറഞ്ഞ അമ്മേ! നിന്നെയും നിൻെറ ദിവ്യ സുതൻ ഈശോയെയും അനുകരിക്കുവാൻ എനിക്കു കഴിവുമുണ്ടാകും.

അമ്മേ! ശ്രദ്ധിക്കുക; അമ്മേ! ശ്രവിക്കുക. ഞാനിതാ മുട്ടിന്മേൽനിന്നു "മറിയമേ! സ്വസ്തി!" എന്നു ചൊല്ലി നിന്നെ വാഴ്ത്തുന്നു.

"മറിയമേ! സ്വസ്തി!" എന്നു ഞാൻ ഹൃദയത്തിൽ ചൊല്ലുമ്പോൾ ആകാശം സന്തോഷിക്കയും, ഭൂമി മന്ദഹാസം തൂകുകയും ചെയ്യുന്നു.

"മറിയമേ! സ്വസ്തി!" എന്നു ഞാൻ ഹൃദയത്തിൽ ചൊല്ലുമ്പോൾ സാത്താൻ ഭയപ്പെട്ടോടുകയും, നരകം വിഭ്രമിച്ചു ഞെട്ടുകയും ചെയ്യുന്നു.

www.malankaralibrary.com


"മറിയമേ! സ്വസ്തി!" എന്നു ഞാൻ ഹൃദയത്തിൽ ചൊല്ലുമ്പോൾ ലോകം നിസ്സാരമെന്നു തോന്നുകയും, മാംസം വിറയ്ക്കുകയും ചെയ്യുന്നു.

"മറിയമേ! സ്വസ്തി!" എന്നു ഞാൻ ഹൃദയത്തിൽ ചൊല്ലുമ്പോൾ ഉള്ളിൽനിന്നു വിഷാദം നീങ്ങുകയും, ആനന്ദം അവിടെ നിറയുകയും ചെയ്യുന്നു.

"മറിയമേ! സ്വസ്തി!" എന്നു ഞാൻ ഹൃദയത്തിൽ ചൊല്ലുമ്പോൾ ഭക്തിമാന്ദ്യം അപ്രത്യക്ഷമാകയും, സ്നേഹം പുനരുത്ഭവിക്കയും ചെയ്യുന്നു.

"മറിയമേ! സ്വസ്തി!" എന്നു ഞാൻ ഹൃദയത്തിൽ ചൊല്ലുമ്പോൾ മനസ്താപമുളവാകയും, ഭക്തി വളരുകയും ചെയ്യുന്നു.

"മറിയമേ! സ്വസ്തി!" എന്നു ഞാൻ ഹൃദയത്തിൽ ചൊല്ലുമ്പോൾ പ്രത്യാശ വദ്ധിക്കയും, ആശ്വാസം സമൃദ്ധിയാകയും ചെയ്യുന്നു.

www.malankaralibrary.com

"മറിയമേ! സ്വസ്തി!" എന്നു ഞാൻ ഹൃദയത്തിൽ ചൊല്ലുമ്പോൾ ആത്മാവു മുഴുവനും ജ്വലിച്ചെരിയുകയും, സ്നേഹം ആർദ്രതമമാകയും ചെയ്യുന്നു.

ഈ സ്വസ്തിവചനത്തിൻെറ ശക്തിയും മാധുര്യവും വാക്കുകളാൽ പ്രകാശിപ്പിക്കുക സാധ്യമല്ല.

ആകയാൽ ഒ മറിയമേ! ഒ കന്യകാകുലതിലകമേ! ഒ 'പ്രസാദം' നിറഞ്ഞ അമ്മേ! വീണ്ടും ഞാനിതാ നിൻെറ സന്നിധിയിൽ മുട്ടുകുത്തി ബഹുമാനത്തോടും ഭക്തിയോടും കൂടെ ആവർത്തിച്ചാവർത്തിച്ചു ചൊല്ലുന്നു,

സ്വസ്തി! മറിയമേ! സ്വസ്തി! സ്നേഹം നിറഞ്ഞ ഈ അഭിവാദ്യം, അമ്മേ! നീ സ്വീകരിക്കുക. നിൻെറ സ്നേഹമടിയിൽ എന്നെയും സ്വീകരിക്കുക.

Discourse XXV).

www.malankaralibrary.com


രണ്ടാമദ്ധ്യായം

# മറിയത്തിൻെറ നേൎക്കുള്ള കടമകൾ

## I

മറിയത്തെ മാതാവായും, മദ്ധ്യസ്ഥയായും മാതൃകയായും തിരഞ്ഞുകൊള്ളുവാൻ സർവ്വ പ്രധാനമായി കരുതുക. മാലാഖായുടെ അഭിവാദ്യം ദിനംപ്രതി അവൾക്കു സമർപ്പിക്കുക; മറെറല്ലാ സ്തുതിവചനങ്ങളെയും കാൾ അതാണ് അവൾക്കധികമിഷ്ടം!

വല്ലപ്പോഴും പിശാചു നിന്നെ പരീക്ഷിച്ച് മറിയദാസനടുത്ത കടമകളിൽ നിന്നു നിന്നെ പിന്തിരിപ്പിക്കുന്നതിനിടയായാൽ, സർവദാ അവളെ വിളിച്ചപേക്ഷിക്കുന്ന തഴക്കം ഒരിക്കലും നീ ഉപേക്ഷിക്കരുത്. മറിയത്തെ എപ്പോഴും ഓർക്കുക; ആ മധുരനാമം ആവൎത്തിച്ചാവൎത്തിച്ചു ചൊല്ലുക; മറിയത്തെ വണങ്ങുക; സകല കാര്യങ്ങളിലും മറിയത്തെ മഹത്വപ്പെടു

www.malankaralibrary.com



ള്ളുക; മറിയത്തിൻെറ സന്നിധിയിൽ സാഷ്ടാംഗം നമസ്കരിക്കുക; വീണ്ടും മറിയത്തിനാത്മാർപ്പണം ചെയ്യുക.

മറിയത്തോടൊന്നിച്ചു വസിക്കുക.
മറിയത്തോടൊന്നിച്ചു ധ്യാനിക്കുക;
മറിയത്തോടൊന്നിച്ചു സന്തോഷിക്കുക;
മറിയത്തോടൊന്നിച്ചു കരയുക;
മറിയത്തോടൊന്നിച്ചു വേലചെയ്യുക;
മറിയത്തോടൊന്നിച്ചു ദൈവസ്വരം ശ്രവിക്കുക;
മറിയത്തോടൊന്നിച്ചു അദ്ധ്വാനിക്കുക;
മറിയത്തോടൊന്നിച്ചു വിശ്രമിക്കുക;
മറിയത്തോടൊന്നിച്ച് ഈശോയെ കരങ്ങളിൽ വഹിക്കുക;
മറിയത്തോടൊന്നിച്ചു നസ്രസിൽ വസിക്കുക.
മറിയത്തോടൊന്നിച്ചു ജെറുസലത്തു പോകുക;

www.malankaralibrary.com


മറിയത്തോടൊന്നിച്ച് ഈശോയെ
അന്വേഷിക്കുക;
മറിയത്തോടൊന്നിച്ച് കുരിശിൻെറ
ചുവട്ടിൽ നില്ക്കുക;
മറിയത്തോടൊന്നിച്ച് ഈശോയെ
നോക്കി കരയുക;
മറിയത്തോടൊന്നിച്ച് ഈശോയെ
പ്രതി കരയുക;
മറിയത്തോടൊന്നിച്ച് ഈശോയെ
കല്ലറയിൽ അടക്കുക
ഈശോയോടും മറിയത്തോടുമൊന്നിച്ച്
ഉയിർത്തെഴുന്നേല്ക്കുക;
ഈശോയോടും മറിയത്തോടുമൊന്നിച്ച്
സ്വർഗ്ഗത്തേക്കുയരുക;
ജീവിതത്തിലും മരണത്തിലും മറിയ
ത്തോടൊന്നിച്ച് ജീവിക്കുക.

## II

ഈ വിധം ചിന്തിക്കാനും പ്രവർത്തിക്കാനും
അഭ്യസിക്കുന്നെങ്കിൽ, വളരെ വേഗം നീ

www.malankaralibrary.com

പുണ്യപൂർണ്ണതയിൽ പുരോഗമിക്കും. മറിയം നിന്നെ സർവശക്തിയോടുംകൂടെ സംരക്ഷിക്കും; കരുണാനിധിയായ ഈശോ നിന്റെ അപേക്ഷകൾ എല്ലാം ശ്രവിക്കയും ചെയ്യും.

നമ്മുടെ സൽകൃത്യങ്ങൾ നിസ്സാരമാണ്; അവയ്ക്കൊരു വിലയുമില്ല; എന്നാൽ മറിയത്തോടൊന്നിച്ച് അവ ചെയ്യുന്നതായാൽ, നമ്മുടെപിതാവായദൈവത്തിൻപക്കലേക്കു നാം ക്രമേണ ഉയരും; അങ്ങേപ്പക്കൽ ആശ്വാസവും സന്തോഷവും നാം അനുഭവിക്കയും ചെയ്യും.

ഈശോയേയും മറിയത്തേയും ഭക്ഷണസമയത്ത് അതിഥികളായും, വിഷമങ്ങളിൽ ആശ്വാസ സംദായകരായും, ആപത്തുകളിൽ സഹായകരായും, സംശയങ്ങളിൽ ആലോചനക്കാരായും, മരണത്തിൽ സംരക്ഷകരായും കരുതുവാൻ അഭ്യസിക്കുന്നവൻ ഭാഗ്യവാൻ.

www.malankaralibrary.com


ഭൗമികജീവിതം വിദേശവാസമെന്നും, സ്വർഗ്ഗത്തേയ്ക്കുള്ള പ്രയാണമെന്നും കരുതി ഈശോയെ സഹചരനും, മറിയത്തെ സങ്കേതവും ആക്കുന്നവൻ ഭാഗ്യവാൻ.

## III

### ജപം

ഒ എന്റെ അമ്മേ! മഹാ ശരണത്തോടെ ഞാനിതാ നിന്റെ പക്കലണയുന്നു, ഗബ്രിയേൽ മാലാഖാ ഒരിക്കൽ നിന്റെ മുമ്പിൽ വന്നു മുട്ടുകുത്തി 'മറിയമേ! സ്വസ്തി! കർത്താവു നിന്നോടുകൂടെ' എന്നു ഭക്തിപൂർവ്വം ചൊല്ലി നിന്റെ കന്യാത്വത്തെ വാഴ്ത്തിയപ്പോൾ നീ അനുഭവിച്ച മഹാ സന്തോഷത്തെ ഞാനിപ്പോൾ നിന്നെ അനുസ്മരിപ്പിക്കയും അനുഭവിപ്പിക്കയും ചെയ്യുന്നു.

ഹൃദയപൂർവം എന്റെ കഴിവുപോലെ സകല വിശ്വാസികളുടെയും സ്വരത്തോടുകൂടെ, അമ്മേ! ആ അഭിവാദ്യം ഞാനിപ്പോൾ വീണ്ടും നിനക്കു സമർപ്പിക്കുന്നു.

www.malankaralibrary.com

സകല സൃഷ്ടികളും മുഴുഹൃദയത്തോടും, സർവശക്തിയോടും എന്നോടൊന്നിച്ചു പാടട്ടെ.

"പ്രസാദപൂൎണ്ണയായ മറിയമേ! സ്വസ്തി! കൎത്താവു നിന്നോടുകൂടെ. അമ്മേ! സകല സ്ത്രീകളിലും നീ വാഴ്ത്തപ്പെട്ടവളാകുന്നു. നിൻെറ ഉദരഫലമായ ഈശോയും ഭൂമിയിലും സ്വൎഗ്ഗത്തിലും ഇന്നും എന്നും വാഴ്ത്തപ്പെട്ടവനാകുന്നു."

(Soliloquy of the Soul, ch. XVIII).



www.malankaralibrary.com

മൂന്നാമദ്ധ്യായം

# ഒരുത്തമ മരിയദാസൻെറ സൽഗുണങ്ങളും സുകൃതങ്ങളും

## I

മരിയത്തിനു പ്രസാദകരമായ സുകൃതങ്ങൾ ചെയ്യാൻ നീ ആഗ്രഹിക്കുന്നുണ്ടോ ?

എന്നാൽ എളിമ, ക്ഷമ, ശുദ്ധത, അടക്കം, വിനയം തീക്ഷ്ണത എന്നിവ പരിശീലിക്കുക; ബാഹ്യകാര്യങ്ങളിൽ അത്ര ശ്രദ്ധിക്കാതെ ആന്തരികമായി ജീവിക്കുക.

എഴുത്ത് വായന മുതലായ ജോലികളിൽ സദാ ഏർപ്പെട്ടിരിക്കുക; എന്നാൽ അവയിലെല്ലാം നിരന്തരം പ്രാർത്ഥിക്കാൻ നീ ഒരിക്കലും വിസ്മരിക്കരുത്.

മരിയസ്തുതിക്കുള്ള ഭക്തികൃത്യങ്ങൾ ദീർഘവും ശ്രമകരവുമായി നിനക്കു തോന്നരുത്; പ്രത്യുത സർവദാ ആനന്ദപൂർണ്ണവും സന്തോഷകരവും, ഉന്മേഷഭരിതവുമായിരിക്കണം.

www.malankaralibrary.com


ഹൃദയംകൊണ്ടും മനസ്സുകൊണ്ടും ഈ മഹാരാജ്ഞിക്കു ശുശ്രൂഷചെയ്യുന്നതു ഭക്തിപരവും, രക്ഷാകരവുമായ ഒരു സൽകൃത്യമാണു്.

സ്നേഹത്തോടും, സ്വതന്ത്രമായും, ഭക്തിപൂർവ്വം സമർപ്പിക്കുന്ന ഏറ്റം വിനീതമായ കാഴ്ചകൾ, അത്യന്തം ആഡംബരത്തോടുകൂടെ സമർപ്പിക്കുന്നവപോലെ അവൾക്കു പ്രീതികരങ്ങളാണു്.

നമുക്കു നല്കാൻ കഴിയുന്നതു് എത്ര അല്പമെന്നവൾക്കറിയാം; അസാധ്യകാര്യങ്ങൾ കുഞ്ഞുമക്കളിൽനിന്നു് അവൾ പ്രതീക്ഷിക്കുന്നില്ല.

കാരുണ്യപൂർവം ഭരിക്കുന്ന സൗമ്യയായ ഈ മഹാരാജ്ഞി സർവോപരി അമ്മയാണു്. കരുണാനിധിയായ ഈശോയെ ലോകത്തിനു നല്കിയ ഈ അമ്മയുടെ മുഖ്യമായ കർത്തവ്യം അല്പന്മാരോടും അഗതികളോടും സഹതാപം പ്രദർശിപ്പിക്കുക എന്നതാകുന്നു.

www.malankaralibrary.com


## II

ആകയാൽ ഈശോയെ വിളിച്ചപേക്ഷി ക്കുവാൻ തഴങ്ങുക; എന്നാൽ ആത്മാവിനും ശരീരത്തിനുമടുത്ത സകല ആപത്തുകളിലും നിനക്കു സഹായം ലഭിക്കും.

സുഖസന്തോഷങ്ങളിലെല്ലാം ഈശോ നിൻെറ ഹൃദയത്തിലുണ്ടായിരിക്കട്ടെ; എന്നാൽ ദുഃഖസങ്കടങ്ങൾ നിന്നെ വിഷാദി പ്പിക്കയില്ല.

"നന്മനിറഞ്ഞ മറിയമേ!" എന്ന ജപം കൂടെക്കൂടെ ചൊല്ലുക. സന്തോഷവും സമാ ധാനവും അതിൽ നീ കണ്ടെത്തും. "ആകാ ശങ്ങളിലിരിക്കുന്ന" ജപത്തേക്കാൾ കൂടുതൽ മനോഹരമായ പ്രാർത്ഥന വേറെയില്ല; "നന്മ നിറഞ്ഞ മറിയ"ത്തേക്കാൾ മാധുര്യം നിറ ഞ്ഞതും മറെറാന്നുമില്ല.

മറിയത്തിൻെറ സന്നിധിയിൽനിന്നു മാ ലാഖാ പ്രാർത്ഥിച്ചതുപോലെ നീ പ്രാർത്ഥി

www.malankaralibrary.com

ക്കുക; വിശ്വസ്തഭൃത്യനെപ്പോലെ അദ്ധ്വാനി ക്കുക; എന്നാൽ നിനക്കു സ്വർഗ്ഗത്തിൽ സമ്മാനവും സ്ഥാനവും ലഭിക്കും.

പ്രാത്ഥനകൊണ്ടാത്മാവിനെ പോഷി പ്പിക്കുവാനും, ദൈവവചനമായ വേദവാ ക്യങ്ങൾ ഉപയോഗിച്ചു പ്രാത്ഥിക്കുവാനും അഭ്യസിച്ചിട്ടുള്ളവനു ഭക്തിമാന്ദ്യം ഒരിക്ക ലുമുണ്ടാകയില്ല.

ഹൃദയത്തിലും, അധരങ്ങൾ കൊണ്ടും ഈ ശോ-മറിയം എന്ന തിരുമാനങ്ങളെ വണ ങ്ങുവാൻ നിരന്തരം ഉത്സാഹിക്കുക.

III

എവിടെ പോയാലും എന്തെല്ലാം ചെ യ്താലും ഈശോയോടപേക്ഷിക്കുക; മറിയ ത്തെ വിളിച്ചപേക്ഷിക്കുക.

ജീവിതനിയമവും ആപൽസഹായവുമെ ന്നവണ്ണം സദാ ചൊല്ലുക. "കത്താവേ! അങ്ങെ തിരുസന്നിധിയിലേക്ക് എൻെറ കാലടികളെ നയിക്കുക." (സങ്കീ. 5. 9).

www.malankaralibrary.com


ഈശോയേയും മറിയത്തേയും ഹൃദയത്തിൽ വഹിക്കുന്നവൻ സദാ നല്ലവണ്ണം അദ്ധ്വാനിക്കയും ഉചിതമായി പെരുമാറുകയുംചെയ്യും.

ഈ രണ്ടു തിരുനാമങ്ങളും പാടുക; ഹൃദയത്തിൽ പാടുക; നാവുകൊണ്ടു പാടുക; കൈകൾകൊണ്ടു പാടുക.

നിൻെറ കണ്ണുകൾ അവയെ ആരായട്ടെ; നിൻെറ ഹൃദയം അവയിൽ ആശ്രയിക്കട്ടെ; നിൻെറ കരങ്ങൾ അവയെ ആശ്ലേഷിക്കട്ടെ; നിൻെറ മുട്ടുകൾ അവയെ ആരാധിക്കട്ടെ.

## IV

### ജപം

ഓ മറിയമേ! ഓ കരുണ നിറഞ്ഞ അമ്മേ! കഷ്ടതകളിൽ ആശ്വാസമില്ലാതെ അലയുന്ന നിൻെറ ദാസനെ ആശ്ലേഷിച്ചു സ്വീകരിക്കേണമെ.

ഓ മഹാരാജ്ഞി! എൻെറ വ്യസനത്തെ നിരീക്ഷിച്ച്, ആശ്വാസനിലയമായ നിന്റെ വിമലഹൃദയം എനിക്കു നീ തുറന്നു തരേണമെ.

www.malankaralibrary.com



എൻെറ ദുരവസ്ഥ വിവരിച്ചു ഞാനപേക്ഷിക്കുന്നു; അമ്മയ്ക്കെൻെറമേൽ ദയ തോന്നുന്നതുവരെയും, പ്രാൎത്ഥന നിറുത്തി അമ്മയുടെ പക്കൽനിന്നു ഞാൻ പോകയില്ല.

അമ്മേ! നിൻെറ അന്യാദൃശമായ മാധുൎയ്യഗുണമെനിക്കറിയാം. നിൻെറ അത്യുൽകൃഷ്ടമായ ഹൃദയത്തിലെ മാതൃസ്നേഹത്തിൻെറ ജ്വാലകളും ഞാൻ കാണുന്നുണ്ടു്. എൻെറ ശരണത്തെ ആകൎഷിക്കുന്നതിനും ദൃഢമാക്കുന്നതിനുമാണു് അതിൽനിന്നു സ്നേഹധാര വഴിഞ്ഞൊഴുകുന്നതെന്നും എനിക്കു ബോധ്യമുണ്ടു്.

ഒ എൻെറ അമ്മേ! ഞാൻ നിന്നിൽ ആശ്രയിക്കുന്നു; സുഖത്തിലും ദുഃഖത്തിലും നിൻെറ ജാഗ്രതയുള്ള മാതൃസംരക്ഷണം എനിക്കു വേണം; അമ്മേ! നീ ചൊല്ലിത്തരുന്ന ആശ്വാസവചനങ്ങൾ സശ്രദ്ധം ഞാൻ കേട്ടുകൊള്ളാം.

(The Valley of Lilies, ch. XIII.)

www.malankaralibrary.com

നാലാമദ്ധ്യായം

# മറിയത്തിൻെറ മഹോന്നത മഹിമകൾ

I

ഭൂമിയുടെ ശൂന്യതയെ വിട്ട് പറുദീസാ യുടെ പരമാനന്ദത്തിൽ മുഴുകി ഉയർന്നുവരു ന്ന ഇവൾ ആരാണ്?

ഓ മറിയമേ! സ്വർഗ്ഗത്തെയും വെല്ലുന്ന പ്രതാപവതീ! വിശ്വം നിൻെറ പാദപീഠ മാകുന്നു; ഈശോ നിനക്കു നല്കിയ ഉന്നത സിംഹാസനത്തിൽ ദൈവത്തിന്റെ പാർശ്വ വർത്തിനിയായി നീ പരിലസിക്കുന്നു.

കരുണാപ്രവാഹിനികളെയെല്ലാം അതി ശയിക്കുന്ന കാരുണ്യവാരിധീ! നീ എന്നെ ആകർഷിക്കുന്നു; എന്തെന്നാൽ നീ ക്ലേശി തർക്കു സഹായവും ആശ്വാസവുമാകുന്നു.

അമ്മേ! ആശ്വാസവും ശക്തിയും എനി ക്കാവശ്യമുണ്ട്, അതിലുമധികം നിൻെറ

www.malankaralibrary.com

ദിവ്യപുത്രന്റെ 'പ്രസാദം' എനിക്കു വേണം; അതുകൂടാതെ യാതൊന്നും നിർവഹിക്കാൻ എനിക്കു സാധിക്കയില്ലെന്നു് എനിക്കു നിശ്ചയമുണ്ടു്.

ഒ എന്റെ അമ്മേ! നീ വിചാരിക്കുന്നെങ്കിൽ എന്നെ ഉത്കൃഷ്ടനാക്കാൻ നിനക്കു കഴിവുണ്ടു്; എന്നെ സഹായിക്കാൻ നിനക്കു ശക്തിയുണ്ടു്; എനിക്കു വേണ്ടുവോളം ആശ്വാസം നല്കാനും നിനക്കു സാധിക്കും.

പ്രലോഭനങ്ങൾ എന്നെ വലയം ചെയ്യുന്നു; അനുകമ്പയും സഹായവും പ്രാപിക്കാൻ ഞാനിതാ നിന്റെ പക്കലെണയുന്നു.

നിന്റെ മഹിമപ്രതാപത്തെ നിനച്ചുകൊണ്ടു സ്തുതിയും ബഹുമാനവും നിനക്കു സമർപ്പിക്കാൻ ഞാനുദ്യമിക്കയിൽ, സ്നേഹമാണു നിന്നെ സമീപിക്കാൻ കൂടുതൽ ആവശ്യമെന്നു് എനിക്കു തോന്നുന്നു.

നിനക്കു യോഗ്യമായ സ്തുതികൾ സമപ്പിക്കാൻ എനിക്കു ശേഷിയില്ല; യാചനകൾ മാത്രമാണെന്റെ നാവിന്മേൽ വരുന്നതു്.

വണക്കമില്ലാതെ നിൻെറ സന്നിധിയിൽ വരുന്നവൻ അന്ധാളിച്ചുപോകും; ആകയാൽ സ്നേഹമുള്ള അമ്മേ! നിൻെറ കരുണയും സഹായവും പ്രാപിക്കാൻവേണ്ടി വണക്കത്തോടും എളിമയോടുംകൂടെ ഉറപ്പുള്ള നിന്റെ സങ്കേതം ഞാൻ തേടുന്നു.

ഓ മറിയമേ! വണക്കത്തോടും, സ്നേഹത്തോടും, ശരണത്തോടും കൂടെയാണു ഞാൻ നിന്റെ സന്നിധിയിൽ വരുന്നതു്; മാലാഖാ നിനക്കു സമർപ്പിച്ച സ്തുതി ഞാനെൻെറ സ്വന്തമാക്കി, മുട്ടിന്മേൽ നിന്നു നിനക്കു സമർപ്പിക്കുന്നു.

കൈകൾ വിരിച്ചുയർത്തിക്കൊണ്ടു് ആയിരമായിരം പ്രാവശ്യം ഞാനിതുപാടി നിനക്കു സമർപ്പിക്കുന്നു. ഇതു ചൊല്ലുന്ന മറ്റെല്ലാവരും, എനിക്കുവേണ്ടിയും ,ഇതു നിനക്കു കാഴ്ച വെക്കണമെന്നു ഞാനാഗ്രഹിക്കുന്നു. ഇതിലധികം വിശിഷ്ടമായി നിനക്കു തരുവാൻ എനിക്കൊന്നുമില്ല.

www.malankaralibrary.com

# III

## ജപം

സകല മാതാക്കളേയുംകാൾ സ്നേഹത്തിന്നർഹയായ അമ്മേ! ചിലപ്പോളൊക്കെ ഞാൻ നിന്നെ മറന്നുപോയിട്ടുണ്ടെങ്കിൽ ഇന്നു ഞാനതോൎത്തു ദുഃഖിച്ചു കരയുന്നു.

എന്നാൽ അമ്മേ! നീ എന്നെ ഒരിക്കലും മറക്കരുതേ. ഈശോസ്സു ജീവൻ നൽകിക്കൊണ്ടു് കരുണയുടെ അമ്മയായതു നീ മാത്രമാണല്ലോ.

അത്യന്തം പ്രീതിയോടെ എന്റെ സ്തുതിഗീതം നീ ശ്രവിക്കുന്നതിനുവേണ്ടി, ഞാനിതാ മുട്ടുകുത്തി കൈകൂപ്പി, തല കുനിച്ചു്, സാഷ്ടാംഗം വീണു നിന്നെ വാഴ്ത്തുന്നു. മറിയമേ സ്വസ്തി!

ഞാൻ നിന്നെ സ്തുതിക്കുന്നു; എന്റെ സ്തുതിഗീതം നിരന്തരം ആവൎത്തിക്കാൻ ആഗ്രഹിക്കുന്നു; "നന്മ നിറഞ്ഞ മറിയമേ! നിനക്കു

www.malankaralibrary.com

സ്വസ്തി! കർത്താവു നിന്നോടുകൂടെ സകല സ്ത്രീകളിലും നീ വാഴ്ത്തപ്പെട്ടവളാകുന്നു. നിന്റെ ഉദരഫലമായ ഈശോയും വാഴ്ത്തപ്പെട്ടവനാകുന്നു."

(Soliloquy of the Soul ch. XXIII).



www.malankaralibrary.com

അഞ്ചാമദ്ധ്യായം

# മറിയത്തോടുള്ള നമ്മുടെ കടമകൾ

## I

എൻെറ മകനേ, മറിയത്തിൻെറ മാതൃകയനുസരിച്ചു ദൈവത്തെ അന്വേഷിക്കാൻ ഇനിയും നീ പഠിക്കേണ്ടതുണ്ട്.

അവളുടെ വല്ലഭമേറിയ സഹായത്തെ നീ ആശ്രയിക്കണം; സ്വന്തകഴിവുകളെക്കുറിച്ചു ശങ്കയുണ്ടായിരിക്കണം; എന്തെന്നാൽ ദുർവ്വികാരങ്ങളുടെ പ്രലോഭനങ്ങളാൽ നിനക്ക് അധഃപതനമുണ്ടാകാൻ പാടുണ്ട്.

എല്ലാ ദിവസവും സച്ചിന്തകളെ പുനരുജ്ജീവിപ്പിച്ച് ആത്മവിസ്മൃതിയിൽ, ഹൃദയാഭിലാഷത്തെ സ്വർഗ്ഗത്തേയ്ക്കുയർത്തുക. അവിടെ മോക്ഷവാസികളുടെ മദ്ധ്യത്തിൽ സ്വർഗ്ഗരാജനായ ഈശോയുടെ അടുത്ത് നിൻെറ അമ്മയും നാഥയുമായ മറിയത്തെ ധ്യാനിക്കുക.

www.malankaralibrary.com


എന്നാൽ കഷ്ടമെ! മിക്കപ്പോഴും നമ്മുടെ ബലഹീനത നിമിത്തം കണ്ണുനീരിന്റെ ഈ താഴ്‌വരയിൽതന്നെ അലഞ്ഞുതിരിയുകയാണ് നാം ചെയ്യുന്നത്.

അങ്ങിനെയുള്ള സന്ദർഭങ്ങളിലാണു കരുണയുടെ മാതാവായ മറിയത്തിന്റെ പക്കലേക്ക് അഭയശബ്ദമുയർത്തുവാൻ നാം ഉത്സാഹിക്കേണ്ടത് അത്യാവശ്യമായി വരുന്നത്. ഈശോയ്ക്കു തൃപ്തികരമാം വണ്ണം അവിടുത്തെ സ്തുതിക്കുവാൻ നമുക്കാവശ്യമുള്ള തീക്ഷ്ണതയെന്ന വീഞ്ഞും, ഭക്തിചൈതന്യമെന്ന പരിമളവും നമുക്കില്ലെന്നു നമ്മുടെ അമ്മ ദിവ്യപുത്രനോടു പറയും.

തന്റെ തിരുനാമത്തെ പ്രതിയും, സുവിശേഷത്തെ പ്രതിയും, തന്നെ പ്രസാദിപ്പിക്കുന്നതിനുവേണ്ടിയും, ലോകത്തെ വെറുക്കയും ലോകത്താൽ വെറുക്കപ്പെടുകയും ചെയ്യുന്നവരെ സഹായിക്കാൻ ഈശോയല്ലാതെ വേറെ ആരും യഥാർത്ഥത്തിൽ ഉത്സാഹിക്കയില്ല.

www.malankaralibrary.com

II

കഷ്ടതകളാകുന്ന കൊടുങ്കാറ്റിന്റെ കോളിളക്കങ്ങളിൽ നിന്നു സുരക്ഷിതമായ ഒരഭയസ്ഥാനം എവിടെയുണ്ടെന്നറിയുന്നതു പലപ്പോഴും വളരെ പ്രയോജനകരമാണ്.

മറിയത്തിന്റെ സ്നേഹമടിയേക്കാൾ അധികം ഭദ്രവും പ്രശാന്തവുമായ സ്ഥലം വേറൊന്നില്ല. ബലിഷ്ഠമായ ഒരു കോട്ടയാണതു്. എരിവേറിയ ഒരു സുകൃതജപം, ശത്രുവിന്റെ മർദ്ദനങ്ങളിൽനിന്നു മോചിപ്പിച്ചു് അതിശീഘ്രം ആ കോട്ടയ്ക്കുള്ളിലേക്കു നമ്മെ വഹിച്ചുകൊണ്ടു പോകും.

അന്ധകാരപ്രഭുവിനെ ഓടിച്ചുകളയുവാൻ വേണ്ടി, പടച്ചട്ടയെന്നവണ്ണം മാംസം ധരിച്ചിറങ്ങുവാൻ ഈശോ പ്രവേശിച്ചതു് അവിടെത്തന്നെയാണെന്നു നാം വിസ്മരിക്കരുതു്.

നമ്മെ ആക്രമിക്കുന്നവരിൽനിന്നു രക്ഷപ്രാപിക്കുവാൻ നാമും അതിൽതന്നെ അഭയം തേടണം.

www.malankaralibrary.com


പരിശുദ്ധകന്യകയുടെ കാപ്പുസ്സുള്ളിൽ വസിക്കുക; മാതൃമസൃണമായ അവളുടെ കരങ്ങൾ നിന്നെ സംരക്ഷിക്കും.

മറിയത്തിന്റെ പ്രാർത്ഥന ദുഷ്ടശത്രുവിന്റെ നശീകരണസമാരംഭങ്ങളെ പരാജയപ്പെടുത്തും. പെട്ടെന്നുണ്ടാകുന്ന ആപത്തുകളിലും അവളുടെ സഹായം ഉടനെ അനുഭവപ്പെടും.

പരിഭ്രമിക്കുന്നവനു ഭദ്രതയും, പരിത്യക്തനു് ആലംബവും അവളുടെ പക്കലുണ്ടു്.

ഈവിധ സഹായങ്ങൾ പ്രാപിക്കാൻ നിനക്കു സാധിക്കുന്നെങ്കിൽ അതു വലിയൊരനുഗ്രഹം തന്നെയാണു്; സമസ്തകാര്യങ്ങളിലും പരിശുദ്ധ കന്യകാമറിയത്തെ പ്രസാദിപ്പിക്കുവാൻ ശ്രമിക്കുക. എന്നാൽ ഈ ലോകത്തിൽ അവളുടെ'പ്രസാദ'വും, പരലോകത്തിൽ സകല വിശുദ്ധന്മാരോടുംകൂടെ ഈശോയുടെ മഹത്വവും നിനക്കു ലഭിക്കും.

www.malankaralibrary.com



ഒരിക്കലും വേർപിരിയാതെ അവളോടൊന്നിച്ചു വസിക്കുക. സ്വർഗ്ഗപ്രവേശത്തിനുതകുന്ന ഒരാശിസ്സു ലഭിക്കുന്നതുവരെയും അവളുടെ അരികിൽനിന്നകലരുത്.

## III

### ജപം

ഓ മറിയമേ! കരുണ നിറഞ്ഞ നാഥേ! നിഷ്കളങ്കമായ സ്നേഹത്തോടും ഹൃദയത്തുടിപ്പോടുംകൂടെ നിന്റെ തൃപ്പാദത്തുങ്കൽ ഞാൻ നില്ക്കുന്നു. നിന്നിൽ വേണ്ടുന്ന ആശ്രിതബോധം എന്റെ ഹൃദയത്തിൽ വളർത്തുക.

ഭയം എന്നെ പിന്തുടരുന്നു; സംഭ്രമം എന്നെ ആക്രമിക്കുന്നു; പ്രലോഭനങ്ങളുടെയിടയിൽ നിരാശത എന്നെ അരിച്ചു ഭക്ഷിക്കുന്നു, എനിക്കൊരാശ്വാസം മാത്രമേയുള്ളൂ. അതായത്, നിന്റെ സഹായം ഞാനപേക്ഷിക്കുന്നുണ്ടെന്നതുമാത്രം. അമ്മേ! നിന്റെ ഹൃദയത്തിൽ ഞാൻ പൂർണ്ണമായി ആശ്രയിക്കുന്നു.

(Monastic Enchiridion ch. IV).

www.malankaralibrary.com

ആറാമദ്ധ്യായം

# മറിയത്തിൻെറ ശക്തിയും വല്ലഭത്വും

I

മറിയം വാഗ്ദാനങ്ങളിൽ വിശ്വസ്തയും ഭക്തദാസന്മാക്ക ദാനങ്ങൾ നൽകുന്നതിൽ ഉദാരമതിയുമാണ്.

മാലാഖമാരുടെ സ്തോത്രഗീതങ്ങൾ അനുഭവിച്ചാനന്ദിക്കുന്നതിനിടയിൽ മനുഷ്യരുടെ വണക്കങ്ങളേയും അവൾ ആദരിക്കുന്നു.

നിർഭാഗ്യവാന്മാരുടെമേൽ മനസ്സലിഞ്ഞ് അവൾ കണ്ണുനീർ ചിന്തുന്നു; പീഡിതരുടെ ക്ലേശങ്ങളിൽ സഹതപിക്കുന്നു; പ്രലോഭനങ്ങളെ ജയിക്കാൻ സഹായിക്കുന്നു; അർത്ഥികൾക്കെല്ലാം എപ്പോഴും ആശിസ്സരുളുന്നു.

ആശ്രിതബോധത്തോടും ഭക്തിയോടുംകൂടെ അവളുടെ പക്കൽ ആശ്വാസം തേടുന്നവരും,

www.malankaralibrary.com



അവളുടെ തിരുനാമം വിളിച്ചപേക്ഷിക്കുന്നവരും ധാരാളം ആശ്വാസം പ്രാപിക്കുന്നു.

അവൾ മാലാഖമാരുടെ രാജ്ഞിയാകയാൽ കഷ്ടപ്പെടുന്നവരെ ചെന്നു സഹായിക്കാൻ അവർക്കു കല്പന കൊടുക്കുന്നു.

അതുപോലെതന്നെ പിശാചുക്കളുടെ മേലും അധികാരമുള്ളതിനാൽ സ്വദാസന്മാരെ ഉപദ്രവിക്കാതെ തടയാനും അവൾക്കു കഴിവുണ്ട്.

വിശ്വാസികൾക്കെല്ലാം ആനന്ദകരമായ മറിയമെന്ന പരിശുദ്ധനാമം ഉഗ്രതാപമാണവററകൾക്കു വരുത്തുന്നതു്. അതു കേട്ടു കഴിയുമ്പോൾതന്നെ അവർ നടുങ്ങിവിറയ്ക്കും പിന്നെ നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടാനോ, വഞ്ചന നിറഞ്ഞ തന്ത്രങ്ങൾ തുടരാനോ ഒരിക്കലും തുനിയുകയില്ല.

ആ തിരുനാമം മുഴങ്ങുന്നതുകേട്ടാലുടൻ ദുഷ്ടാത്മാക്കൾ സംഭ്രമിച്ചു നിലംപതിക്കും; ഇടിനാദം കൊണ്ടെന്നപോലെ വിരണ്ടോടും.

www.malankaralibrary.com


ഭക്തിവിശ്വാസത്തോടെ എത്രയധികം പ്രാവശ്യം ഈ തിരുനാമം നാം ഉച്ചരിക്കുന്നുവോ അത്രയധികം വേഗം പിശാചുക്കൾ നമ്മെ വിട്ടകന്നുപോകും.

## II

മറിയമെന്ന പരിശുദ്ധനാമത്തെ സദാ നേരവും സ്നേഹിക്കേണ്ടതു് അതിപരിശുദ്ധമായ നമ്മുടെ കടമയാണു്.

അതു സകല വിശ്വാസികളുടെയും വണക്കത്തിനു വിഷയമാകണം. സന്യാസികൾക്കു ധ്യാനവിഷയവും, ലൗകികർക്കു ഭക്തചിന്തയും, പ്രബോധകർക്കു പ്രസംഗവിഷയവും, പീഡിതർക്കു് ആശ്വാസവും, ആപത്തിൽ രക്ഷയും.

മറിയം ദൈവത്തോടേററം സമീപസ്ഥയാണു്; ദൈവപുത്രന്നു് ഏററം പ്രിയമുള്ളവളാണു്; ആദത്തിൻെറ നിർഭാഗ്യസന്തതികൾക്കുവേണ്ടി പാപപ്പൊറുതിയും, പുണ്യയോഗ്യതകളും, പ്രാർത്ഥിച്ചു പ്രാപിക്കാൻ അവൾ സർവശക്തയുമാണു്.

www.malankaralibrary.com


ജീവിതത്തിന്റെ എല്ലാ തുറകളേയും പരാമർശിച്ച ദിവ്യപുത്രന്റെ സന്നിധിയിൽ കുറ്റക്കാർക്കുവേണ്ടി അവൾ കരുണയപേക്ഷിക്കുന്നു.

അവളുടെ സ്ഥാനമഹിമ നിമിത്തം ഈശോയുടെ പ്രാർത്ഥനപോലെതന്നെ അവളുടേതും ഫലസിദ്ധിയുള്ളതാണ്.

ആകയാൽ, ലോകജീവിതത്തിൽ ആത്മനാശം സംഭവിക്കാതെ നിത്യ തുറമുഖത്ത് സുരക്ഷിതമായി എത്തിച്ചേരുവാൻ ആഗ്രഹിക്കുന്ന ഭക്താത്മാക്കളേ, നിങ്ങളെല്ലാവരും മറിയത്തിന്റെ പക്കൽ അഭയം തേടുക.

മാതാവിൽ നിന്നു നമുക്കു വളരെയധികം പ്രതീക്ഷിക്കാറുന്നതാണ്; നമ്മിൽ നിന്നെല്ലാം വളരെ ഉന്നതത്തിൽ സ്ഥിതിചെയ്യുന്നെങ്കിലും, നമ്മിലേററം ഹീനരായവരുടെയും സഹായത്തിനു വരുവാനും, നിർഭാഗ്യരുടെ മദ്ധ്യസ്ഥയെന്നു വിളിക്കപ്പെടുവാനും ആവൾ താല്പര്യപ്പെടുന്നു. അനാഥരുടെ അമ്മയെന്നു വിളിക്കുന്നതാണ് കൂടുതൽ ഇഷ്ടം.

www.malankaralibrary.com


# III

## ജപം

ഓ മറിയമേ! സൗമ്യതയും സ്നേഹവും നിറഞ്ഞ അമ്മേ! കപ്പൽനാശം സംഭവിച്ച യാത്രികന്നു് ഉന്മേഷം നല്കി സമാധാനത്തിൻെറ തുറമുഖത്തേക്കാനയിക്കുന്ന സമുദ്രതാരമാകുന്ന നീ.

ഓ മറിയമേ! എൻെറ പ്രാർത്ഥന നിൻെറ പക്കലേയ്ക്കുയരട്ടെ. ഓ എനിക്കേററം പ്രിയമുള്ള സ്വർഗ്ഗരാജ്ഞീ! എൻ്റെ ആശകളാകുന്ന അഗ്നിജ്വാലകൾ നിന്നെ ലക്ഷ്യമാക്കി ഉയന്നെരിയട്ടെ. നിൻ്റെ ദിവ്യപുത്രൻ്റെ വിധിസിംഹാസനത്തിൻമുമ്പാകെ എനിക്കുവേണ്ടി മദ്ധ്യസ്ഥമപേക്ഷിക്കേണമെ; എന്തെന്നാൽ അവിടുത്തെ സാന്നിധിതിൽ ആരും നിഷ്കളങ്കരല്ല.

(Sermons to the Novices, XXIII)

www.malankaralibrary.com

ഏഴാമദ്ധ്യായം

# മറിയത്തിൻെറ മാഹാത്മ്യവും വിശേഷവരങ്ങളും

## I

മറിയത്തിന്റെ മഹിമകളും ഉന്നതപദവികളും അല്പമെങ്കിലും ഗ്രഹിക്കണമെങ്കിൽ, ദൈവം അവളെ സ്വർഗ്ഗത്തിലുള്ള മാലാഖമാരേക്കാളും പുണ്യവാന്മാരേക്കാളും, ഭൂമിയിലുള്ള സകല മനുഷ്യരേക്കാളും ഉയർത്തി അലങ്കരിച്ച അത്യുന്നത വിശേഷവരങ്ങളെന്തെല്ലാമെന്നു സൂക്ഷിച്ചു പഠിക്കണം.

മറിയം പരിശുദ്ധകന്യകയാണ്; അവൾ സ്നേഹമാതാവാണ്. ആകയാൽ ലോകമെങ്ങും തിരുസ്സഭ അവളെ പാടി സ്തുതിക്കുന്നു: "ഓ പരിശുദ്ധ ദേവമാതാവേ! മാലാഖമാർക്കെല്ലാം മേലായി സ്വർഗ്ഗസിംഹാസനത്തിൽ നീ ഉയർത്തപ്പെട്ടിരിക്കുന്നു."

www.malankaralibrary.com


പൂർവപിതാക്കന്മാരുടെ ചരിത്രസംഭവങ്ങൾ അനുസ്മരിച്ചു പരിശോധിക്കുക; കാട്ടുചെടികളുടെയിടയിൽ മുള്ളില്ലാത്ത റോസച്ചെടിയെന്നവണ്ണം, കന്യകയും മാതാവുമായ മറിയംഅവരുടെ കുലത്തിലാണു പിറന്നതു്.

മിശിഹായുടെ ജനനവും മരണവും,
ജീവിത സംഭവങ്ങളും
പൂർവപിതാക്കന്മാരും, ദീർഘദർശിമാരും,

രാജാക്കന്മാരും, ന്യായാധിപന്മാരും,
പുരോഹിതന്മാരും, വേദശുശ്രൂഷികളും,
ആചാര്യന്മാരും, വേദശാസ്ത്രികളും വഴി
വചനങ്ങളാലും പ്രതിരൂപങ്ങളാലും
അത്ഭുതങ്ങളാലും മുൻകൂട്ടി അറിയിക്കപ്പെട്ടിരുന്നു.

അതുപോലെതന്നെ ദൈവനിശ്ചയപ്രകാരം പരിശുദ്ധ കന്യകയും പഴയ നിയമത്തിലെ

കീർത്തിപെട്ട കന്യകകളും,
വിഖ്യാതരായ മാതാക്കളും,
മാതൃകായോഗ്യരായ വിധവകളും,

www.malankaralibrary.com


പരിശുദ്ധമായി ജീവിച്ചിട്ടുള്ള
സകല സ്ത്രീരത്നങ്ങളും വഴി
മുൻകൂട്ടി അറിയിക്കപ്പെട്ടിരുന്നു.

## II

ലോകത്തിന്റെ ആരംഭംമുതൽ അവസാനം
വരെ എല്ലാക്കാലത്തും മറിയം
സകല കന്യകമാരിലും
ഏററവും പരിശുദ്ധയെന്നും,
സകല സ്ത്രീജനങ്ങളിലും
ഏററവും സുന്ദരിയെന്നും.
സകല പുത്രിമാരിലും
ഏററവും നിർമ്മലയെന്നും,
സകല പ്രഭ്വികളിലും
ഏററവും സൗമ്യയെന്നും,
സകല രാജ്ഞിമാരിലും
ഏററവും പ്രാഭവമുള്ളവളെന്നും,
വിശുദ്ധ ലിഖിതങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

www.malankaralibrary.com


കന്യാത്വത്തിന്നനുയുക്തമാത്ര
സർവാംഗസൗന്ദര്യവും,

സർവ്വസൽഗുണസമ്പൂർണ്ണതയുടെ കാന്തിയും,
ദൈവനിവേശിതമായ ബുദ്ധിശക്തിയും,
സ്നേഹോജ്ജ്വലമായ വിമലഹൃദയവും,

സുകൃതസമ്പൂർണ്ണതയും,
വിശുദ്ധിയുടെ സൽഫലങ്ങളെല്ലാം
സമ്മേളിച്ച് അതുല്യശോഭയോടെ
അവളിൽ സവിശേഷം വിളങ്ങി
പ്രശോഭിക്കുന്നു.

മറിയത്തെപ്പോലെതന്നെ അവൾക്കൊരു മുൻഗാമി ഒരിക്കലുമുണ്ടായിട്ടില്ല; അവൾക്കു തുല്യമായി ഇന്നാരുമില്ല; അവളോടു കിടനില്പുവാൻ ഇനി ആരുമുണ്ടാകയുമില്ല.

പഴയനിയമത്തിൽ ശ്ലേമോന്റെ ദേവാലയം ഏററവും അലംകൃതവും, അമൂല്യവും, പ്രശസ്തവുമായിരുന്നതുപോലെ, ഇപ്പോൾ ദൈവത്തിന്റെ യഥാർത്ഥ ആലയമായ മറിയം, മററു ദൈവഭവനങ്ങളായ വിശുദ്ധന്മാ

www.malankaralibrary.com

രെയെല്ലാം സർവോപരി അതിശയിക്കുന്നു. സാർവത്രികസ്നേഹത്തിന്നും, സർവമഹിമ പ്രതാപത്തിന്നും അവൾ മാത്രം അർഹ യായിരിക്കുന്നു

## III

### ജപം

ഒ മറിയമേ! നിർമ്മലകന്യകേ! വിൺ താരകേ! ലോകനാഥേ! സ്വർഗ്ഗരാജ്ഞീ! ഉൽ കൃഷ്ടങ്ങളായ വിശിഷ്ടഗുണങ്ങൾ പ്രാപിച്ചി ട്ടുള്ള വനിതാരത്നങ്ങളുടെയിടയിൽപോലും നിനക്കു തുല്യയായി ആരുമില്ല; എന്തെ ന്നാൽ നാകനിലയത്തെയും പരിവൃതരായ വരിൽ നീ സർവോന്നതയാണ്.

പിതാവായ ദൈവം, ലോകാരംഭത്തിന്നു മുമ്പുതന്നെ നിന്നെക്കാണുകയും, പുത്രൻെറ മാതാവാകുവാൻവേണ്ടി നിശ്ചിത സമ യത്തു നിന്നെ സൃഷ്ടിക്കുകയുംചെയ്തതുപോ ലെതന്നെ, ഇപ്പോഴും വാത്സല്യപൂർവം നിന്നെ കടാക്ഷിക്കുന്നുണ്ട്.

www.malankaralibrary.com


ഒ അവർണ്ണനീയമായ അത്ഭുതമേ! പ്രതീക്ഷക്കതീതമായ ആനന്ദമേ! സജീവദൈവത്തിൻെറ പുത്രൻ ലോകത്തിൻെറ രക്ഷയ്ക്കുവേണ്ടി നിൻെറ മകനായി ഭവിക്കുന്നു; നീ അവിടുത്തെ മാതാവും.

തൽഫലമായി, നീ ഞങ്ങളുടെ മദ്ധ്യസ്ഥയും, സർവലോകത്തിൻെറയും ഉദ്ധാരകയുമായിത്തീരുന്നു.

ഒ മറിയമേ! മഹിളാമണികളിൽ ഏററവും സുന്ദരി! സർവലോകവും നിന്നെ മഹത്വപ്പെടുത്തട്ടെ; നിന്നെപ്പുകഴ്ത്തട്ടെ; നിൻെറ സ്തുതികൾ പാടട്ടെ; നിന്നെ സ്നേഹിക്കട്ടെ.

ആകാശത്തിലും ഭൂമിയിലും ഇപ്പോഴും എപ്പോഴും സകല സൃഷ്ടികളും നിൻ്റെ സ്തുതികീർത്തനങ്ങൾ നിരന്തരം പാടി നിന്നെ വാഴ്ത്തിക്കൊണ്ടിരിക്കട്ടെ.

(Sermons to the Novices, XXV)

www.malankaralibrary.com


# മറിയത്തിന്റെ സൗന്ദര്യവും കുലീനതയും

## I

ഓ മറിയമേ! കുലീനകന്യകേ!

നീ പൂർവപിതാക്കന്മാരുടെ സമൃദ്ധിയേറുന്ന
വംശത്തിൽ പിറന്നവളാകുന്നു.

നീ ആചാര്യശ്രേഷ്ഠന്മാരുടെ
ഓമനസന്താനമാകുന്നു.

പുരോഹിതപ്രമാണികളുടെ ഉന്നതപദവി
കൾ നിന്നെ വണങ്ങുന്നു.

പ്രവാചകന്മാരുടെ പ്രശസ്തസംഘം
നിന്റെ വരവിനെ വിളംബരപ്പെടുത്തുന്നു.

നീ രാജപ്രഭാവത്തിനു
അവകാശിനിയാകുന്നു.

നീ ദാവീദിന്റെ വംശത്തിലെ
ഉൽകൃഷ്ടകുമാരിയാകുന്നു.

www.malankaralibrary.com


നീ യഹൂദകുലത്തിൻെറ
പരമോന്നതമഹിമയാകുന്നു.
നീ ഇസ്രായേൽ വീരന്മാരുടെ
സംപൂജ്യനായികയാകുന്നു.
നീ ദൈവജനത്തിൻെറ സജീവമായ
പ്രതീക്ഷാചരിഹ്നമാകുന്നു.
നീ വിശുദ്ധരായ മാതാപിതാക്കൾക്ക്
അത്ഭുതകരമായി ലഭിച്ച സന്താനമാകുന്നു.
മഹിമയും സ്തുതിയും
നിൻെറ അവകാശമാകുന്നു.
ഹൃദയത്തിൻ്റെഏറ്റവും മൃദുലപക്ഷങ്ങളോടെ
നിന്നെ ഞങ്ങൾ സ്നേഹിക്കുന്നു.
നീ വനിതാലോകത്തിന്ന്
അമൂല്യനിക്ഷേപമാകുന്നു.
നീ കാലത്തിനു മുമ്പേ
ദൈവമാതാവായി
നിശ്ചയിക്കപ്പെട്ടവളാകുന്നു.

www.malankaralibrary.com

അത്യാനന്ദകരമായ നിൻെറ ആഗമനത്തെ
പൂർവപിതാക്കന്മാർ പ്രതീക്ഷിച്ചു
കൊണ്ടിരുന്നു.

വിജ്ഞാനികളായ ദീർഘദർശികൾ
നിന്റെപിറവിയെക്കുറിച്ചുപ്രവചിച്ചിരുന്നു.
നീതിമാന്മാരും രാജാക്കന്മാരും
നിന്നെക്കുറിച്ചു സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.
നിൻെറ വരവിനുവേണ്ടി
ഇസ്രായേൽജനംനെടുവീപ്പിട്ടുകൊണ്ടിരുന്നു.
നാശകൂപത്തിലേക്കു താഴ്ന്നുകൊണ്ടിരുന്ന
ലോകത്തിൻെറ രക്ഷയ്ക്കുവേണ്ടി,

ഓ മറിയമേ!
അവസാനം നീ സമാഗതയായി!

II

ഓ മറിയമേ!
വിശ്വമെങ്ങും നിൻെറ നാമം
സൂര്യോദയം മുതൽ അസ്തമയംവരെ
പ്രകീർത്തിക്കപ്പെടുന്നു.

www.malankaralibrary.com


സുവിശേഷ പ്രചാരണത്തോടൊപ്പം,
സകല ജനങ്ങൾക്കും—

യൂദന്മാർക്കും, പുറജാതികൾക്കും,
യവനന്മാർക്കും, റോമാക്കാർക്കും,
പാശ്ചാത്യർക്കും, പൗരസ്ത്യർക്കും—

എല്ലായിടത്തും
മറിയമെന്ന മനോഹര നാമവും
അറിയിക്കപ്പെട്ടു.
എല്ലായിടത്തും എല്ലാദിവസവും-

പള്ളികളിലും കപ്പേളകളിലും
ഏകാന്തവാസങ്ങളിലും
പ്രേഷിതരംഗങ്ങളിലും,

മരുഭൂമികളിലും ജനക്കൂട്ടത്തിലും
മറിയമെന്ന മധുരനാമം
പ്രസംഗിക്കപ്പെട്ടു.
വിനീതരും മഹാന്മാരും
വൈദികരും ശാസ്ത്രജ്ഞരും
പ്രസംഗകരും അധ്യാപകരും

www.malankaralibrary.com

ഒരുപോലെ നിന്റെ നാമം
ആവർത്തിച്ചാവർത്തിച്ച്
നിന്നെസ്തുതിക്കുവാൻ
അവസരം പ്രതീക്ഷിച്ചിരിക്കുന്നു.

ഓ മറിയമേ!

വിശുദ്ധാത്മാക്കളുടെ സമൂഹങ്ങൾ
എവിടെയും ഒന്നുചേർന്ന്
സമ്മിളിതസ്വരത്തിൽ
നിന്റെ സൗകുമാര്യങ്ങളെയും,
നിന്റെ 'പ്രസാദ'ത്തെയും,
നിന്റെ പരിശുദ്ധിയേയും
പാടി ആനന്ദിക്കുന്നു.

അവർനിന്നെവളരെയധികംസ്നേഹിക്കുന്നു.
അവരുടെ ഹൃദയം സ്നേഹമസൃണമാണ്.
അവർക്ക ഗാനത്തിൽ ക്ഷീണമോ
മുഷിച്ചിലോ ഇല്ല.

അവർ ധ്യാനിക്കുന്നു, ഭക്തിരസത്തിൽ
മുഴുകുന്നു.

www.malankaralibrary.com


അവർക്കെന്നും മഹോത്സവമാണ്.
എന്തെന്നാൽ
സുജ്ഞാനത്തിന്റെ അപദാനങ്ങൾതന്നെ യാണ് അവർ സ്മരിക്കുന്നത്:

"എന്നിൽനിന്നു ഭക്ഷിക്കുന്നവർക്ക്
ഈ അപ്പത്തെക്കുറിച്ച്
അധികമധികം വിശപ്പുണ്ടാകും;
എന്നിൽനിന്നു കുടിക്കുന്നവർക്ക്
ഈ വീഞ്ഞിനേക്കുറിച്ച്
അധികമധികം ദാഹമുണ്ടാകും."

(പ്രസംഗകൻ 24, 29.)

## III

### ജപം

ഓ മറിയമേ! വരിക!
ചേതസ്സമാകർഷകയായ
കന്യകാരത്നമേ! വരിക;
എന്റെ ശരണമേ! വരിക!
എന്റെ ആശ്വാസമേ! വരിക!

www.malankaralibrary.com



വരിക!
നിൻെറ സന്നിധിയിൽ
നിൻെറ സ്വരം കേൾക്കുമ്പോൾ
ഞാൻ സർവ്വസമ്പന്നനാകുന്നു.
സർവ്വ തിന്മകളിൽനിന്നും
സുരക്ഷിതനാകുന്നു.
ഓ മറിയമേ!
നിൻെറ മാധുര്യപൂർണ്ണമായ
കരുണ ഓർത്തുകൊണ്ട്
നിൻെറ സങ്കേതത്തെയും
സംരക്ഷണയെയും
ഞാൻ ആശ്രയിക്കുന്നു.
ഓ മറിയമേ!
ബലഹീനർക്കു ശക്തിയും
ബന്ദികൾക്കു മോചനവും നീയല്ലോ!
നിൻെറ അളവററ കരുണയാലും
നിൻെറ അതിരററ വാത്സല്യത്താലും
നീ എൻെറ അമ്മയായിരുന്നു
കൊള്ളണമെ.

www.malankaralibrary.com


ഓ മറിയമേ!

നിന്നെ വിശ്വസ്തതയോടെ
വണങ്ങുന്നവൎക്കു
നീ നൽകുന്ന ആശ്വാസം
എത്രമാത്രം ഹൃദയാകർഷകമെന്നും
നിന്റെ സംരക്ഷണം
എത്ര ബലിഷ്ഠമെന്നും,
അനുഭവം കൊണ്ടുതന്നെ
ഞാനും അറിയട്ടെ.

(Soliloquy of the Soul, ch. V)



www.malankaralibrary.com

ഒൻപതാമദ്ധ്യായം

# മറിയത്തിൻെറ പ്രതിരൂപങ്ങൾ

I

ഉന്നതങ്ങളിൽ
ദൈവത്തിനു സ്തുതിയും സ്തോത്രവും
വണക്കവുമുണ്ടായിരിക്കട്ടെ;

എന്തെന്നാൽ ഒ മറിയമേ!
വനിതാലോകത്തെ ആകമാനം
അതിശയിക്കുവാൻ പര്യാപ്തമായ
വിശേഷ വരങ്ങളാൽ
ദൈവം ഭൂമിയിൽ
നിന്നെ അനുഗ്രഹിച്ചു;
മഹിമപ്രതാപം നിറഞ്ഞ
ഉന്നതസിംഹാസനത്തിൽ
വാനോർവൃന്ദങ്ങൾക്കെല്ലാം ഉപരി
സ്വർഗ്ഗത്തിൽ നിന്നെ
ഉയർത്തുകയും ചെയ്തു.

www.malankaralibrary.com


ഒ പ്രാഭവമേറിയ അത്ഭുതകന്യകേ!
നീ ദൈവത്തിൻെറ മകളും
അമ്മയുമാണല്ലൊ;
നീ സകല ബഹുമാനവും
സ്തുതിയുമർഹിക്കുന്നു.

നിൻെറ ശാലീനതയാൽ
നീ അത്യുന്നതയാകുന്നു;

നിൻെറ കന്യാത്വത്താൽ
നീ സുന്ദരിയാകുന്നു;

നിൻെറ സ്നേഹത്താൽ
നീ ജ്വലിച്ചെരിയുന്നു;

നിൻെറ സഹനങ്ങളിൽ ദൈവഹിതത്തിനു
നീ പൂർണ്ണ വിധേയയാകുന്നു.

കാരുണ്യത്തിൽ നീ ഏററം സൗമ്യയാകുന്നു;
പ്രാർത്ഥനയിൽ നീ ഏററം തീക്ഷ്ണതയുള്ള
വളാകുന്നു.

ധ്യാനത്തിൽ നീ അതീവം ഗഹനയാകുന്നു.
ദൈവദർശനത്തിൽ നീ മഹോന്നതയാകുന്നു.
സഹതാപത്തിൽ നീ അത്യന്തം
ആർദ്രയാകുന്നു.

www.malankaralibrary.com

ആലോചനകളിൽ നീ ഏററം ബുദ്ധി
മതിയാകുന്നു.

സഹായത്തിനു നീ മഹാ വല്ലഭയാകുന്നു.

II

ഓ മറിയമേ!

നീ ദൈവത്തിൻെറ
അധിവാസസ്ഥലമാകുന്നു.

ഓ മറിയമേ!

നീ സ്വർഗ്ഗത്തിൻെറ
പ്രവേശന ദ്വാരമാകുന്നു.
ആനന്ദപൂർണ്ണമായ നന്ദവനവും
പ്രസാദവരങ്ങളുടെ ഉറവയും,
മാലാഖമാരുടെ ആഹ്ലാദവും,
മനുഷ്യരുടെ രക്ഷാസ്ഥാനവും
നീയാകുന്നു.

നീ ജീവിതകലയുടെ സാധനപാഠമാകുന്നു.
നീ സകലപുണ്യങ്ങളുടെയും മാതൃകയാകുന്നു.
നീ നിർഭാഗ്യരുടെ സങ്കേതമാകുന്നു.

www.malankaralibrary.com


നീ രോഗികളുടെ സ്വാസ്ഥതയാകുന്നു.
നീ അനാഥരുടെ അമ്മയാകുന്നു.
കന്യകാമകുടമേ!
സുരഭിലസുന്ദരീ!
ഓ മറിയമേ!
നക്ഷത്രത്തിന്റെ പ്രകാശവും,
റോസാപ്പൂവിന്റെ കാന്തിയും,
ഉഷസ്സിന്റെ ശോഭയും,
ചന്ദ്രികയുടെ സൗമ്യതയും,
മുത്തുമണിയുടെ അമൂല്യതയും,
സൂര്യന്റെ ദീപ്തിയും നിന്നിലുണ്ട്,

III

നിർമ്മലകന്യകേ!
ശാന്തതയുടെ നിലയമേ!
കുഞ്ഞാടിന്റെ നിഷ്കളങ്കത
നിന്റെ ജീവിതത്തിലുണ്ട്;
മാടപ്രാവിന്റെ മുഗ്ദ്ധത
നിന്റെ ഹൃദയത്തിലുണ്ട്;

www.malankaralibrary.com

കുലീനനായികയുടെ വിവേകം
നിന്റെ കല്പനയിലുണ്ട്;

വിനീതദാസിയുടെ വിധേയത്വം
നിന്റെ അനുസരണത്തിലുണ്ട്.

ഓ മറിയമേ!

നീ പരിശുദ്ധപാദപമാകുന്നു.
നീ അത്യുന്നത സീദാർ വൃക്ഷമാകുന്നു.
നീ കുലകൾനിറഞ്ഞ
മുന്തിരിവല്ലിയാകുന്നു.
നീ ഫലസമൃദ്ധമായ
അത്തിവൃക്ഷമാകുന്നു.
നീ ഉയരവും ഉറപ്പുമുള്ള
സൈപ്രസ് മരമാകുന്നു.
നീ ആകാരസുഷമയുള്ള
കേരവൃക്ഷമാകുന്നു.

സകല നന്മയും നിന്നിൽ സമ്മേളിച്ചിട്ടുണ്ട്;
സകല ആനന്ദവും,

നീവഴി ഞങ്ങൾക്ക
വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്.

www.malankaralibrary.com


ഒ മറിയമേ!

ഞങ്ങളിതാ നിന്റെ പക്കൽ
ഓടിവരുന്നു.

നീ ഞങ്ങളുടെ വത്സലമാതാവാകുന്നു.
ഞങ്ങൾ നിന്റെ വാത്സല്യമുള്ള
മക്കളാകുന്നു.

ഞങ്ങൾ നിന്നെ സ്നേഹിക്കുന്ന
അനാഥക്കുഞ്ഞുങ്ങളാകുന്നു.

നിന്റെ യോഗ്യതകൾ കൊണ്ടു
തിന്മയിൽനിന്നു
ഞങ്ങളെ നീ രക്ഷിക്കുക.

നിന്റെ പ്രാർത്ഥനകൾ കൊണ്ട്
ആപത്തുകളിൽനിന്നു
ഞങ്ങളെ നീ മോചിപ്പിക്കുക.

## IV

### ജപം.

ഒ മറിയമേ!

സുവർണ്ണസുന്ദരവും
പരിമളസുരഭിലവുമായ
പനിനീർ പ്രസൂനം നീയല്ലോ.

www.malankaralibrary.com

ഞാൻ സാദ്ധ്യപ്പെട്ടപേക്ഷിക്കുന്ന
അത്യാവശ്യമായ എന്റെ പ്രാർത്ഥനകൾ
നിൻെറ പക്കലേക്കുയരട്ടെ.

എൻെറ കഷ്ടതകളിലും വ്യസനങ്ങളിലും
നിൻെറ പക്കൽ നിന്നു
കരുണ ലഭിക്കുമെന്നു്
എനിക്കു ദൃഢമായ ബോദ്ധ്യമുണ്ടു്.
ആകയാൽ ഞാൻ നിന്റെ പടിവാതുക്കൽ
കാത്തുനിൽക്കുന്നു.

നീ അനുഗ്രഹത്തിൻെറ അമ്മയാകുന്നു.
നീ പാപികളുടെ സങ്കേതമാകുന്നു.
നിൻെറ ഹൃദയമാർദ്ദവവും
നിൻെറ ഔദാര്യവും
വർണ്ണനാതീതമാണു്.
സകല പുണ്യവാന്മാരുടെയും
മഹിമയേയും
ഗുണവിശേഷങ്ങളേയും
നീ അതിശയിക്കുന്നു.

www.malankaralibrary.com

സകല മാലാഖമാരുടെയും
സൗശീല്യങ്ങളും മാധുര്യഗുണങ്ങളും
ആർദ്രതയും ആകർഷകത്വവും
എല്ലാം നീ അതിശയിക്കുന്നു.

ഓ മറിയമേ!
നിർഭാഗ്യവാന്മാരുടെ മേൽ
നീ ഇത്രമാത്രം
ആനന്ദവും ആശ്വാസവും
മനസ്താപവും സുപ്രതീക്ഷയും
ചൊരിയുന്നതിൻെറ കാരണം
ഇതുതന്നെയാണല്ലൊ.

ഓ മറിയമേ!
നിൻെറ നിക്ഷേപങ്ങൾ
ഒരിക്കലും ക്ഷയിക്കയില്ല;
എന്തെന്നാൽ സകല നന്മകളും
നിന്നിൽ സംഭരിക്കപ്പെട്ടിരിക്കുന്നു.

നീ ആകാശത്തിൻെറ
അലങ്കാരമാകുന്നു.

www.malankaralibrary.com


നീ പുണ്യവാന്മാരുടെ
ആനന്ദമാകുന്നു.
നീ പരിശുദ്ധസ്ഥലത്തെ
ദിവ്യസക്രാരിയാകുന്നു.
പൂർവ്വപിതാക്കന്മാർ
ദീർഘകാലം നിന്നെ പ്രതീക്ഷിച്ചു.
തിരഞ്ഞെടുക്കപ്പെട്ട കന്യകയും
മുൻ നിശ്ചയംചെയ്യപ്പെട്ട മാതാവും
എന്ന നിലയിൽ നീ പ്രത്യക്ഷയായി.
ഭൂമണ്ഡലത്തിൽ പാപമോചനവും
പരമണ്ഡലത്തിൽ സർവ്വസമ്പൂർണ്ണതയും
നീ വഴിയായി സിദ്ധിച്ചു.

(Three Tabernacles ch. III).

www.malankaralibrary.com

പത്താമദ്ധ്യായം

# മറിയത്തിൻെറ ദൈവമാതൃത്വം

## I

വിശ്വത്തെയാകമാനം വിസ്മയിപ്പിക്കുന്ന ഒരു മഹാ അത്ഭുതസംഭവം! ദൈവത്തിന്റെ അനന്തശക്തിയാൽ, പ്രപഞ്ചസ്രാഷ്ടാവിനെ ഒരു സ്ത്രീ സ്വമാംസം ധരിപ്പിക്കുന്നു!

വിശ്വനാഥനായ ഈശോ! പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ അങ്ങു മനുഷ്യനായി അവതരിച്ചതും, കന്യകാമറിയത്തിൽ നിന്നു പിറന്നതുമല്ലയോ പ്രസ്തുത അത്ഭുത സംഭവം?

അങ്ങെ ജനനം ലോകം ഇപ്പോഴും ശരിയായി അറിയുന്നില്ല; ഇത്ര അത്ഭുതകരമായ ഒരു സംഭവം ഇതുവരെയും ഉണ്ടായിട്ടില്ല, ഇനി ഉണ്ടാകയുമില്ല.

www.malankaralibrary.com



ലോകത്തിന്റെ പാപങ്ങൾ കഴുകി കളഞ്ഞു മനുഷ്യവർഗ്ഗത്തെ നവീകരിച്ചു വിശുദ്ധമാക്കിയ അങ്ങെ പരിശുദ്ധജനനം വാഴ്ത്തപ്പെട്ടതാകട്ടെ.

ലോകരക്ഷകന്റെ അമ്മയാകുവാൻ ഭാഗ്യം ലഭിച്ച പരിശുദ്ധകന്യകമറിയമേ! നിന്റെ മഹാ ഭാഗ്യം നിനച്ചു നീ പാടി ആനന്ദിക്കുക.

ദീർഘദർശികളാൽ വാഴ്ത്തപ്പെട്ടവൾ നീയല്ലോ. അവർണ്ണനീയമായ ഈ മഹാ ഭാഗ്യം ലഭിച്ചതു നിനക്കാണല്ലോ. ഒ വിമല കന്യകേ! വിശ്വം മുഴവനും ഉൾക്കൊള്ളുവാൻ കഴിയാത്തവനെ നീ സ്വമാംസം ധരിപ്പിച്ചു നിന്റെ പവിത്രമായ ഉദരത്തിൽ വഹിച്ചുവല്ലൊ.

ഇതിനാൽ നീ വിശ്വത്തെക്കാളും വിപുലയായിത്തീർന്നു.

www.malankaralibrary.com

നിൻെറ മാംസം ധരിച്ചു നിൻെറ മകനായി നിന്റെ ഉദരത്തിൽ വസിക്കുന്ന ദിവ്യശിശു മനുഷ്യശരീരത്തിൽ തീരെ അല്പനാണെങ്കിലും, അതിനുള്ളിൽ മറയ്ക്കപ്പെട്ട ദൈവസ്വഭാവത്തിൽ തൻെറ പൗരുഷം മുഴുവനും ഞങ്ങൾക്കു വെളിപ്പെടുത്തുന്നു.

ഒ സൗഭാഗ്യവതിയായ മാതാവേ! നിന്റെ ദിവ്യപുത്രനായ ഈശോയിൽ തൻെറ ഉത്ഭവം മുതൽതന്നെ പ്രസാദവും സത്യവും നിറഞ്ഞിരുന്നു.

II

ഒ നാഥേ! നീ അരുളുക, നിൻെറ ദാസൻ ശ്രവിച്ചുകൊള്ളാം.

ഒ മറിയമേ! നീ എൻെറ രാജ്ഞിയാകുന്നു. അതിലുപരിയായി നീ എൻെറ അമ്മയാകുന്നു. അതിൽ ഞാൻ അഭിമാനം കൊള്ളുന്നു. നീ വഴി നിന്റെ പുത്രനായ ഈശോ എൻെറ സഹോദരനുമായിരിക്കുന്നു.

www.malankaralibrary.com

ഈശോയെ നീ പ്രസവിച്ചതു് ലോകത്തിനു നല്ലവാൻ വേണ്ടിയാണല്ലോ; നിനക്കു വേണ്ടിമാത്രം വച്ചുസൂക്ഷിക്കുവാനല്ലല്ലൊ. ഒ മറിയമേ! ഇനി എന്നും ഞാൻ നിന്നെ അമ്മയെന്നുമാത്രം വിളിക്കും; എന്തെന്നാൽ നീ ദൈവത്തിൻെറയും എൻെറയും അമ്മയാകുന്നു.

സ്ത്രീലോകത്തിൽ

ശക്തിയിലോ പ്രാഭവത്തിലോ,
സൗന്ദര്യത്തിലോ സൗമ്യതയിലോ,
ഉപവിയിലോ അനുകമ്പയിലോ,
കരുണയിലോ ഹൃദയാർദ്രതയിലോ,
വിശ്വസ്തതയിലോ സ്നേഹത്തിലോ

നിനക്കു തുല്യയായി ആരുമില്ല.

## III

### ജപം

ഒ മറിയമേ! എൻെറ അമ്മയായി നിന്നെ സ്വീകരിക്കാൻ ഇന്നു ഞാൻ ആഗ്രഹിക്കുന്നു.

എന്നെ മുഴുവനും നിനക്കു ഞാൻ ഭരമേല്പി ക്കുന്നു.

എന്റെ ഈ നിശ്ചയത്തെ നീ അംഗീക രിച്ച് എന്നേക്കും സ്ഥിരപ്പെടുത്തുമല്ലൊ. ഒ മറിയമേ! സദാകാലവും നിന്നോടൊന്നി ച്ചിരിക്കാൻ എനിക്കു സാധിച്ചാൽമാത്രം മതി.

നിന്റെ തിരുനാമത്തെക്കുറിച്ചു ഞാൻ അതീവസന്തുഷ്ടനായിരിക്കും; നിന്റെ സ്തുതികൾ ഞാൻ നിത്യകാലവും പാടിക്കൊ ണ്ടിരിക്കും-ഒ മറിയമേ!

(The Valley of Lilies ch. VII)



www.malankaralibrary.com

രണ്ടാംഭാഗം

# ദുഃഖരഹസ്യങ്ങൾ

പതിനൊന്നാമദ്ധ്യായം

## മറിയത്തിൻെറ

## വൽസലസംരക്ഷണം

I

ഭൗമികജീവിതത്തിൽ

ഈശോയേയും മറിയത്തേയും,

മാലാഖമാരെയും വിശുദ്ധന്മാരേയും,

പ്രയാണത്തിൽ വഴികാട്ടികളായിട്ടും,

സംശയങ്ങളിൽ ആലോചനക്കാരായിട്ടും,

അധ്വാനത്തിൽ ഉപദേഷ്ടാക്കളായിട്ടും,

ആശ്വാസത്തിൽ നിയന്താക്കളായിട്ടും

സ്വഭവനത്തിൽ സ്നേഹിതരായിട്ടും,

സഞ്ചാരത്തിൽ സഹചാരികളായിട്ടും,

www.malankaralibrary.com


സമരത്തിൽ സഹായകരായിട്ടും,
ആപത്തിൽ ആശ്രയമായിട്ടും,
മരണസമയത്തു സംരക്ഷകരായിട്ടും,
വിധിസമയത്തു വിധിയാളരായിട്ടും,
ദൈവസന്നിധിയിൽമദ്ധ്യസ്ഥരായിട്ടും,
സ്വർഗ്ഗത്തിൽസഹാവകാശികളായിട്ടും,
പ്രാപിക്കുവാൻ കരുതുന്നവൻ
ഭാഗ്യവാൻ.

ലോകത്തേയും
അതിൻെറ വശീകരണങ്ങളേയും,
വിട്ടകലുവാൻ നീ ആഗ്രഹിക്കുന്നെങ്കിൽ

ഈശോയും മറിയവും
നിൻെറ ഏകസ്നേഹമായിരിക്കട്ടെ,
ദൈവം നിൻ്റെ പിതാവായിരിക്കട്ടെ.

ഈശോ
നിൻെറ സഹോദരനായിരിട്ടെ.

മറിയം എപ്പോഴും നിൻെറ അമ്മയായിരിക്കട്ടെ.

www.malankaralibrary.com

മാലാഖമാരെ നിന്റെ സ്നേഹിതരായും,
അഗതികളെ നിന്റെ സഹോദരരായും,
വിനീതരേയും ദരിദ്രരേയും
നിന്റെ സഹവാസികളായും സ്വീകരിക്കുക.

II

തിരുക്കുടുംബത്തെ ആദർശമായി ഗണിക്കുക.
നിനക്കു മാതൃകയായിട്ടാണ്
ദൈവം അതു സ്ഥാപിച്ചിരിക്കുന്നതു്.
അധ്യാത്മികമായ സൽഫലങ്ങൾ
അതിൽ സമൃദ്ധിയായി വിളയുന്നു.
വിശ്വാസം അതിന്റെ അടിസ്ഥാനമാണ്.
ശരണം അതിന്റെ ശക്തിയാണ്.
ക്ഷമയും ഉപവിയും അതിന്റെ അലങ്കാരവും.
വിശ്വസ്താത്മാവേ!
ഉള്ളുകുളുക്കെ പാടുക.
മറിയം ഒരിക്കൽ
ദൈവസന്നിധിയിൽ പാടിയതു നിനക്കും.
ഹൃദയാനന്ദം പരമകാഷ്ഠയെ പ്രാപിച്ച,

www.malankaralibrary.com


ഈശോയെ ഉദരത്തിൽ വഹിച്ച
 ആ സുദിനത്തെ ഓർമ്മിക്കുക.
കർത്താവിൻെറ കരുണകൾ
 മുക്തകണ്ഠം പ്രകീർത്തിക്കുക.
മറിയത്തെ വാഴ്ത്തിച്ചൊല്ലുക.
എന്റെ അമ്മേ! എന്റെ ആശ്രയമേ!
 ഇന്നു ഞാൻ നിന്നിൽ
 അഭയം കണ്ടെത്തിയിരിക്കുന്നു.
നിൻെറ സഹായം ഞാൻ
സവിനയം അപേക്ഷിക്കുന്നു.

## III

### ജപം

ഒ മറിയമേ! നീ ഞങ്ങളോടുകൂടെയുണ്ടെങ്കിൽ ഞങ്ങൾക്കെതിരായി ആരു നിൽക്കും?

നീ ഞങ്ങളെ കൈക്കൊള്ളുന്നെങ്കിൽ ആരു ഞങ്ങളെ നിരാകരിക്കും.

www.malankaralibrary.com


ഒ മറിയമേ! നിൻെറ തൃക്കരങ്ങൾ എൻ്റെ മേൽ വിരിക്കുക.

നിൻെറ നിഴലിൽ അഭയം തേടാൻ ഞാനാഗ്രഹിക്കുന്നു.

എൻെറ ആത്മാവോടരുൾ ചെയ്യുക. "ഞാൻ നിനക്കുവേണ്ടി മദ്ധ്യസ്ഥം അപേക്ഷിക്കുന്നുണ്ട്; ഓമനേ! നീ ഒന്നും ഭയപ്പെടേണ്ട; ഞാൻ നിൻെറ അമ്മയാണ്; അമ്മയെന്നവണ്ണം ഞാൻ നിന്നെ ആശ്വസിപ്പിക്കാം."

ഒ മറിയമേ! നിൻെറ വചനം എത്ര മാധുര്യപൂർണ്ണം! ഒ എൻെറ അമ്മേ! നിൻ്റെ സ്വരം എന്തുമാത്രം എന്നെ ആശ്വസിപ്പിക്കുന്നു!

എൻെറ ഹൃദയം എപ്പോഴും അതു ശ്രവിച്ചാശ്വസിക്കാൻ അനുവദിക്കുക.

(Devout Prayers. Prayer III).

www.malankaralibrary.com

പന്ത്രണ്ടാമധ്യായം

# മറിയത്തിൻെറ ഹൃദയാനന്ദം

## I

കന്യകാമറിയം അനുഭവിച്ചിട്ടുള്ള സന്തോഷത്തേയും ഹൃദയാനന്ദത്തേയും വിവരിക്കുവാൻ യാതൊരു മനുഷ്യനാവിനും കഴിയുന്നതല്ല.

കന്യാത്വത്താൽ അവൾക്കു ലഭിച്ച സന്തുഷ്ടിയുടെ പാരമ്യവും, മാതൃത്വത്താൽ സിദ്ധിച്ച ആശ്വാസങ്ങളുടെ അനർഘതയും മനുഷ്യബുദ്ധിയിലടങ്ങുകയില്ല.

എന്തെന്നാൽ പ്രസാദവരം പ്രാപിക്കുന്നതിൻെറ അളവനുസരിച്ചാണ് സൗഭാഗ്യദാനങ്ങളുടെ വർദ്ധനവ്; അതുപോലെതന്നെ ദൈവത്തിൻെറ കരുണാകടാക്ഷം എത്രമാത്രം ആവർത്തിക്കപ്പെടുന്നുവോ, അത്ര അധികമായിരിക്കും ആശയുടേയും സ്നേഹത്തിൻേറയും തീക്ഷ്ണത.

www.malankaralibrary.com



ആകയാൽ ദേവമാതാവിൻെറ മക്കളുടെ ഗണത്തിൽ എണ്ണപ്പെടുവാൻവേണ്ടി അവളെ അനുകരിക്കുക.

മറിയത്തോടൊന്നിച്ചു നിത്യഭാഗ്യം അനുഭവിക്കാൻവേണ്ടി പുണ്യമാൎഗ്ഗത്തിൽ അവളുടെ കാലടികളെ അനുഗമിക്കുവാൻ ഉത്സാഹിക്കുക.

## II

കഴിഞ്ഞജീവിതത്തിലെ ഭക്തിമാന്ദ്യത്തെക്കുറിച്ച് അത്യന്തം വ്യസനിക്കുക. കഷ്ടം! ഞാൻ ഇപ്പോഴും അതിന്നധീനനാണല്ലൊ.

സകല സൃഷ്ടികളും ദൈവത്തെ മഹത്വപ്പെടുത്തുകയും അവിടുത്തെ കല്പനകൾ അനുസരിക്കുകയും ചെയ്യാൻവേണ്ടി പ്രാൎത്ഥിക്കുക.

ദേവമാതാവുവഴി ലോകത്തിന്നു സിദ്ധിച്ചിട്ടുള്ള സകല നന്മകൾക്കും കൃതജ്ഞത പ്രകാശിപ്പിക്കുക.

www.malankaralibrary.com


സർവോന്നതബഹുമാനവും വണക്കവും അവൾക്കു സമർപ്പിക്കുക; ഭൗമികമാതാവിനെ സ്നേഹിക്കുവാൻ സ്വഭാവപ്രമാണം കല്പിക്കുന്നുവെങ്കിൽ, വരപ്രസാദമാതാവിന്റെനേർക്ക് എന്തുമാത്രം സ്നേഹവും ഭക്തിയും പ്രദർശിപ്പിക്കുവാൻ നാം കടപ്പെട്ടവരായിരിക്കുന്നു!

എല്ലാമാതാക്കളേയുംകാൾ സ്നേഹിക്കപ്പെടേണ്ടവളാണ് മറിയം; എന്തെന്നാൽ അവൾ:

ദൈവത്തിൻെറ അമ്മയാണ്,
തിരുസ്സഭയുടെ അമ്മയാണ്,
നമ്മൾ ഒരോരുത്തരുടേയും
സ്വന്തം അമ്മയാണ്.

## III

### ജപം

ഓ മറിയമേ! നീ എൻെറ ഹൃദയത്തെ ആശ്വസിപ്പിക്കുമ്പോൾ എനിക്കെങ്ങനെ വിഷാദമുണ്ടാകും?

www.malankaralibrary.com


നിമിഷന്തോറും നിന്നെ ആശ്രയിക്കു വാൻ കഴിയുന്നവൻ ശത്രുവിനെ എങ്ങനെ ഭയപ്പെടും?

ആർദ്രഹൃദയമുള്ള അമ്മേ! റെബേക്കാ യാക്കോബിൻെറമേലെന്നവണ്ണം ഈ വത്സ ലശിശുവിൻെറമേൽ നീയും കനിയുക. നിന്റെ വാത്സല്യാമൃതത്തിൽ നിന്നു് ഏതാനും തുള്ളികൾ എനിക്കു കുടിക്കാൻ തരിക.

അമ്മേ! വിസ്മയനീയമാംവണ്ണം നിന്നിൽ നിക്ഷിപ്തമായിരിക്കുന്ന ആ 'പ്രസാദ'സമ്പൂ ർണ്ണതയിൽ നിന്നും, ആശ്വാസമാധുര്യത്തിൽ നിന്നും ഒരു ശകലം—എത്ര അല്പമായിരുന്നാ ലും—എന്നിൽ ചൊരിയണമേ!

ഏവരും എക്കാലത്തും ഇതാശിക്കേണ്ടതാ ണു്: ഇതു ലഭിക്കുന്നതു് അത്യന്തം ആനന്ദ കരമാണു്; എനിക്കിപ്പോൾ ഇതു് അത്യാ വശ്യകവുമാണു്.

ഓ മറിയമേ! നീ എൻെറ നാവിന്മേൽ ചിന്തുന്ന ഏററം ചെറിയ തുള്ളി എത്ര

www.malankaralibrary.com


വിശിഷ്ടമായതും എത്ര മഹത്തായതുമാണെന്നു ഞാൻ ഗ്രഹിക്കുന്നു; ലൗകിക സന്തോഷങ്ങൾ എത്ര നീചവും, വ്യർത്ഥവും, വിലകെട്ടവയും ആണെന്ന് അതിനാൽ എനിക്കു ബോധ്യമാകുന്നു.

(The Devout Prayers. Prayer III.)



www.malankaralibrary.com

പതിമ്മൂന്നാമദ്ധ്യായം

# മറിയത്തിൻെറ ഹൃദയ ഗീതങ്ങൾ

## I

എൻെറ രക്ഷകനായ ദൈവത്തിൻെറ സന്നിധിയിൽ എൻെറ ആത്മാവ് പാടി ആനന്ദിച്ചു.

ഒ മറിയമേ! ആവർത്തിച്ചുപാടുക: നീ തന്നെയാണു രക്ഷയുടെ ആഹ്ളാദം ലോകത്തിന്നു വീണ്ടും നൽകുന്നതു്.

ഒ വിമലമാതാവേ! സന്തോഷിക്കുക; എന്തെന്നാൽ കന്യാത്വത്തിൻെറ ബഹുമതി നീ സംരക്ഷിച്ചു നിലനിർത്തിവരുന്നു.

മാതൃത്വത്തിൻെറ മഹിമ പ്രാപിച്ച കന്യകേ! നിൻെറ ഹൃദയാനന്ദം ഗീതാമൃതമായി പ്രവഹിക്കട്ടെ; എന്തെന്നാൽ സ്ത്രീലോകത്തിന്മേൽ വീണ ശാപത്തിൽനിന്നു കന്യാത്വത്തിൻെറ ബഹുമതിയെനീപരിരക്ഷിച്ചു.

www.malankaralibrary.com


നീ ദൈവസന്നിധിയിൽ ആനന്ദിക്കേണ്ട വളാണ്; എന്തെന്നാൽ ആകാശത്തിനും ഭൂമിക്കും ഉൾക്കൊള്ളാൻ കഴിയാത്തവനെ നീ ഉള്ളിൽ വഹിച്ചു.

അമ്മേ! നിൻെറ മൃദുലകരങ്ങളിൽ വഹിച്ച് നിൻെറ മാതൃവക്ഷസ്സിൻെറ ചൂട്ട ദിവ്യ ശിശുവിനു നീ നൽകുന്നു; പുൽക്കൂട്ടിൽ കിടത്തി ഉറക്കിയശേഷം അടുത്തു നിന്നു നീ ഹൃദയഗീതം പാടുന്നു.

അമ്മേ! നിനക്കുമുമ്പ്, കാലാകാലങ്ങൾക്കുമുമ്പ്, അനാദികാലം മുതല്ക്കേ നിത്യപിതാവിൽനിന്നു പിറക്കുന്ന പുത്രനെ, കാലത്തിൻെറ പൂർണ്ണതയിൽ നിൻെറ പുത്രനായി നീ പ്രസവിച്ച ഈശോയെ, യോഗ്യമാംവണ്ണം ആരാധിക്കുന്നവൾ നീ മാത്രമാണ്.

മാതൃത്വത്തിൻെറ മഹിമ നിനക്കു നൽകുന്ന ദൈവത്തിനു മാതൃശുശ്രൂഷചെയ്യാൻ നിനക്കു മാത്രമേ കഴിവുള്ളു.

www.malankaralibrary.com


സ്വർഗ്ഗത്തേക്കാൾ നിന്നെ ഉയർത്തുന്ന നിന്റെ പുത്രനിൽ യഥാർത്ഥത്തിൽ ആനന്ദിക്കുവാൻ നിനക്കല്ലാതെ മററാക്കും കഴികയില്ല.

## II

ഒ മറിയമേ! ആകാശവും ഭൂമിയും നിന്നെ വാഴ്ത്തട്ടെ. സകല സൃഷ്ടികളും നിന്റെ സ്തുതിഗീതങ്ങൾ മുഴക്കട്ടെ.

നിന്റെ സന്നിധിയിൽ ഞാൻ ആനന്ദകുതൂഹലത്താൽ നിറയട്ടെ; സ്നേഹമുള്ള അമ്മേ! എന്റെ ആത്മാവു നിന്നെ പുകഴ്ത്തട്ടെ,

നിന്റെ മഹിമകൾ വർണ്ണിക്കുവാൻ എന്റെ നാവ് അശക്തമാണ്; നിന്റെ മഹസ്സു ഗ്രഹിക്കുവാൻ എന്റെ മനസ്സിന്നു ശേഷിയുമില്ല.

ആകയാൽ താഴ്മയോടെ നിന്റെ സന്നിധിയിൽ തലകുനിച്ചുകൊണ്ടു ഞാനിപ്രകാരം ചൊല്ലും.

www.malankaralibrary.com


എന്റെ അമ്മേ! നിന്റെ സ്നേഹമടിയിൽ എന്നെ നീ സ്വീകരിക്കേണമെ. എന്റെ ഹൃദയത്തുടിപ്പുകൾ നീ ശ്രവിക്കേണമെ. ഞാൻ സ്നേഹിക്കുന്ന എല്ലാവരേയും എന്നോടുകൂടെ നീ സ്വീകരിക്കേണമെ.

നിന്റെ മടിയിൽ ഈശോയെ കാണുമ്പോൾ എന്റെ ആത്മാവ് ആനന്ദത്താൽ നിറയുന്നു. എന്റെ സകല ഭാഗ്യവും അവിടുന്നാണെന്നു ഞാൻ അറിയുന്നു.

അമ്മേ! നീ സംവഹിക്കുന്ന ആ വിസ്മയനീയനിക്ഷേപത്തെ—ഉണ്ണിയീശോയെ—കൂടെക്കൂടെ എന്നെ നീ കാണിക്കേണമെ.

അവിടുന്നു നിത്യപിതാവിന്റെ ഏകജാതനാണെന്നു ഞാൻ വിശ്വസിക്കുന്നു; അതുപോലെ തന്നെ അവിടുന്നു നിന്റെ കന്യാത്വത്തിൽനിന്ന് അത്ഭുതകരമായി ജനിച്ച നിന്റെ ആദ്യജാതനാണെന്നും ഞാൻ വിശ്വസിക്കുന്നു.

www.malankaralibrary.com


അവിടുന്നെന്റെ ദൈവവും, രക്ഷകനും പിതാവുമാണെന്നു് ഞാൻ സമ്മതിക്കുന്നു; അവിടുന്നു നിന്നെ സ്വമാതാവായി തെരഞ്ഞെടുത്തെന്നും ഞാൻ അറിയുന്നു.

ഒ എന്റെ അമ്മേ! നീ വഴിയായി അങ്ങയെ കാണുവാനും നിന്റെ കരങ്ങളിൽതന്നെ നിന്റെ പുത്രനായി അങ്ങെ ആരാധിക്കുവാനും ഞാനഗ്രഹിക്കുന്നു.

അമ്മേ! നിന്റെ മാംസം നീ തന്നെയാണു അങ്ങയെ ധരിപ്പിച്ചതു്; ആയതിനാൽ നിന്റെ സഹായം കൂടാതെ അങ്ങയെ കാണാൻ എനിക്കു സാധിക്കയില്ല.

നീ ഞങ്ങളെ കാണിക്കുവാൻ കനിയുകയില്ലെങ്കിൽ അങ്ങയെ ഒരു നോക്കുകാണുവാൻ ആർക്കു അർഹതയുണ്ടാകും!

നീ വഴിമാത്രമേ ദൈവപുത്രനെ സമീപിക്കാൻ ഞങ്ങൾക്കു കഴിയുകയുള്ളൂ. അവിടുന്നുവഴി ഞങ്ങൾ പിതാവിന്റെ പക്കൽ ചെല്ലുകയും ചെയ്യും.

www.malankaralibrary.com


ആകയാൽ എൻെറ അമ്മേ! ഈശോയെ എനിക്കു കാണിച്ചുതരിക; അവിട്ടന്നെന്റെ ആത്മാവിനെ തൃപ്തിപ്പെടുത്തുന്നു; നിൻെറ തിരുക്കുമാരനും, എൻെറ രക്ഷിതാവും ദൈവവുമായ ഈശോമാത്രം എൻെറ പിതാവായിരുന്നാൽ മതി. വേറെ ആരെയും ഞാൻ അന്വേഷിക്കുന്നില്ല.

അമ്മേ! മററെല്ലാവരേക്കാളും നീ ആസ്വദിച്ചനുഭവിക്കുന്ന ഈശോയെ ഒന്നു കാണുവാൻ ഞാനെത്രമാത്രമാഗ്രഹിക്കുന്നു.

അവിട്ടത്തെ നോക്കി ധ്യാനിക്കാൻ എൻെറ ആത്മാവ് അതിയായി ആഗ്രഹിക്കുന്നു. അങ്ങയെ അന്വേഷിക്കാനും കണ്ടെത്തുവാനും എൻെറ ഹൃദയത്തിന്ന് അത്യന്തം കൗതുകവും താല്പര്യവുമുണ്ട്.

മറിയത്തിൻെറ പക്കൽ ഈശോയെ കാണാൻ നീ ആഗ്രഹിക്കുന്നെങ്കിൽ, ഒന്നാമതായി നിന്റെ കണ്ണുകൾ നിർമ്മലമായിരിക്കണം.

www.malankaralibrary.com


മറിയത്തിൻെറ പക്കൽ ഈശോയെ കാണാൻ നീ ആഗ്രഹിക്കുന്നെങ്കിൽ, രണ്ടാമതായി ഭക്തിയും സുകൃതങ്ങളും നീ അഭ്യസിക്കണം.

മറിയത്തിൻെറ പക്കൽ ഈശോയെ കാണാൻ നീ ആഗ്രഹിക്കുന്നെങ്കിൽ, സർവ്വപ്രധാനമായി നീ ലോകത്തെ ഉപേക്ഷിച്ച് ക്രമേണ സ്വർഗ്ഗത്തേക്കുയരണം.

## III

### ജപം

ഓ മറിയമേ! എൻെറ പാപങ്ങളും കുററങ്ങളും ഞാൻ സമ്മതിക്കുന്നു; ഈശോയെ കാണാൻ എനിക്കർഹതയില്ല.

എന്നാൽ ഈശോയെ കാണാതെ എനിക്ക് ഒരിക്കലും തൃപ്തിയുണ്ടാകുന്നതല്ല.

ആഗ്രഹിക്കയും അപേക്ഷിക്കയും ചെയ്യാതിരിക്കാനും എനിക്ക നിവൃത്തിയില്ല; എന്തെന്നാൽ അവിടുന്നുതന്നെ എന്നിൽനിന്നു പ്രാർത്ഥന പ്രതീക്ഷിക്കുന്നു.

www.malankaralibrary.com


സ്ഥിരതയോടെ പ്രാർത്ഥിക്കാൻ എന്റെ ഹൃദയവും എന്നെ നിർബന്ധിക്കുന്നു; അമ്മേ! നീയും അതുതന്നെയാണല്ലോ ആഗ്രഹിക്കുന്നതു്.

ആകയാൽ എന്റെ അമ്മേ! ധ്യാനത്തിലും പ്രാർത്ഥനയിലും നിരതനായിരിക്കാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു.

(Sermons on the Nativity, Sermon II.)



www.malankaralibrary.com

പതിന്നാലാമധ്യായം

# മറിയത്തിൻെറ സ്നേഹവും വ്യാകുലവും

## I

പെസഹാത്തിരുനാളിനു പോയപ്പോൾ ഉണ്ണിയീശോ ജെരുസലേമിൽ താമസിച്ചു; കൂട്ടം പിരിഞ്ഞുപോയി; മടങ്ങുംവേളയിൽ മാതാപിതാക്കന്മാർ ആദ്യം വിവരം ഗ്രഹിച്ചില്ല.

ഒ അപ്രതീക്ഷിതമായ സംഭവമെ! എന്തൊരു മഹാരഹസ്യം! ദിവ്യബാലൻ വേർപെട്ടുപോകാനിടയായ ഈ യാത്ര പുറപ്പെടാതെ നസ്രസിൽതന്നെ വസിച്ചുകൊള്ളുകയല്ലായിരുന്നുവോ ഉചിതം?

അതെ, ഈശോ നഷ്ടപ്പെട്ടുന്നതു് സമസ്തലോകങ്ങളും അതിലുൾപ്പെട്ട സകല വസ്തുക്കളും നശിച്ചുപോകുന്നതിലും വലിയ അനർത്ഥം തന്നെയാണു്.

www.malankaralibrary.com


ഹാ! ഇത്ര മഹാകഷ്ടത നേരിടേണ്ടി വന്ന ആ മാതാപിതാക്കൾക്ക് അന്നത്തെത്തിരുനാളിൽനിന്നു വല്ല സന്തോഷവും അനുഭവിക്കാൻ കഴിഞ്ഞോ?

ആശ്വാസനിദാനംതന്നെ നഷ്ടമായാൽ പിന്നെ നിർഭാഗ്യരുടെ സ്ഥിതിയെക്കുറിച്ചു എന്തു പറയാനാണ്?

സ്നേഹിക്കുക എന്നതിൻെറ സാരമെന്തെന്ന് അനുഭവിച്ചറിഞ്ഞിട്ടുള്ളവക്കു മാത്രമേ പരിശുദ്ധകന്യകാമറിയം ദിവ്യബാലനെ വിട്ടു പിരിഞ്ഞപ്പോൾ അനുഭവിച്ച വ്യാകുലത്തിൻെറ ആഴം ഗ്രഹിക്കാൻ കഴിയുകയുള്ളൂ.

തിരുനാളാഘോഷങ്ങൾക്കൊന്നിനുംപോകാതെ നസ്രസിലെ ഏകാന്തതയിൽ തന്നെ കഴിഞ്ഞുകൂട്ടുകയായിരുന്നു അവൾക്കു കൂടുതൽ ഇഷ്ടം.

എന്നാൽ നിയമങ്ങളുടെയെല്ലാം ദാതാവിൻെറ അമ്മയെന്ന നിലയിൽ, തിരുക്കർമ്മ

www.malankaralibrary.com

ങ്ങളും ആചാരങ്ങളുമെല്ലാം കണിശമായി അനുഷ്ഠിക്കുന്നതിൽ നമുക്കു മാതൃക നൽകുവാൻ അവൾ തിരുമനസ്സായി.

ആകയാൽ നാട്ടും വീട്ടും വിട്ട്, കല്പന പ്രകാരം ഈശോയോട്ടും വിശുദ്ധ യൗസേപ്പിനോട്ടുമൊന്നിച്ചു മറിയം ജെറുസലേമിലേക്കു യാത്രയായി.

## II

എന്നാൽ മറിയം ദിവ്യബാലനെ വിട്ടുപിരിയുവാനും, കരഞ്ഞുകൊണ്ടന്വേഷിക്കുവാനും, മൂന്നു ദിവസം കഴിഞ്ഞു കണ്ടെത്തുവാനും, കണ്ടെത്തിയപ്പോൾ പൂർവാധികം സന്തോഷത്തോടെ തന്റെ മഹാനിക്ഷേപത്തെ സ്വീകരിക്കാനുമെല്ലാം ദൈവം അനുവദിച്ചതു് കഷ്ടതകളിലും സഹനങ്ങളിലുമെല്ലാം ക്ഷമയുടെ ഉത്തമമാതൃക നമുക്കു നൽകാൻവേണ്ടിയാണു്.

ഈശോ സ്വന്തമാണെന്നും, അങ്ങെപ്പക്കൽ പൂർണ്ണ സ്വാധീനമുണ്ടെന്നും കരുതി

www.malankaralibrary.com

തന്നെത്താൻ ആശ്രയിക്കാതിരിക്കാൻ നമ്മൾ കരുതലുള്ളവരായിരിക്കണം.

നമ്മൾ ദൈവത്തിനു പ്രീതിയുള്ളവരാണോ എന്നു നമുക്കുതന്നെ നിശ്ചയമില്ലാത്തതിനാൽ മററാരെയും ദൂഷിക്കരുതു്.

ഇതു കരുതായ്കനിമിത്തം പലർക്കും ഈശോ നഷ്ടപ്പെട്ടുപോകുന്നു; അപൂർവം ചിലരോട്ടുകൂടെ മാത്രമേ അനുഭവസ്ഥമായ വിധത്തിൽ അവിടന്നു വസിക്കുന്നുള്ളു.

അങ്ങേ ദിവ്യചിത്തം പോലെ തൻെറ ദൈവതപത്തെ ചിലപ്പോൾ പ്രത്യക്ഷമാക്കുകയും, ചിലപ്പോൾ മറച്ചുകളയുകയും ചെയ്യും; അങ്ങനെ പ്രവത്തിക്കാൻ അവിട്ടത്തേയ്ക്കു കാരണവും ലക്ഷ്യവുമുണ്ടു്.

ഈശോ നഷ്ടപ്പെട്ടുക എന്നതു് അത്ര അസാധാരണമല്ല; എനിക്കാണങ്ങനെ സംഭവിക്കുന്നതെങ്കിൽ, അതൊരു മഹാനിർഭാഗ്യമായി ഞാൻ കരുതും. അതെൻെറ ഹൃദയത്തെ വളരെ വ്യസനിപ്പിക്കയും ചെയ്യും.

www.malankaralibrary.com

എൻെറ കുററം കൊണ്ടുതന്നെയാണു് അതു സംഭവിച്ചതെന്നു ഞാൻ സമ്മതിക്കുന്നു; എൻെറ നടപടികളിൽ വേണ്ട സൂക്ഷ്മമില്ലെന്നതു് വാസ്തവമാകയാൽ, ഇതിലും വലിയ ദുരിതം ഞാൻ അർഹിക്കുന്നുണ്ടു്.

എൻെറ ജീവിതം ആകമാനം അനാസ്ഥയും ഭക്തിമാന്ദ്യവും കൊണ്ടു നിറഞ്ഞിരിക്കുന്നു.

എൻെറ ദൈവത്തിൻെറ 'പ്രസാദം' എനിക്കു നഷ്ടപ്പെട്ടു; അതു വീണ്ടും കണ്ടെത്തുവാൻ ആരെന്നെ സഹായിക്കുമെന്നു് എനിക്കറിവില്ല.

## III

കരുണയുടെ മാതാവേ! ദൈവത്തിൻെറ അമ്മേ! ഈ മഹാവ്യസനത്തിൽ എന്നെ സഹായിക്കാൻ വരേണമേ!

ഓ മറിയമേ! സ്വർഗ്ഗത്തിൽ നിനക്കുള്ള സ്വാധീനശക്തിയാൽ എന്നെ സഹായിക്കേ

www.malankaralibrary.com


ണമെ. നിന്നിൽ ഞാൻ സമാധാനവും, സൗഭാഗ്യവും അന്വേഷിക്കുന്നു.

ഈശോ നഷ്ടപ്പെട്ടുന്നതു് എത്ര വ്യസനകരമെന്നും, ഈശോയെ വീണ്ടും കണ്ടെത്തുന്നതു് എത്ര ആനന്ദകരമെന്നും, അമ്മേ! നിനക്കറിവുണ്ടല്ലോ.

ഓ മറിയമേ! പാപരഹിതയായ നിനക്കു് ഈ കഷ്ടത അനുഭവപ്പെട്ടെങ്കിൽ, എന്റെ ദൈവത്തെ അസംഖ്യം പ്രാവശ്യം ദ്രോഹിച്ച എനിക്കിങ്ങനെ വന്നതിൽ അത്ര വിസ്മയിക്കാനൊന്നുമില്ല.

അമ്മേ! ഈശോയെ വീണ്ടും കണ്ടെത്താൻ ഞാനിനി എന്തുചെയ്യണം?

അങ്ങയെ ഇനിയും, കണ്ടെത്താമെന്നുള്ള എന്റെ ശരണം മുഴുവനും, നല്ല അമ്മേ! നിന്റെ സഹായത്തിൽ മാത്രമാണു് ഉറപ്പിച്ചിരിക്കുന്നതു്.

ഈശോയുടെ വത്സല മാതാവും അങ്ങയോടേററം സമീപസ്ഥയുമായ നിന്റെ

www.malankaralibrary.com

സംരക്ഷണത്തിൽ ഞാൻ ഏററമധികം ആശ്രയിച്ചിരിക്കുന്നു.

എന്റെ സമസ്തസ്നേഹത്തെ—ഈശോയെ—കണ്ടെത്തുന്നതുവരെയും അന്വേഷിക്കാൻ എൻെറ അമ്മേ! എന്നെ പഠിപ്പിക്കേണമെ.

ഒ മറിയമേ! നീ എന്നെ വിട്ടു പിരിയാതെ എൻെറ കൂടെ വരേണമെ.

അവസാനം, ഒ മറിയമേ! നിന്നെപ്പോലെ തന്നെ പാടി ആനന്ദിക്കാൻ എനിക്കുമിടയാകും. "എൻെറ വാത്സല്യഭാജനത്തെ—എൻെറ ഹൃദയസ്നേഹത്തെ—എൻെറ ആത്മാവിൻെറ ആശാനികേതത്തെ ഞാൻ കണ്ടെത്തിയിരിക്കുന്നു. സമസ്തലോകമേ! എന്നെ അഭിനന്ദിച്ചു എന്നോടു കൂടെ സന്തോഷിക്കുക."

(Finding Jesus in the Temple,
Sermon II).

www.malankaralibrary.com

പതിനഞ്ചാമദ്ധ്യായം

# മറിയത്തിന്റെ ഉപദേശമനുസരിച്ച് ഈശോയെ അന്വേഷിക്കുക

I

മകനെ! എന്റെ ഉപദേശം ശ്രവിക്കുക; എന്റെ മാതൃക അനുകരിക്കുക; എന്നാൽ നിനക്കാശ്വാസമുണ്ടാകും.

വല്ലപ്പോഴും ഈശോ നിനക്കു നഷ്ടമായിപ്പോകുന്നെങ്കിൽ നിരാശപ്പെടരുത്; ഭക്തജീവിതം ഉപേക്ഷിക്കരുത്; പ്രാർത്ഥിക്കുന്നതിൽ അനാസ്ഥ കാണിക്കരുത്; ലൗകിക ആശ്വാസങ്ങൾ അന്വേഷിച്ചുപോകരുത്. ഏകാന്തത്തിൽ വസിച്ചുകൊണ്ടു നിനക്കു നേരിട്ട നഷ്ടത്തെക്കുറിച്ചു വിലപിക്കുക; എന്നാൽ മാത്രമേ ഈശോയെ നീ കണ്ടെത്തുകയുള്ളു; നിന്റെ ഹൃദയമാകുന്ന ദേവാലയത്തിൽ നീ അങ്ങയെ കണ്ടെത്തും.

www.malankaralibrary.com

സംശയിക്കേണ്ട; പട്ടണത്തിലെ പ്രധാന തെരുവുകളിലോ, ജനങ്ങൾ തിങ്ങി കൂട്ടുന്ന വിനോദശാലകളിലോ, ബന്ധുമിത്രാദികളുടെ സ്വാഭാവികവേഴ്ചയിലോ അല്ലഈശോയെ, കണ്ടെത്തുന്നതു്. നീതിമാന്മാരുടെ മദ്ധ്യത്തിലും, പുണ്യാത്മാക്കളുടെ സഖ്യത്തിലും മാത്രമേ അങ്ങയെ കണ്ടെത്താൻ സാധിക്കയുള്ളുവെന്നു് ഉറച്ചുകൊള്ളുക.

## II

എന്റെ മകനേ! സുഖാനുഭവങ്ങൾ നിമിത്തം നഷ്ടപ്പെട്ട ഈശോയെ, കണ്ണുനീരോടു കൂടെ വേണം നീ അന്വേഷിക്കാൻ.

ഉദാസീനത നിമിത്തം നീ ഉപേക്ഷിച്ച ദൈവസുതനെ വിശ്വസ്തശുശ്രൂഷകൊണ്ടു വേണം നീ വീണ്ടും ആകർഷിക്കുവാൻ.

അഹങ്കാരം കൊണ്ടു തുരത്തിയ ദിവ്യസ്നേഹിതനെ എളിമകൊണ്ടുവേണം നീ തിരിയെ വരുത്തുവാൻ.

www.malankaralibrary.com


പ്രാത്ഥനയിൽ നീ ഉത്സുകനായിരിക്കണം; ഉപരിപ്ലവബുദ്ധിയെ അവിടുന്നു ശ്രദ്ധിക്കയില്ല.

ഭയത്തോടും വിറയലോടും കൂടെ പ്രാത്ഥിക്കുക; അഹന്തയും. അലസതയും അങ്ങു വെറുക്കുന്നു.

കൃതജ്ഞതാപൂർവം അവിടുത്തേക്കു സ്തോത്രം ചെയ്യു. പ്രസാദദാനത്തിൽ അങ്ങേക്കുവളരെ തല്പര്യമുണ്ട്.

ജ്വലിച്ചെരിയുന്ന തീക്ഷ്ണതയോടു കൂടെ അങ്ങയെ സ്നേഹിക്കുക; അവിടുന്ന് എല്ലാവരേയും സ്നേഹിക്കുന്നു; എല്ലാവരോടും ക്ഷമിക്കുന്നു; എല്ലാവക്കും വരപ്രസാദം ധാരാളമായി നൽകുന്നു; ആരെയും കൈവെടിയുന്നില്ല.

## III

### ജപം

ഓ മറിയമേ! ഓ എൻെറ അമ്മേ! എന്റെ പാപങ്ങൾനിമിത്തം സ്വർഗ്ഗവാതിൽ അടയ്ക്കപ്പെട്ടുകയും, ഒരു വശത്തുകൂടെയും എനിക്കു

www.malankaralibrary.com


പ്രവേശനം ലഭിക്കാതിരിക്കയും, പരപ്രേര ണയും സ്വശക്തിതന്നെയും ക്ഷയിക്കയും, ജീവിതഭാരവും ഹൃദയവേദനയുംനിമിത്തം യാതൊരുന്മേഷവുമില്ലാതായിത്തീരുകയും,ആനന്ദഭാസ്കരൻ വിലാപനിശീഥിനിയിൽ അന്തർദ്ധാനം ചെയ്കയും, ആശ്വാസങ്ങളെല്ലാം അസ്തമിക്കയും, എവിടെ നോക്കിയാലും നിരാശത മാത്രം അനുഭവപ്പെടുകയും, പ്രലോഭനങ്ങൾ കൊടുങ്കാററുപോലെ ഉയരുകയും, ദുർവ്വികാരങ്ങൾ ശക്തിയായി അലതല്ലുകയും, ദേഹാസ്വാസ്ഥ്യങ്ങൾ ശരീരത്തെത്തന്നെയും ക്ഷയിപ്പിക്കയും, സകല അനർത്ഥങ്ങളും ഏകോപിച്ച് എനിക്കെതിരായി ഐക്യമുന്നണിസൃഷ്ടിക്കയും ചെയ്യുമ്പോൾ എന്റെ സ്നേഹമാതാവേ! നിന്റെ പക്കലേക്കല്ലാതെ ഞാൻ എങ്ങോട്ടുതിരിയും, എവിടെപ്പോകും? അമ്മേ! നിർഭാഗ്യരെ ആശ്വസിപ്പിക്കാനും, നിസ്സഹായരെ സഹായിക്കാനും, കഴിവും താല്പര്യവുമുള്ളവൾ നീ മാത്രമല്ലോ. ഒ വാന

www.malankaralibrary.com

മണ്ഡലത്തിൽ പ്രശോഭിച്ചുനില്ക്കുന്ന സമുദ്രതാരമേ! സ്വൎഗ്ഗീയതുറമുഖത്തു നിർബാധം ചെന്നെത്തുവാൻ എന്നെ നയിക്കുക. നീ ചൊരിയുന്ന വരപ്രസാദം എനിക്കു നേതൃത്വം നൽകുന്ന പ്രകാശമായിരിക്കട്ടെ.

(Soliloquy of the Soul, ch. VI).



www.malankaralibrary.com

പതിനാറാമദ്ധ്യായം

# മറിയത്തിൻെറ ജീവിത ക്ലേശങ്ങളും സഹനവും

## I

ക്ലേശങ്ങൾ കൂടാതെ ഒരു ദിവസംപോലും മറിയം ജീവിച്ചിട്ടില്ല; എന്നിരുന്നാലും അവ ർണ്ണനീയമായ സങ്കടങ്ങളിൽക്കൂടെയും അവൾ എപ്പോഴും ആശ്വാസം പ്രാപിച്ചിരുന്നു.

ഈശോയ്ക്കുവേണ്ടി അനുഭവിക്കുന്ന ഓരോ കഷ്ടതയും ആത്മാവിനു സന്തോഷവും മാധു ര്യവും പ്രദാനം ചെയ്യുന്നു!

ക്ലേശങ്ങളുടെ ഭാരത്തിൻകീഴ നാം എത്ര യധികം വിഷമിക്കുന്നുവോ അത്രയുമധികം നമുക്കു പ്രസാദവും ജ്ഞാനപ്രയോജനവും സിദ്ധിക്കും.

മറിയം വളരെ സഹിച്ചു; ഹൃദയവേദന യോടുകൂടെ സഹിച്ചു; അവയെല്ലാം കാരണം സകലമനുഷ്യരുടെയും പാപങ്ങളായിരുന്നു

www.malankaralibrary.com

നീതിമാന്മാരുടെയും, പരീക്ഷകളും കഷ്ട തകളുംകൊണ്ടു വിഷമിക്കുന്നവരുടെയും സഹനങ്ങളിലും അവൾ ഭാഗഭാക്കായി.

പറുദീസായുടെ കവാടം തുറക്കാൻഅയക്കപ്പെട്ട ദൈവപുത്രൻെറനേരെ മനുഷ്യർ കാണിച്ച നന്ദിഹീനതയും, കേവലം ലൗകിക സന്തോഷങ്ങളേപ്രതിനിത്യഭാഗ്യത്തെ നഷ്ടപ്പെടുത്തുന്ന മനുഷ്യരുടെ ആത്മനാശവും, ദൈവവചനത്തെ നിഷേധിക്കുന്നവരുടെ ഹൃദയകാഠിന്യവുമെല്ലാം അവളെ വളരെയധികം വ്യസനിപ്പിച്ചു.

നീതിമാന്മാർ ഞെരുക്കപ്പെടുന്നതും, ദൈവത്തെ തീരെ വെറുക്കുന്ന ദുഷ്ടന്മാർ സർവത്രവിജയം പ്രാപിക്കുന്നതും, വിനീതർ അവഹേളിക്കപ്പെടുന്നതും സമ്പന്നന്മാർ ധൂർത്തടിക്കുന്നതുമൊക്കെ അവളുടെ വ്യസനത്തെ വർദ്ധിപ്പിച്ചു.

ദൈവശുശ്രൂഷയിൽ മനുഷ്യർ എല്ലായിടത്തും പ്രദർശിപ്പിക്കുന്ന ഭക്തിമാന്ദ്യവും,

www.malankaralibrary.com


ശ്രദ്ധക്കുറവും, ഉദാസീനമായ ദ്രുതഗതിയും അവൾക്കു ദുസ്സഹമായിരുന്നു.

ലോകത്തെ പ്രകാശിപ്പിക്കാൻ ദൈവപുത്രൻ തന്നെ കൊളുത്തിയ ദീപത്തെ നിഷേധിച്ചുകൊണ്ടു ലോകം തിന്മയിൽ മുഴുകുന്ന കാഴ്ച മർമ്മഭേദകമായിരുന്നു.

ഈ വ്യാകുലങ്ങൾ ഓരോന്നും ഈ അമ്മയുടെ സഹതാപം നിറഞ്ഞ ഹൃദയത്തെ പിളുക്കുന്ന ഓരോ വാളുകളായിരുന്നു.

അവളുടെ ജീവിതം മുഴുവനും ക്ഷമയുടെയും മൂകമായ സഹനത്തിൻെറയും നിരന്തരമായ ഒരു വേദസാക്ഷിതം തന്നെയായിരുന്നു; മനുഷ്യരക്ഷയ്ക്കുവേണ്ടി അവൾ എന്തുമാത്രം കരഞ്ഞെന്നാരും അറിഞ്ഞിട്ടില്ല.

II

എന്നാൽ മറിയത്തിന്റെ ജീവിതത്തിലേക്ക് ആഴമായിനോക്കുമ്പോളാണ്, ഈശോയുടെ പീഡാസഹനത്തിൽ അവൾ എന്തുമാത്രം സഹിച്ചുവെന്നു വെളിവാകുന്നത്.

www.malankaralibrary.com


ഈശോ ഈ ലോകത്തിൽ ജീവിച്ച ഓരോ നിമിഷവും കുരിശിന്മേൽ തൂങ്ങിക്കിടന്ന് ബലിസമർപ്പിച്ച ഓരോ അവയവവും മറിയത്തിനു കൈപ്പുനിറഞ്ഞ ഓരോ പാനപാത്രമായിരുന്നുവെന്ന് അവളുടെ ജീവിതത്തെക്കുറിച്ചു ധ്യാനിക്കുമ്പോൾ ബോധ്യമാകും. ഈശോയുടെനേരെ ഊന്നിയ ഓരോ ദ്രോഹശരവും മറിയത്തിൻെറ ഹൃദയത്തിൽതറച്ചിറങ്ങി. ഈശോ മൂന്നുദിവസത്തേക്കു ദേവാലയത്തിൽ കാണാതെപോയപ്പോൾ അതിനിശിതമായ ഹൃദയവേദന അവൾ അനുഭവിച്ചെങ്കിൽ, ആണികളാൽ തറയ്ക്കപ്പെട്ട് അവിടുന്നു കുരിശിന്മേൽ കൺമുമ്പാകെ തൂങ്ങിക്കിടക്കുന്നതു കണ്ടപ്പോൾ എത്ര അവർണ്ണനീയമായ മരണവേദന അവൾ അനുഭവിച്ചിരിക്കണം!

ഒരമ്മയുടെ സ്നേഹം മറ്റെല്ലാ സ്നേഹത്തേയും സഹതാപത്തേയും അതിശയിക്കുന്നതാണെന്നു ഹൃദയമുള്ള സകലർക്കും അറിയാവുന്ന

www.malankaralibrary.com

തിണ്. മറിയത്തിൻെറ മാതൃഹൃദയം അനു ഭവിച്ച വ്യാകുലങ്ങളുടെ ആഴം അറിയണ മെങ്കിൽ അവളുടെ അകലുഷകന്യാത്വത്തി ൻെറ വൈശിഷ്ട്യത്തെക്കുറിച്ചു നിരന്തരം ധ്യാനിക്കുക.

## III

### ജപം

ഒ മറിയമേ! ആർദ്രയും സൗമ്യശീലയു മായ മാതാവേ! ക്ലേശമനുഭവിക്കുന്ന എന്റെ ആത്മാവിനെനീവന്നാശ്വസിപ്പിക്കേണമെ.

സമാധാനം നൽകാൻ നിനക്കു മാത്രമേ കഴിവുള്ളൂ. എന്തെന്നാൽ ഹൃദയവേദനകളെ മധുരമാക്കാപ്പകത്താൻ നീ മാത്രമേ പഠിച്ചി ട്ടുള്ളൂ. നീ വന്നു്, അവശനായിക്കിടക്കുന്ന നിൻെറ ദാസൻെറമേൽ കൈ വിരിച്ചു്, നൻെറ അനുഗ്രഹത്താൽ അവനെ എഴുന്നേ ല്പിക്കേണമേ! ഒ മറിയമേ! ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട മാതാവേ! വേഗം വരി ക; നിൻെറ ആർദ്രതയുടെ പ്രൃധികൃത്തെ

www.malankaralibrary.com 

ഞങ്ങളെല്ലാവരേയും അധികമധികം അനുഭവിപ്പിക്കുക.

ഞാൻ എത്രമാത്രം അധഃപതിച്ചെന്നു നോക്കുക; എന്നാലും സ്നേഹമുള്ള അമ്മേ! നിന്നെ ഞാൻ മറന്നിട്ടില്ല; ഇനി ഒരിക്കലും മറക്കുകയുമില്ല.

(Sermons to the Novices,
Sermon, XXV).

www.malankaralibrary.com

പതിനേഴാമദ്ധ്യായം

# മറിയം കുരിശിൻ ചുവട്ടിൽ

## I

കുരിശിൻ ചുവട്ടിൽ മറിയം നിൽക്കയായിരുന്നു; ഈ വൃത്താന്തം വി. യോഹന്നാൻ സുവിശേഷത്തിൽ ഊന്നിപ്പറയുന്നുണ്ട്. മറിയം—ഈശോയുടെ അമ്മ!

കുരിശിന്മേൽ തൂങ്ങിക്കിടക്കുന്ന ഈശോയുടെ ഓർമ്മയോടൊപ്പം നമ്മുടെ ഹൃദയത്തെ ആകർഷിക്കുന്നതാണ കുരിശിൻ ചുവട്ടിൽ നില്ക്കുന്ന ഈശോയുടെ അമ്മ-മറിയത്തിന്റെ സ്മരണ. മരണത്തിൽനിന്നു ലോകത്തെരക്ഷിക്കാൻ ഈശോ കുരിശിന്മേൽ മരിക്കുമ്പോൾ അരികിൽനിൽക്കുന്നു അമ്മ, പ്രശാന്തയായി.

അമ്മയുടെയും മകൻെറയും കാഴ്ച എത്ര ഹൃദയസ്പർശകം!

www.malankaralibrary.com


അമ്മ വ്യവസനിക്കുന്നു,
മകൻ ആശ്വസിപ്പിക്കുന്നു.

അമ്മ കരയുന്നു,
മകൻ സഹതപിക്കുന്നു.
അമ്മ കുരിശിൻ ചുവട്ടിൽ നില്ക്കുന്നു,

മകൻ കുരിശിന്മേൽ
തൂങ്ങിക്കിടക്കുന്നു.

അമ്മ ദീർഘശ്വാസം വലിക്കുന്നു.
മകൻ അന്ത്യശ്വാസം വിടുന്നു.

ഒ വ്യകുലതയുടെ പാരമ്യം! സകല ക്രിസ്ത്യാനികളും ഇതു ദൃഢമായി മനസ്സിൽ പതിച്ചുറപ്പിക്കേണ്ടതാണ്; സദാ സ്മരിക്കേണ്ടതാണ്.

## II

"യൂദന്മാരുടെ രാജാവായ നസ്രസിലെ ഈശോ" എന്ന തലവാചകം കുരിശിൻെറ മുകളിൽ പതിക്കാൻ പീലാത്തോസ് എഴുതിക്കൊടുത്തു.

www.malankaralibrary.com


ഈ വാചകം നമ്മൾ ഓരോരുത്തരും ഹൃദയത്തിൽ എഴുതേണ്ടതാണ്. മനുഷ്യരുടെ പരിഹാസങ്ങളിൽനിന്നും, പിശാചിന്റെ ഗൂഢതന്ത്രങ്ങളിൽനിന്നും അതു നമ്മെ സംരക്ഷിക്കും.

ഈ തിരുനാമത്തിന്റെ ശക്തികൊണ്ടു മാത്രം ദുഷ്ടന്മാരുടെ ആക്രമണങ്ങളെല്ലാം തടയാവുന്നതാണ്.

ആകയാൽ ഈശോയുടെ കുരിശിൻമുകളിലെ മേൽവാചകം നിന്റെ ഹൃദയത്തിൽ ചിത്രിതമായിരിക്കട്ടെ; എന്നാൽ കുരിശിൻചുവട്ടിൽ നില്ക്കുന്ന മറിയത്തിന്റെ സാമീപ്യം നിനക്കനുഭവപ്പെട്ടും; പ്രലോഭനങ്ങളിലും മരണസമയത്തും അവളുടെ മാദ്ധ്യസ്ഥപ്രാർത്ഥനയുടെ സഹായം നിനക്കു ലഭിക്കയും ചെയ്യും.

III

ദൈവപുത്രനെ മകനായി ലഭിച്ചതു മറിയത്തിനു മാത്രമാണ്; ആ ദിവ്യശിശുവിനെ

www.malankaralibrary.com


പ്രസവിച്ചപ്പോൾ അവൾ അനുഭവിച്ചതിനു തുല്യമായ പരമാനന്ദം വേറെ ഒരമ്മയും അനുഭവിച്ചിട്ടില്ല

അതുപോലെതന്നെ, മകൻ മരിച്ചപ്പോൾ അനുഭവിച്ചതുപോലെയുള്ള വ്യാകുലം ഒരമ്മയും അനുഭവിച്ചിട്ടില്ല.

ഈശോ സഹിച്ച പീഡകളെല്ലാം സഹതാപം വഴി മറിയവും അനുഭവിച്ചു.

കണ്ണുനീർ ചിന്തിക്കൊണ്ടവൾ കുരിശിൻ ചുവട്ടിൽ നിന്നു; പുത്രൻെറ ഓരോ പീഡയും അവളുടെ ഹൃദയത്തെ അതിനിശിതമായി പിളക്കുന്ന ഓരോ വാളായിരുന്നു,

മൃദുലമായ അവളുടെ കന്യാശരീരത്തിൽ ഇത്രമാത്രം സഹിക്കാൻ അവൾക്കു കഴിഞ്ഞതു വാസ്തവത്തിൽ ഒരത്ഭുതം തന്നെയായിരുന്നു; എന്തെന്നാൽ ഈശോയുടെ യാതനകളോരോന്നും തുല്യമായവിധം അവളേയും യാതനപ്പെടുത്തുന്നുണ്ടായിരുന്നു.

www.malankaralibrary.com

ഒ അവൎണ്ണനീയമായ വേദസ്സാക്ഷിത്വമെ! ഒ വിവരണാതീതമായ മാതൃവ്യാകുലമെ! വേദസ്സാക്ഷി സ്വശരീരത്തിൽ യാതനകളനുഭവിച്ചു മരിക്കുന്നതിലും ദുസ്സഹമായിരുന്നു മറിയത്തിന്നു സ്വപുത്രൻ കൺമുമ്പാകെ ആശ്വാസലേശം കൂടാതെ മരണവേദനയനുഭവിച്ച് അന്ത്യശ്വാസം വിടുന്ന കാഴ്ച.

## IV

### ജപം

ഒ എന്റെ അമ്മേ! നിന്റെ തിരുമുഖം എത്ര മഹിമപ്രതാപപൂരിതമായിരിക്കുന്നു! മാലാഖമാർ മുട്ടിന്മേൽനിന്നു വിസ്മയത്തോടും ആദരവോടുംകൂടെ അതിനെ വണങ്ങുന്നത് ഞാൻ ദർശിക്കുന്നു. എനിക്കാണെങ്കിൽ കണ്ണുയൎത്തി നിന്റെ നേരെ ഒന്നുനോക്കാൻപോലും അർഹതയില്ല. സ്വൎഗ്ഗപ്രഭയിൽ, പാടലവൎണ്ണമുള്ള പനിനീർപ്രസൂനങ്ങളാലും, സുവൎണ്ണലതകളുടെ പരിവേഷങ്ങളാലും സമാലംകൃതമായ നിന്റെ അഴകേറിയ

www.malankaralibrary.com

വിമലവദനം എനിക്കു ദൃശ്യമാകുന്നു. ഞാനോ എന്നാൽ എന്റെ ഹൃദയത്തിലെ അശുദ്ധിയും മാലിന്യവും നിമിത്തം ഭയം പൂണ്ടു ലജ്ജിച്ചു തലതാഴ്ത്തി നില്ക്കുന്നു.

എന്നാലും, ഒ മറിയമേ! നിന്റെ ഔദാര്യം നിമിത്തം, എന്റെ ശരണം ഞാൻ കൈവെടിയുന്നില്ല; നീ കനിവോടെ എനിക്കുവേണ്ടി മാദ്ധ്യസ്ഥമപേക്ഷിക്കുന്നെങ്കിൽ എനിക്കു വീണ്ടും പാപമോചനവും 'പ്രസാദ'വും ലഭിക്കുമെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു.

നീ എത്രയും ഔദാര്യമുള്ള അമ്മയും, സഹതാപമുള്ള കന്യകയുമാകയാൽ എനിക്കുവേണ്ടി മാപ്പപേക്ഷിക്കുക; പരമാർത്ഥമായ മനസ്താപത്തിന്റെ ശാന്തിയും സന്തുഷ്ടിയും പ്രദാനം ചെയ്യുന്ന ഒരാശിസ്സെനിക്കു ലഭിക്കുമെന്നു നീ വഴി ഞാൻ പ്രതീക്ഷിക്കുന്നു.

(Monastic Enchiridion, ch. V).

www.malankaralibrary.com


# മറിയത്തിൻെറ മാതൃകയനുസരിച്ച് ക്ലേശങ്ങൾ സഹിക്കണം

## I

നിൻെറ അമ്മയായ മറിയത്തെ നീ യഥാർത്ഥത്തിൽ സ്നേഹിക്കുന്നെങ്കിൽ, ക്ലേശങ്ങളുടെ മദ്ധ്യത്തിൽ അവളുടെ സംരക്ഷണം നീ ആഗ്രഹിക്കുന്നെങ്കിൽ, കുരിശിനരികിൽ അവളോടൊന്നിച്ചു നില്ക്കുക,

അമ്മയുടെ വ്യാകുലങ്ങളിലും, മകൻെറ പീഡകളിലും മുഴുഹൃദയത്തോടെ പങ്കുകൊള്ളുക; എന്നാൽ മരണസമയത്ത് അവൾ നിൻെറ അരികിലുണ്ടായിരിക്കും.

ഈശോ അനുഭവിച്ച പീഡകളെപ്രതി മാതാവു ചിന്തിയ കണ്ണുനീരിനെക്കുറിച്ചു നിരന്തരം ഭക്തിപൂർവ്വം ധ്യാനിക്കുന്നവർക്കു ദൈവ

www.malankaralibrary.com


കാരുണ്യത്തിൽ പൂർണ്ണമായി ആശ്രയിക്കാവുന്നതാണ്; വിശിഷ്യ ഈശോയുടെയും മറിയത്തിൻെറയും പ്രത്യേക വാൽസല്യത്തിനവർ പാത്രീഭൂതരാകയും ചെയ്യും.

ഈശോയോടും മറിയത്തോടുമുള്ള സവിശേഷമായ സ്നേഹംനിമിത്തം അവരോടൊന്നിച്ചു കുരിശിൻ ചുവട്ടിൽ നില്ക്കാൻ ദിനംപ്രതി അഭ്യസിക്കുന്ന ആത്മാവിന്നു മരണസമയത്തു ലഭിക്കുന്ന ആശ്വാസവും, ആനന്ദവും, സമാധാനവും എന്തുമാത്രമായിരിക്കും!

## II

സകല ലൗകികാശ്വാസങ്ങളേയും പരിത്യജിച്ച് മറിയത്തെ ആശ്വാസമായിട്ടും അമ്മയായിട്ടും തിരഞ്ഞെടുക്കുന്ന ആത്മാവു ഭാഗ്യമുള്ളതു്.

അനാഥർക്ക് ആദരവും, അഗതികൾക്ക് ആശ്വാസവും പ്രദാനംചെയ്യുന്ന ആശിർവചനങ്ങൾ മരണസമയത്തു തൻെറ ദിവ്യ

www.malankaralibrary.com

പുത്രനിൽ നിന്നു നമുക്കുവേണ്ടി ഈ നല്ല അമ്മ പ്രാപിച്ചുതരുമെന്നതിനു യാതൊരു സംശയവുമില്ല.

III

ഈശോയെ നീ സ്നേഹിക്കുന്നെങ്കിൽ, വരിക, അങ്ങെ കുരിശെടുക്കുക; കുരിശു വഹിച്ചുകൊണ്ടു നടക്കുക; കുരിശിന്നടുത്തു നിൽക്കുക; കുരിശിനെ ആശ്ലേഷിക്കുക. കുരിശിനെ മഹത്വപ്പെടുത്തുന്ന ദൈവപുത്രൻെറ സന്നിധിയിൽ ചെന്നെത്തുന്നതുവരെയും നീ അതുപേക്ഷിക്കരുതു്.

നിൻെറ ക്ലേശങ്ങളെ കന്യകാമറിയത്തിന്റെ വ്യാകുലങ്ങളോടൊത്തു നോക്കുക; എന്നാൽ നീ സഹിക്കുന്നതു് ഒന്നുമില്ലെന്നോ അഥവാ ലഘുവും സഹനീയവുമെന്നെങ്കിലുമോ, നിനക്കു ബോധ്യം വരാതിരിക്കയില്ല.

IV

ജപം

ഒ മറിയമേ! ദൈവത്തിൻെറ മാതാവേ! എന്റെ അമ്മേ! ഞാനിതാ വീണ്ടും നിൻെറ

www.malankaralibrary.com


സന്നിധിയിൽ വരുന്നു; അനുകൂലഭാവത്തിൽ എന്നെ കടാക്ഷിക്കേണമെ. ഇപ്പോഴും എപ്പോഴും എന്റെ മരണനേരത്തിലും നിന്റെ സഹതാപം എന്റെ മേൽ ചൊരിയേണമെ.

എന്നെ നിന്റെ മകനായി സ്വീകരിക്കേണമെ. നിന്റെ വൽസലകരങ്ങൾക്കുള്ളിലും, മാതൃഹൃദയത്തിലും എന്നെ നീ സദയം വഹിച്ചുകൊള്ളേണമെ; പ്രത്യേകമായി എന്റെ മരണനേരത്തിൽ.

ഒ എന്റെ നാഥേ! എന്റെ അമ്മേ! എന്നെ സദാ സ്മരിച്ചുകൊള്ളേണമെ, സഹായിക്കേണമെ.

ചഞ്ചലപ്പെടുന്ന എന്റെ ആത്മാവിനെ പ്രശാന്തമാക്കേണമെ; എന്റെ വിഷമങ്ങളിൽ നീ മാത്രമാണെന്റെ ആശ്രയം.

പിശാചിന്റെ സകല ഉപദ്രവങ്ങളിൽ നിന്നും എന്നെ കാത്തുകൊള്ളേണമെ. നീ എന്റെ അടുത്തുണ്ടെങ്കിൽ എന്നോടു നേരിടുവാൻ അവൻ ഒരിക്കലും തുനിയുകയില്ല.

www.malankaralibrary.com

ഒ എൻെറ അമ്മേ! എൻെറ പാപങ്ങളും കുററങ്ങളും കൊണ്ടു് ഈശോയെ ഞാൻ വളരെയധികം ഉപദ്രവിച്ചുന്നു ഞാൻ സമ്മതിക്കുന്നു; നീ എനിക്കുവേണ്ടി മാദ്ധ്യസ്ഥം അപേക്ഷിച്ചു് എനിക്കു മോചനം നൽകേണമെ; എൻെറ സ്നേഹമാതാവേ! എന്നെ കൈവിടല്ലേ!

(Garden of Roses, ch. IV)

www.malankaralibrary.com

പത്തൊൻപതാമദ്ധ്യായം

# മറിയത്തിൻെറ മാതൃകയനുസരിച്ച് ഈശോയെ ശുശ്രൂഷിക്കണം

I

സ്വർഗ്ഗത്തേക്കു നോക്കുക; അവിടെ ഈശോയും മറിയവും മഹിമപ്രതാപത്തിൽ വിളങ്ങി ശോഭിക്കുന്നതു കാണുക; ഭൂമിയിൽ അവർ എത്ര വിനീതരും അജ്ഞാതരുമായിരുന്നെന്നും ഓർക്കുക.

നാമെല്ലാവരെയും ശുശ്രൂഷിക്കുവാനാണ് ഈശോ മനുഷ്യനായി ലോകത്തിൽ വന്നത്; മറിയം ദാസിയെന്നു സ്വയം നാമകരണം ചെയ്യുന്നു.

എന്നാൽ ഇപ്പോൾ ആകാശവും ഭൂമിയും ഒരുപോലെ ഈശോയുടെയും മറിയത്തിന്റേയും മഹിമസ്തുതികളെ പ്രകീർത്തിക്കുന്നു.

www.malankaralibrary.com


നമുക്കും ആ സ്തോത്രഗീതങ്ങളിൽ സംബന്ധിച്ച് ഈശോയുടെയും മറിയത്തിൻെറയും മധുരനാമങ്ങളെ പാടിപ്പുകഴ്ത്താം.

അവർ നമുക്കുവേണ്ടി ദാസ്യവൃത്തി അനുഷ്ഠിക്കാൻ തിരുമനസ്സായതിനാൽ ഇപ്പോൾ അവക്കു ശുശ്രൂഷചെയ്യേണ്ടതു് നമ്മുടെ കടമയാണു്.

ആകയാൽ മനുഷ്യപുത്രരേ! നിങ്ങൾ കത്താവിനെ സേവിക്കുവിൻ; താൻ നമ്മെ ആദ്യമായി ശുശ്രൂഷിക്കുവാൻ കനിഞ്ഞതോത്തു് അവിടുത്തെ നിങ്ങളും ശുശ്രൂഷിക്കുവിൻ.

മറിയത്തെയും നിങ്ങൾ സേവിക്കുവിൻ; എന്തെന്നാൽ ശാലീനതയുടെയും സേവനത്തിൻെറയും സവിശേഷമാതൃക അവളാണു നമുക്കു തന്നിട്ടുള്ളതു്.

നമുക്കേററവും ഉത്തേജനം നൽകുന്ന ഈ രണ്ടുത്തമമാതൃകകളെ സർവപ്രധാനമായി വണങ്ങുകയും അനുഗമിക്കുകയും ചെയ്യേ

www.malankaralibrary.com

ണ്ടതു് നമ്മുടെ കടമയാണു്; അതിൽനിന്നു നമുക്കു വളരെ ജ്ഞാനപ്രയോജനം ലഭിക്കയും ചെയ്യും.

ദിവസംതോറും മണിക്കൂർതോറും അവരോടു പ്രാർത്ഥിക്കുക; ശത്രുവിനെ കീഴടക്കി വിജയത്തിന്റെ പരമസന്തുഷ്ടി നമുക്കു നൽകുവാൻ അവക്കു വല്ലഭമുണ്ടു്.

## II

ആകയാൽ എല്ലാ ആവശ്യങ്ങളിലും ഈശോയുടെ പക്കൽ ഓടിച്ചെല്ലുക; മറിയത്തെ അഭയം പ്രാപിക്കുക.

നിന്റെ ആവശ്യങ്ങളും വിഷമതകളും ഓരോന്നായി അവക്കു വിശദമാക്കുക.

നിന്റെ പാപങ്ങളും ഉദാസീനതയും സമ്മതിക്കുക; ഉറപ്പായ ശരണത്തോടുകൂടെ 'പ്രസാദ'ദാനത്തെ പ്രതീക്ഷിക്കുക.

നിർഭാഗ്യവശാൽ വീണ്ടും തെററിവീഴാനിടയായാൽ ഉടനെ തന്നെ എഴുന്നേൽക്കുവാൻ ഉത്സാഹിക്കുക; ഹൃദയം തുറന്നു

www.malankaralibrary.com

ചെയ്യുന്ന പ്രാത്ഥനകൾ അവരെ ആകഷി ക്കും; സാദ്ധ്യപ്പെട്ടവേക്ഷിക്കുന്നവയെല്ലാം അവർ നൽകുകയും ചെയ്യും.

പാപത്തിൻെറ അശുദ്ധിയിൽനിന്നു നീ ശുചിയാക്കപ്പെട്ടുകാണുമ്പോൾ വാനദൂതന്മാരെല്ലാവരും നിന്നെക്കുറിച്ചു വളരെ സന്തോഷിക്കും.

മേലിൽ പാപത്തിൽ വീഴാതെ സൂക്ഷിക്കുക. എന്നാൽ സകല പാപപ്പൊറുതിയും മറിയം ഈശോയിൽനിന്നു പ്രാപിച്ചുതരും.

ഈശോയ്ക്കും മറിയത്തിന്നും ഉചിതമായ വണക്കം സമപ്പിക്കാനെന്ന നിയോഗത്തോടുകൂടെ അവരുടെ സന്നിധിയിൽ നമസ്കരിക്കുക; എന്നാൽ അവർ നിന്നെ സഹായിക്കയും പ്രോത്സാഹിപ്പിക്കയും ചെയ്യും.

## III

### ജപം

ഒ ഈശോ! എൻെറ കർത്താവേ! എൻെറ ദൈവമേ! ഒ മറിയമേ! ദൈവമാ

www.malankaralibrary.com


താവേ! എൻെറ അമ്മേ! എന്റെ ആത്മാവും എൻെറ ശരീരവും നിങ്ങളുടെ സംരക്ഷണത്തിൽ ഞാൻ സമർപ്പിക്കുന്നു.

എൻെറ കഷ്ടതകളിലും വിഷമങ്ങളിലും നിങ്ങളുടെ സഹായത്തിൽ ഞാൻ പൂർണ്ണമായി ആശ്രയിക്കുന്നു.

നിങ്ങളുടെ ഹൃദയാർദ്രതയും, നിങ്ങളുടെ വാത്സല്യവും എനിക്കു സദാ ഉത്തേജനവും പ്രോത്സാഹനവും നൽകട്ടെ. ഇതു മാത്രമാണെൻെറ അപേക്ഷ.

(Monastic Enchiridion, ch. IV).

www.malankaralibrary.com

ഇരുപതാമദ്ധ്യായം

# മറിയത്തിൻെറ മാതൃകയനുസരിച്ചു പ്രവർത്തിക്കണം

## I

"എൻെറ സ്മരണ കാലാകാലത്തോളം നിലനില്ക്കും." (പ്രസംഗകൻ, 24, 28) മറിയത്തെക്കുറിച്ചു വിശുദ്ധ ലിഖിതങ്ങൾ ഇങ്ങനെ സാക്ഷിക്കുന്നു,

മറിയം വിനീതയും ദരിദ്രയുമായി, ക്ഷമയുടെയും പൂർണ്ണതയുടെയും മാതൃകയായി. ജനനം മുതൽ മരണംവരെ അജ്ഞാതയായി നിരന്തരസഹനത്തിൻെറ ഒരു ജീവിതമാണു നയിച്ചതു്.

നിൻെറ സഹനങ്ങളിലൊക്കെയും നീ അവളുടെ പക്കൽ ഓടിച്ചെല്ലുക; ഭക്തിയുടെയും, സ്നേഹത്തിൻെറയും, ആദരവിൻെറയും അ

www.malankaralibrary.com


ടയാളമായി അവളുടെ മാതൃപദങ്ങളിൽ ഓരോ ദിവസവും എന്തെങ്കിലും സമർപ്പിക്കുവാൻ അത്യധികം ഉത്സാഹിക്കുക.

മറിയത്തോടൊന്നിച്ചു സ്വർഗ്ഗത്തിൽ സന്തോഷിക്കാൻ നീ ആഗ്രഹിക്കുന്നെങ്കിൽ, ഭൂമിയിൽ അവളോടൊന്നിച്ചു ദാരിദ്ര്യം അനുഭവിക്കുക.

അവളുടെ വിനയവും ദാരിദ്ര്യവും നിന്റെ ജീവിതമാതൃകയായി നീ സ്വീകരിക്കുക.

മനുഷ്യരുടെ വ്യർത്ഥമായ വിനോദങ്ങളെ വിട്ടകലുക; നിൻെറ ദൈവമായ ഈശോമ്ശിഹാ, നിൻെറ അമ്മയായ മറിയത്തിനോ അതൃപ്തി ഉളവാക്കത്തക്ക അനാവശ്യസംസാരങ്ങളും, അയോഗ്യ നടപടികളും സസൂക്ഷ്മം വർജ്ജിക്കുക.

II

ഇത്രമാത്രം വാത്സല്യമുള്ള സംരക്ഷകരെ അതൃപ്തിപ്പെടുത്തുന്നതു നിസ്സാരകുററമല്ല.

www.malankaralibrary.com


സുകൃതസമ്പാദനത്തിൽ നിനക്കെത്രമാത്രം ഉത്സാഹമുണ്ടെന്നും, നീ എത്രകണ്ടു ശ്രമിക്കുന്നുവെന്നും അവർ എപ്പോഴും കാണുന്നുണ്ടു്. നിന്റെ പരിശ്രമത്തിന്റെ അളവനുസരിച്ചായിരിക്കും, അവരുടെ സഹായദാനത്തെയും അവർ ക്രമപ്പെടുത്തുന്നതു്.

എന്നിരുന്നാലും, അവരുടെ സ്നേഹം നിന്റെ ദുഷ്ടതയെ അതിശയിക്കുന്നതാണു്; മനസ്താപത്തെ ഉളവാക്കുന്നതാണു് അവരുടെ കാരുണ്യം.

തെററിപ്പോയെന്നു നിനക്കു ബോധ്യം വരുമ്പോഴൊക്കെയും നിന്റെ പ്രതിജ്ഞയെ നവീകരിച്ചു് അധികമധികം ഉറപ്പിക്കുക.

നന്മയിൽ നിലനിന്നുകൊണ്ടു പ്രാപിച്ചിട്ടുള്ള അനുഗ്രഹങ്ങൾക്കൊക്കെയും നന്ദി പ്രകാശിപ്പിക്കുക; ഇങ്ങനെയാണു് ഈശോയോടൊന്നിച്ചു മറിയം ഭൗമികജീവിതം നയിച്ചതു്.

www.malankaralibrary.com


ഈ സൗശീല്യത്തിന്റെ ഉത്തമ ദൃഷ്ടാന്തം നല്ലവണ്ണം അഭ്യസിച്ചു പ്രായോഗികമാക്കുക. എല്ലാ അഹിതങ്ങളേയും സ്വീകരിപ്പാനും, അനാദികാലം മുതല്ക്കുതന്നെ ദൈവം നിന്റെ നന്മയ്ക്കുവേണ്ടി ചെയ്തിട്ടുള്ള അജ്ഞാതനിശ്ചയങ്ങൾക്കു പൂർണ്ണമനസ്സോടെ കീഴ്പ്പെട്ടുവാനും ഈ പാഠം നിനക്കു സഹായകമായിരിക്കും.

അപ്പോൾ ഈശോ നിന്റെ സംരക്ഷകനും മറിയം നിന്റെ വത്സലമാതാവുമായിരിക്കും.

നിന്റെ പക്ഷത്തുനിന്നു മാതൃഭക്തിയും, വിശ്വസ്തശുശ്രൂഷയും, സൽകൃത്യങ്ങൾക്കു സദാ ഉത്സാഹവും പ്രദർശിപ്പിക്കുക.

## III

### ജപം

പ്രസാദപൂർണ്ണയായ കന്യകേ! നിന്നെ ഞാൻ ആദരവോടെ അഭിവാദ്യം ചെയ്യുന്നു; കർത്താവു നിന്നോടുകൂടെ.

www.malankaralibrary.com


അഗതികളുടെ ഏക ശരണമേ! നിന്നെ ഞാൻ വാഴ്ത്തുന്നു.

അനാഥരുടെ വത്സലമാതാവേ! നിന്നെ ഞാൻ സ്തുതിക്കുന്നു.

ഇതുവരെയും എന്റെ കുററങ്ങൾ നിന്റെ സന്നിധിയിൽ വെളിപ്പെടുത്തുന്നതിൽ എനിക്കല്പം സങ്കോചമുണ്ടായിരുന്നു; മേലിൽ അതൊന്നും കൂടാതെ എല്ലാം ഞാൻ തുറന്നു പറയും; എന്തെന്നാൽ നിന്നിൽനിന്നൊരദൃശ്യശക്തി പുറപ്പെടുന്നതായും, നിന്റെ തിരുനാമത്തിൽ നിന്നു് അത്യന്തം ഹൃദയാകർഷകവും, ഉന്മേഷജനകവുമായ ഒരു പരിമളധോരണി പ്രവഹിക്കുന്നതായും എനിക്കനുഭവപ്പെടുന്നു. അതെന്റെ ആത്മികവ്യാധികൾക്കു് ഔഷധവും സുഖവുമാകുന്നു.

ഓ മറിയമെന്ന മധുരനാമമെ! പ്രസാദവും, പ്രസന്നതയും നിറഞ്ഞൊഴുകുന്ന തിരുനാമമെ! ഉച്ചാരണത്തിലും ഉററചിന്തയിലും ഉള്ളിൽനിന്നു മാധുര്യമുതിർച്ചൊഴുകുന്ന പാവന

www.malankaralibrary.com


നാമമെ! സ്വര്‍ഗ്ഗത്തില്‍ രൂപീകരിക്കപ്പെട്ട പരിശുദ്ധ നാമമെ! മാലാഖാമാരാല്‍ സംവഹിക്കപ്പെട്ട സംപൂജ്യനാമമെ! സുവിശേഷത്തില്‍ അറിയിക്കപ്പെട്ട രക്ഷാകരനാമമെ! ഈ ദിവ്യനാമത്തെ മഹത്വപ്പെടുത്തുന്നതിനു വേണ്ടി മാത്രമല്ലയോ സുവിശേഷകന്‍ പ്രത്യേകം അതെടുത്തു പറയുന്നതു്: "സംവൃതയായ ആ അനുഗ്രഹതീകന്യകയുടെ പേരു് 'മറിയം' എന്നായിരുന്നു."

(വി. ലൂക്കാ, 1—27).

(Mystical Prayers. ch. VI)



www.malankaralibrary.com

# മൂന്നാം ഭാഗം

## മഹിമാരഹസ്യങ്ങൾ

### ഇരുപത്തൊന്നാമദ്ധ്യായം

## മറിയത്തിന്റെ ആന്തരികജീവിതം

I

പൂർണ്ണമനസ്സോടെ ഏകാന്തതയിൽ വസിക്കുക; മൗനം പാലിക്കുക; എങ്കിലേ ഭക്തിപൂർവ്വം പ്രാർത്ഥിക്കാൻ സാധിക്കൂ.

ഏകാന്തതയിലും മൗനത്തിലുമാണു മാലാഖാ മറിയത്തിന്റെ പക്കൽ വന്നതു്; ആ വാനദൂതനോടു മാത്രമേ അവൾ സംസാരിച്ചുള്ളൂ.

അതുപോലെ വസിച്ചാൽ സ്വർഗ്ഗീയരഹസ്യങ്ങൾ വെളിവാക്കുന്ന ഒരു ദിവ്യപ്രകാശം നിനക്കും ലഭിച്ചേക്കും.

www.malankaralibrary.com


നിന്നെ സഹായിക്കാനും നിയന്ത്രിക്കാനും ഒരു വാനദൂതൻ തന്നെയുണ്ട് നിന്റെ അരികിൽ; ആ സാന്നിദ്ധ്യം നിമിത്തം അശുദ്ധാരൂപി നിന്നെവിട്ട് ഓടിയൊളിക്കും.

ഹൃദയ സമാധാനം പ്രാപിക്കുന്നതിനും, ദൈവത്തിൻപക്കലേയ്ക്കു നിർബാധം ഹൃദയത്തെ ഉയർത്തി പ്രാർത്ഥിക്കുന്നതിനും ഏകമാർഗ്ഗമായിട്ടുള്ളതു മറിയത്തെപ്പോലെ ഏകാന്തതയിൽ വസിക്കുന്നതും മൗനം അനുഷ്ഠിക്കുന്നതുമാകുന്നു.

തേൻ ശേഖരിക്കാൻ പറന്നുനടക്കുന്ന തേനീച്ചയെ സൂക്ഷിച്ചു പഠിക്കുക; അതു പൂക്കൾ തോറും പറന്നുചെല്ലുന്നെങ്കിലും ഒന്നിലും പറ്റിയിരിക്കുന്നില്ല; തേൻതുള്ളികൾമാത്രം എടുത്തു കൂട്ടിൽകൊണ്ടുപോയി ഭദ്രമായി നിക്ഷേപിച്ച് മഞ്ഞുകാലത്തിൽ ഒരു ശല്യവും കൂടാതെ തനിച്ചിരുന്നു രുചിച്ചുസുഖിക്കുന്നു. തേനും പൂമ്പൊടിയും ശേഖരിച്ചുകൊണ്ടു വെറുതെ അങ്ങുമിങ്ങും അലഞ്ഞുനടന്നാൽ,

www.malankaralibrary.com


അവയുടെ അമൂല്യമായ രുചിയും സൗരഭ്യവും നഷ്ടീഭവിക്കുമെന്നും, അധ്വാനഫലം ശൂന്യമായിത്തീരുമെന്നും അതിനു ബോധ്യമുണ്ട്.

## II

പരിമളങ്ങളുടെ സൗരഭ്യം നഷ്ടമാകാതിരിക്കണമെങ്കിൽ നല്ല കുപ്പികളിൽ ഭദ്രമായി അടച്ചുസൂക്ഷിക്കണം; തുറന്നുവെച്ചിരുന്നാൽ വേഗം അന്തരീക്ഷത്തിൽ വ്യാപിച്ചുപോകും.

പൂക്കളും അങ്ങിനെ തന്നെയാണ്; കൈകൊണ്ടു തൊട്ടാൽ അവയുടെ സുഷമയും കാന്തിയും നശിച്ചു വാടിപ്പോകും.

നല്ലവണ്ണം കൊഴുത്തു വികസിച്ച പൂക്കൾ തോട്ടങ്ങളിൽ മാത്രമേ ഉണ്ടാകുന്നുള്ളു. വേലികെട്ടി ഭദ്രമായിസൂക്ഷിക്കുന്ന റോസച്ചെടികൾ വേഗം പുഷ്പിക്കുകയും, അവയുടെ സൗരഭ്യം നീണ്ടുനിൽക്കയും ചെയ്യും. വഴിയരികിൽ മുളയ്ക്കുന്നവ നന്നായി വളരാതെ മുരടിച്ചുണങ്ങിപ്പോകുകയും; ചെയ്യും; പുഷ്പി

www.malankaralibrary.com


ച്ചാൽതന്നെയും അത്ര അഴകും വാസനയും ഉണ്ടായിരിക്കയില്ല.

അതുപോലെ തന്നെ, ഒരു പന്തം കത്തിച്ചു കാററത്തു വെച്ചിരുന്നാൽ അതു വേഗം അണഞ്ഞുപോകും; ചിമ്മിണിക്കുള്ളിൽ എരിയുന്ന ദീപമോ എന്നാൽ ക്ഷയിക്കാതെ പ്രശോഭിച്ചുകൊണ്ടിരിക്കും.

നമ്മുടെ ഭക്തജീവിതത്തിൻെറ സ്ഥിതിയും ഇങ്ങനെ തന്നെയാണു്; ഏകാന്തതയിൽ മാത്രമേ അതിനു നിലനില്പും അഭിവൃദ്ധിയുമുണ്ടാകയുള്ളൂ; ശബ്ദകോലാഹലങ്ങളുടെ മദ്ധ്യത്തിൽ അതു ശൂന്യമായിപ്പോകും.

മനുഷ്യന്നത്യാവശ്യകവും, ദൈവത്തിനും മറിയത്തിനും മാലാഖമാക്കും പ്രീതികരവുമായി മൂന്നു സംഗതികളുണ്ടു്.

ഒന്നാമതു്, ദേഹാധ്വാനം; ജഡമോഹങ്ങൾക്കു് ഇതു ശമനം വരുത്തും.

രണ്ടാമതു്, പഠനത്തിൽ ഉത്സാഹം; ബുദ്ധിയുടെയും ഹൃദയത്തിൻെറയും മന്ദതയെ ഇതകററും.

www.malankaralibrary.com



മൂന്നാമതു്, പ്രാത്ഥനയിൽ ശ്രദ്ധാന്തി; പിശാചിൻെറ തന്ത്രങ്ങളെ ഇതു വിഫല മാക്കും.

ആകയാൽ നീ ഹൃദയസമാധാനം ആഗ്ര ഹിക്കുന്നെങ്കിൽ ഏകാന്തതയെ സ്നേഹിക്ക കയും, മനസ്സുകൊണ്ടും ശരീരംകൊണ്ടും അധ്വാനിക്കുന്നതിൽ ഉത്സുകനായിരിക്കുക യും ചെയ്യുക.

III

ഒ മറിയമേ! എൻെറ അമ്മേ! പ്രസാദപൂ ണ്ണയായ ദൈവമാതാവേ! നീ സൗമ്യയും സുന്ദരിയും മാധുര്യസംപൂണ്ണയുമാകുന്നല്ലോ.

ആകാശത്തിലെ നക്ഷത്രങ്ങൾ എണ്ണാൻ കഴിയുന്നവനുമാത്രമേ നിൻെറ സൽഗുണ ങ്ങളേയും സുകൃതങ്ങളേയും എണ്ണാൻ സാധി ക്കയുള്ളൂ.

മഹോന്നതമായ ആകാശം ഭൂമിക്കുമേൽ ഉയന്നു നില്ക്കുന്നതുപോലെ സകല ജീവിത

www.malankaralibrary.com



ങ്ങൾക്കുംമേൽ നിന്റെ ജീവിതം ഉയർന്നു നില്ക്കുന്നു.

അനാദികാലം മുതൽക്കേ ദൈവമാതാവായി സംവൃതയാകുവാൻ അർഹയായവൾ നീ മാത്രമാകുന്നു.

പരിശുദ്ധാത്മാവിനാൽ വിശേഷവിധമായി അധിവസിക്കപ്പെട്ടവാനും, മാലാഖമാരാൽ സ്തുതിക്കപ്പെട്ടവാനും, ഗബ്രിയേൽ എന്ന അതിദൂതനാൽ അഭിവാദ്യം ചെയ്യപ്പെട്ടവാനും, പരിശുദ്ധാത്മാവിന്റെ നിഴൽ ഏല്ക്കുവാനും ഭാഗ്യം സിദ്ധിച്ചവൾ നീ മാത്രമല്ലാതെ മററാരുമില്ല.

(The Valley of Lilies, ch. VI)

www.malankaralibrary.com

ഇരുപത്തിരണ്ടാമദ്ധ്യായം

# മറിയത്തിൻെറ സുകൃതമാതൃക

## I

"എൻെറ ചൈതന്യം മധുവിനേക്കാൾ ഹൃദ്യമാകുന്നു; ഞാൻ എൻെറ പിൻഗാമികൾക്കു നൽകുന്ന സുകൃതമാതൃക തേനിനേയും തേൻകട്ടയേയും അതിശയിക്കുന്നതുമാകുന്നു." (പ്രസംഗകൻ, 24, 27,)

നമ്മുടെ ദിവ്യരക്ഷകനീശോയുടെ അമ്മയായ മറിയത്തെക്കുറിച്ച നിത്യജ്ഞാനം അരുൾചെയ്യുന്ന ഈ മനോഹരവാക്യം എത്ര ഉചിതവും അത്ഥവത്തുമായിരിക്കുന്നു.

ഈശോ കാരുണ്യവാനാണ്; മറിയം മാധുര്യസംപൂർണ്ണയാണ്. കയ്പ്പോ, വിഷാദമോ അവരിൽ ഒരിക്കലുമില്ല; പ്രത്യുത സൗമ്യതയും, സഹതാപവും, വാത്സല്യവും, അനന്തമായ കരുണയും സദാ പ്രത്യക്ഷമാണ്.

www.malankaralibrary.com


ഈശോയുടെമാതൃക അനുഗമിക്കുന്നവനും മറിയത്തിൻെറ വാത്സല്യത്തിൽ ആശ്രയിക്കുന്നവനും ഭാഗ്യവാൻ.

അവരുടെ സഹായം എപ്പോഴും അവനു ലഭിച്ചുകൊണ്ടിരിക്കും.

ഈശോയുടെ ഭൗമികജീവിതത്തിലെ സുകൃതമാതൃകകളെ അനുസ്മരിപ്പിച്ചു അവകൊണ്ടൊരു ജ്ഞാനപുഷ്പമഞ്ജരി ഉണ്ടാക്കുക.

അങ്ങേ സുകൃതമാതൃകകളും അമൃതവചനങ്ങളും സകല ലൗകിക സമ്പത്തുകളെയുംകാൾ അമൂല്യമാണ്.

അതുപോലെതന്നെ മറിയത്തിൻെറ ജീവിതചര്യകളേയും മധുരവചനങ്ങളേയും കുറിച്ചു ശ്രദ്ധാപൂർവ്വം ധ്യാനിക്കുക.

അവയിൽനിന്നു നിനക്കു ശക്തിയും സഹായവും ലഭിക്കും; ഹൃദയത്തിൻെറ അവശതകൾ നീക്കി സുഖവും ഉന്മേഷവും നൽകുന്ന സിദ്ധൗഷധങ്ങളാണവ.

www.malankaralibrary.com


# II

ശരീരത്തിൻെറ ജീവൻ പുലർത്താൻ ഭക്ഷണവും, അതിൻെറ ഓജസ്സും ഉന്മേഷവും വളർത്തുവാൻ എണ്ണയും ആവശ്യമായിരിക്കുന്നതുപോലെ, ആത്മാവിൻെറ ജീവസന്ധാരണത്തിനു സുകൃതസമ്പാദനവും, ശക്തിസംഭരണത്തിനു ധ്യാനവും ആവശ്യമാകുന്നു.

ഉന്നതവും അഭൗമവുമായ കാര്യങ്ങളിലേക്കു് ആത്മാവു് അധികമധികം ഉയരുന്തോറും, സ്വർഗ്ഗീയജ്ഞാനം നിറഞ്ഞ ആത്മനിയന്താക്കളുടെ നേതൃത്വത്തിനു് അതു വിധേയമാകും; തൽഫലമായി, അതിവിശിഷ്ടമായ ആദ്ധ്യാത്മികജീവിതശാസ്ത്രം പ്രായോഗികമായി അഭ്യസിക്കയും, സ്വർഗ്ഗവാസികൾക്കുള്ള സൗഭാഗ്യം ഭൂമിയിൽതന്നെ അനുഭവിച്ചുതുടങ്ങുകയും ചെയ്യും.

സുകൃതസരണിയിൽ സർവ്വപ്രകാരേണയും നമ്മുടെ അത്യുത്തമമാർഗ്ഗദർശികളും മാതൃകകളും ഈശോയും മറിയവുമാകുന്നു; അവരുടെ

www.malankaralibrary.com

മാതൃക സദാ നോക്കി പഠിക്കുക; അവർ നൽകുന്ന നിർദ്ദേശങ്ങൾ സശ്രദ്ധം കേട്ടനുസരിക്കുക.

അവരുടെ സഖ്യത്തിലും ഗാഢമായ ഐക്യത്തിലും സദാ ജീവിക്കുക.

നമ്മുടെ ദിവ്യരക്ഷകനായ ഈശോയുടെയും അങ്ങേ പരിശുദ്ധ മാതാവായ മറിയത്തിൻെറയും ജീവിതരഹസ്യങ്ങളെക്കുറിച്ച് ആരെങ്കിലും സംസാരിക്കുന്നതായാൽ അതെപ്പോഴും സശ്രദ്ധം കേൾക്കുക; നമുക്കാവശ്യമുള്ള ശക്തിയും ആശ്വാസവും, ഈശോ, മറിയം എന്ന തിരുനാമങ്ങൾ എന്തുമാത്രം ഉൾക്കൊള്ളുന്നുണ്ടെന്നു കൂടെക്കൂടെ ചിന്തിക്കുക.

## III

### ജപം

പരിശുദ്ധമറിയമേ! ദൈവമാതാവേ! നിത്യകന്യകേ! എൻെറ അമ്മേ! മനുഷ്യബുദ്ധിയിലടങ്ങാത്തതും വിവരണാതീതവുമായ വിശേഷവരങ്ങൾ നിൻെറ ഭൗമികജീവിത

www.malankaralibrary.com

ത്തിൽ തന്നെ നിനക്കു ലഭിച്ചുവല്ലോ. നിന്റെ എളിയദാസനായ ഞാനിതാ നിൻെറ മഹോന്നതസിംഹാസനത്തിൻ മുമ്പാകെ സാഷ്ടാംഗം വീണു നിന്നെ വണങ്ങുന്നു. അമ്മേ! സ്നേഹിക്കുന്നതിനായി നൽകപ്പെട്ടിരിക്കുന്ന എൻെറ ഹൃദയം സ്നേഹതീക്ഷ്ണത പ്രകാശിപ്പിക്കാൻ ആവേശം കൊള്ളുന്നു.

ഓ പരിശുദ്ധ ദൈവമാതാവേ! നീ സകല മാലാഖമാരെക്കാളും അത്യധികം ഉയർത്തപ്പെട്ടിരിക്കുന്നു. നീ സകല സ്ത്രീകളിലും ശാലീനയായിരുന്നതിൻെറ നിത്യ സമ്മാനമാണിതു്.

ഓ സർവാംഗസുന്ദരിയായ വിമലകന്യകേ! അന്യാദൃശയായ മാതാവേ! ദൈവത്തിൻകണ്ണുകളേപ്പോലും നീ സവിശേഷം സമാകർഷിച്ചുവല്ലോ.

ആകാശത്തിലോ ഭൂമിയിലോ നിന്നോടു തുലനം ചെയ്യത്തക്കയാതൊരു സൃഷ്ടിയുമില്ല.

www.malankaralibrary.com


ഓ മറിയമേ! ഞാനിതാ നിൻെറ സന്നിധിയിൽ വീണ്ടും മുട്ടുകുത്തുന്നു; നിനക്കധികം പ്രസാദകരമായ സ്തുതികൾ സമർപ്പിക്കുവാൻ പാപരഹിതമായ ഹൃദയവും, ഭക്തിസമ്പൂർണ്ണങ്ങളായ അധരങ്ങളും എനിക്കു തരിക.

(The Valley of Lilies ch. X.)



www.malankaralibrary.com

ഇരുപത്തിമൂന്നാമദ്ധ്യായം

# മറിയത്തിന്റെ മാതൃകയനുസരിച്ചുള്ള പ്രാർത്ഥനയും ധ്യാനവും

I

എല്ലാ ഭക്തികൃത്യങ്ങളും, സാധാരണ ദിനകൃത്യങ്ങൾതന്നെയും ആരംഭിക്കുന്നതിനുമുമ്പ് ഹൃദയം സ്വർഗ്ഗത്തേക്കുയർത്തുക; ഈശോ, മറിയം എന്ന തിരുനാമങ്ങൾ ഉച്ചരിച്ച് അവരുടെ സഹായമപേക്ഷിക്കുക.

നിന്നെത്തന്നെയും നീ ചെയ്യുന്ന പ്രവൃത്തികളെയും ദൈവത്തിനു സമർപ്പിക്കുക; അവ കൂടുതൽ ഫലപുഷ്ടങ്ങളാകും. മാത്രമല്ല, ദൈവത്തിനു പ്രസാദകരവും മററുള്ളവർക്കും നിനക്കുതന്നെയും പ്രയോജനകരവും ആയിത്തീരുകയും ചെയ്യും

www.malankaralibrary.com


ഈ ശുദ്ധാനിയോഗത്തോടുകൂടെ ഉപര്യുപരി നന്മ ചെയ്യാൻ സദാ ഉത്സുകനായിരിക്കുക,

മൗനമായി ജോലി ചെയ്യുക: ആവശ്യമില്ലാതെ സംസാരിക്കരുത്; ഈശോ എന്ന മഹനീയനാമത്തിന്റെ ഉച്ചാരണത്തോടുകൂടെ നിന്റെ ഹൃദയത്തിൽനിന്നു ദൈവത്തിൻപക്കലേക്കു പ്രാർത്ഥന നിരന്തരം ഉയർന്നുകൊണ്ടിരിക്കട്ടെ.

മറിയത്തിന്റെ മാദ്ധ്യസ്ഥംവഴി ഈശോയെ നിരന്തരം സ്നേഹിക്കാനും, പുകഴ്ത്താനും പാടിസ്തുതിക്കാനും നിത്യാനന്ദത്തിന്റെ അനുഭൂതിക്കുള്ള ഒരുക്കമെന്നപോലെ, ഇവിടത്തന്നെ ആരംഭിച്ചുകൊള്ളുക. അവരോടൊന്നിച്ചു നിത്യകാലവും വാഴുന്നതിനു ഭാഗ്യം ലഭിക്കാൻവേണ്ടി അവരുടെ തിരുനാമങ്ങളുടെ മഹിമസ്തുതികൾ നിരന്തരം ആവർത്തിച്ചു പാടുക.

www.malankaralibrary.com


## II

ഈശോയെ സ്തുതിക്കുന്ന ആത്മാവിന്നു് മാധുര്യഗുണവും, മററുള്ളവരെ ആകർഷിക്കാനുള്ള വിശേഷശക്തിയും ലഭിക്കും; മറിയത്തെ വാഴ്ത്തുന്നവക്കു് ആന്തരികമായ അഴകും സിദ്ധിക്കും.

മനസ്സുഖം തോന്നുമ്പോൾ പാടുക; വിഷാദം വരുമ്പോൾ പ്രാർത്ഥിക്കുക.

സ്തുതിഗീതങ്ങൾ ആലപിക്കുന്നതിൽ നീ ഉദ്യുക്തനാകുമ്പോഴൊക്കെയും, സ്നേഹവികാരങ്ങൾ നിന്നിൽ ഉണർന്നുജ്വലിക്കയും, ഭക്തിയിൽ നീ പൂർവാധികം അഭിവൃദ്ധി പ്രാപിക്കയും ചെയ്യും.

ഈശോയെയും മറിയത്തെയും മറക്കരുതു്; അവർ നിന്നെയും മറക്കയില്ല. സർവ്വപ്രധാനമായി നിൻെറ മേൽതന്നെ സൂക്ഷ്മവും ജാഗ്രതയുമുണ്ടായിരിക്കുക; മററു കാര്യങ്ങളെല്ലാം മുറപ്പോലെ നടന്നുകൊള്ളും.

www.malankaralibrary.com


ദൈവപ്രസാദത്തിൻെറ വില അറിയുന്നതിനും ദൈവൈക്യത്തിൻെറ പരമാനന്ദം അനുഭവിക്കുന്നതിന്നും മുമ്പായി നീ അനത്ഥങ്ങളാൽ അവശനാകയും പീഡനങ്ങൾ നിമിത്തം ഹൃദയരക്തം ചിന്തുകയും ചെയ്യേണ്ടതായി വരുമെന്നോത്തുകൊള്ളുക.

സ്വജീവിതത്തെ നന്നാക്കുന്നതിനുതകുന്ന ഉപദേശങ്ങൾ ഈശോയിൽനിന്നും മറിയത്തിൽനിന്നും ശ്രവിച്ചു ഗ്രഹിക്കുവാൻ കഴിയുന്നവൻ ഭാഗ്യവാൻ.

കണ്ണുനീർ ചിന്താൻ കഴിയുന്നവൻ ആനന്ദം കണ്ടെത്തും; എന്തെന്നാൽ ഈശോയുടെ തിരുഹൃദയത്തിൻെറ കരുണ സകല പാപങ്ങളുടെയും ഭീകരതയെ അതിശയിക്കുന്നതാണ്; മറിയത്തിൻെറ വിമലഹൃദയം കരുണയുടെയും സഹതാപത്തിൻെറയും അളവില്ലാത്ത നിക്ഷേപസ്ഥാനവുമാണ്.

www.malankaralibrary.com

# III

## ജപം

ഒ മറിയമേ; ഈ ലോകത്തിലെ അപകടങ്ങൾ നിമിത്തം അവശമായ എൻെറ ആത്മാവു വിദേശവാസം അവസാനിപ്പിച്ചു നിൻെറ പക്കൽ മടങ്ങിവരുമ്പോൾ നീ അതിനെ വാത്സല്യപൂർവം സ്വീകരിക്കേണമേ; നീ തന്നെ സ്വർഗ്ഗവാതിൽ തുറന്നു പറുദീസായുടെ പരമാനന്ദത്തിലേക്കു് അതിനെ പ്രവേശിപ്പിക്കേണമേ.

നിൻെറ അടുത്തുതന്നെ എന്നെ വെച്ചുകൊള്ളേണമെ; ആശ്വാസവും മാധുര്യവും നിറഞ്ഞ ക്ഷമാവചനം ഈശോയുടെ തിരുസന്നിധിയിൽ നീ തന്നെ എൻെറ മേൽ ഉച്ചരിക്കേണമെ.

അമ്മേ! നിന്നെ അഭിവാദ്യം ചെയ്തുകൊണ്ടു് മാലാഖാ ചൊല്ലിയ ആ സ്വസ്തിവചനം നിനക്കെത്രയോ ആനന്ദകരമായിരുന്നു! മാധുര്യമേറിയ നിൻെറ തിരുനാമവും, ആ സ്തുതി

www.malankaralibrary.com


വചനവും നിരന്തരം ഭക്തിപൂർവം ആവർത്തിച്ചു നിന്നെ സ്തുതിക്കുവാൻ എന്നെ സഹായിക്കേണമെ. മറിയമേ! സ്വസ്തി!

ഒ മറിയമേ! എൻെറ നാഥേ! എൻെറ അമ്മേ! നിൻെറ വത്സലശിശുവിൻെറ പ്രാത്ഥനയും ഹൃദയഗീതവും സ്നേഹപൂർവം ശ്രവിക്കേണമേ; നിൻെറ ഉന്നതസിംഹാസനത്തിൽനിന്ന് ആർദ്രതയും സൗമ്യതയും വഴിഞ്ഞൊഴുകുന്ന വാത്സല്യകടാക്ഷങ്ങൾ എൻെറമേൽ വർഷിക്കേണമെ.

(The Garden of Roses, ch. VII).



www.malankaralibrary.com

ഇരുപത്തിനാലാമധ്യായം

# മറിയത്തിന്റെ മഹിമസ്തുതികഠം

## I

ഈശോയുടെ സ്തുതിയും സ്നേഹവും വളർത്തുവാൻ നീ പരമാവധി പരിശ്രമിച്ചിരുന്നെങ്കിൽ!

അങ്ങെ പരിശുദ്ധമാതാവിനെ വണങ്ങുവാനും ശുശ്രൂഷിക്കവാനും നീ ദിനംതോറും ഉപരി ഉത്സാഹിച്ചിരുന്നെങ്കിൽ!

എന്നാൽ കഷ്ടം! കുററകരമായവിധത്തിൽ തന്നെ പലപ്പോഴും അലസതയും ഭക്തിമാന്ദ്യവും, ഉദാസീനതയും ബലഹീനതയും നിന്നിൽ കുടികൊള്ളുന്നുണ്ട്; അനേകം പാപങ്ങളുടെ ഭാരവും മാലിന്യവും നിമിത്തം ഈശൊ-മറിയം എന്ന മധുരനാമങ്ങൾ ഉച്ചരിക്കവാൻപോലും നിനക്കർഹതയില്ല.

www.malankaralibrary.com

നിൻെറ യഥാൎത്ഥസ്ഥിതി ഇങ്ങിനെയിരിക്കേ യോഗ്യമാംവിധം നീ അവരെ എങ്ങിനെ സ്തുതിക്കും?

പാപകലുഷിതമായ ഹൃദയത്തിലും നാവിലും സ്തോത്രഗീതം അസ്ഥാനത്താണ്; പാവനമായ ദൈവനാമത്തെ യോഗ്യമാം വണ്ണം സ്തുതിക്കുവാൻ പരിശുദ്ധഹൃദയങ്ങൾക്കേ കഴിയൂ. പാപികൾക്കതു സാധ്യമല്ല, അതിന്നർഹതയുമില്ല.

എന്നാൽ മൗനമായിരിക്കാമോ? പാടില്ല; അതു നിർഭാഗ്യകരമാണ്; പിന്നെ എന്തു ചെയ്യും? അയോഗ്യമായി ശബ്ദിക്കാൻ തുനിയാമോ? അതു സ്വീകാര്യമായിരിക്കയില്ല, കുററകരമായിരിക്കും. എന്നാലിനി എന്താണു വേണ്ടതു്?

ദൈവകോപത്തിന്നിരയാകാതെ അവിടുത്തെ സന്നിധിയിലണഞ്ഞു് കരുണയും പാപമോചനവും പ്രാപിക്കാനെന്താണു മാൎഗ്ഗം?

www.malankaralibrary.com

ഹൃദയതാഴ്മ പാലിക്കുക, എല്ലായിടത്തും എല്ലായ്പോഴും. എല്ലാററിലും താഴ്ന്ന സ്ഥാനത്തു നില്ക്കുക; ഈശോയുടെ സ്നേഹത്തെ ആകർഷിക്കുന്നതിന്നും, അങ്ങെ പരിശുദ്ധ മാതാവിന്റെ അനുകമ്പയ്ക്കു വിഷയമാകുന്നതിന്നും ഇത്രയും നല്ല ഉപാധി വേറെ ഒന്നുമില്ല.

നിന്നെക്കുറിച്ചു തന്നെ താഴ്മയായി മതിച്ചുകൊള്ളുക; നിനക്കൊരു വിലയുമില്ലെന്നു കരുതുന്നതാണുത്തമം. ദൈവം നിന്റെമേൽ അലിവുതോന്നി നിന്റെ പാപങ്ങൾ ക്ഷമിക്കും; മറിയം നിനക്കുവേണ്ടി അപേക്ഷിക്കയും നിന്നെ ആശ്വസിപ്പിക്കയും ചെയ്യും.

അവരുടെ സന്നിധിയിൽ നീ ലജ്ജിക്കേണ്ടിവരികയില്ല; നേരെമറിച്ച് സമൃദ്ധവും സനാതനവുമായ സമ്മാനം പ്രാപിച്ചു നീ സ്തുത്യർഹനായിത്തീരും.

www.malankaralibrary.com


II

ഉപരിസുകൃതങ്ങൾകൊണ്ടു നിൻെറ ജീവിതത്തെ അലങ്കരിക്കുവാൽ നിനക്കു കഴിവില്ലെങ്കിൽ, ഭക്തജീവിതത്തിൽ കൂടുതൽ അഭിവൃദ്ധി പ്രാപിക്കുന്നതുവരെയും, സുകൃതങ്ങൾക്കുപകരം ശ്രദ്ധനിയോഗവും, ആദർശനിഷ്ഠയുമെങ്കിലുമുണ്ടായിരിക്കാൻ പരമാവധി പരിശ്രമിക്കുക.

തീക്ഷ്ണതയും ഭക്തിമാധുര്യവും ധാരാളമുള്ളവർ അക്ഷയമായ എരിവോടുകൂടെ പ്രാത്ഥിക്കുന്നതുകണ്ടു നീ അസൂയപ്പെടേണ്ട.

നിന്നിൽ സ്നേഹവും എരിവും അല്പം മാത്രമേ ഉള്ളുവെങ്കിൽ, അതെങ്കിലും സജീവസ്നേഹജ്വാലയുടെ മാതാവായ മറിയത്തിന്റെ കരങ്ങൾവഴി ഈശോയ്ക്കു സമർപ്പിക്കാൻ ഉത്സാഹിക്കുക,

"ദരിദ്രരും അഗതികളും നിൻെറ തിരുനാമത്തിനു സ്തുതി പാടുവാൻ വന്നുചേരും"

www.malankaralibrary.com

(സങ്കീ. 73.21) എന്നു് രജകീയപ്രവാചക നായ ദാവീദു പാടുന്നതനുസരിച്ചു്, മറിയം തന്നെ പുണ്യവാന്മാരുടെ ഭാഗ്യപ്പെട്ട ഗണത്തിലേക്കു പാപികളേയും ക്ഷണിക്കുന്നില്ലെങ്കിൽ, ദൈവമാതാവായ ആ മഹാറാണിയുടെ സന്നിധിയിൽ നിന്നു സംസാരിക്കുവാനോ ഭക്തിപൂർവം പ്രാർത്ഥിക്കാനോ നമുക്കു് ഒരിക്കലും യോഗ്യതയുണ്ടാകയില്ല.

## III

### ജപം

ഒ മറിയമേ! വ്യാകുലം നിറഞ്ഞ എൻെറ ആത്മാവിനോടു സംസാരിക്കുക; വിഷാദം നിറഞ്ഞ എൻെറ ഹൃദയത്തെ ആശ്വസിപ്പിക്കുക.

അമ്മേ! എന്നോടൊരു വാക്കു മാത്രം പറഞ്ഞാൽ മതി; നിൻെറ ആശ്വാസവചനത്തിൽനിന്നു ഞാൻ വീണ്ടും ധൈര്യം പ്രാപിക്കും.

www.malankaralibrary.com

വിഷമമേറിയതോ അസാധ്യമായതോ ഒന്നും ഞാനപേക്ഷിക്കുന്നില്ല; ഹൃദയത്തെ അതിഗാഢമായി സ്പർശിക്കുന്ന ആ പ്രോത്സാഹനവാക്ക്—അമ്മേ! അതുകൊണ്ടു മാത്രം എന്നിൽ സന്തുഷ്ടിയും ഉന്മേഷവും പരമാനന്ദവും വീണ്ടുമുണ്ടാകും.

പരിത്യക്തനായ ഒരു പുത്രനേപ്പോലെ ഞാൻ നിന്റെപക്കൽ വരുന്നു; ഒ മറിയമേ! എന്റെ മേൽ ഒന്നു പുഞ്ചിരിതൂകി എന്നെ സ്വീകരിക്കേണമെ. അതുകൊണ്ടെന്നിൽ ഹൃദയതാപം വളരുകയും, പാപപ്പൊറുതിയും പ്രസാദവും പ്രാപിച്ചെന്ന് എനിക്കു ബോധ്യം വരികയും ചെയ്യും.

അമ്മേ! ഞാൻ അത്യധികമായി ആഗ്രഹിക്കുന്ന സഹായം എനിക്കുതരേണമെ. ഞാനാശിക്കുന്ന ആശ്വാസത്താൽ എന്റെ ആത്മാവിനെ സുഖപ്പെടുത്തേണമെ. ഒ എന്റെ അമ്മേ! താമസിക്കരുതേ.

(Sermons to the Novices.
Sermon, XXV).

www.malankaralibrary.com

ഇരുപത്തഞ്ചാമദ്ധ്യായം

# മറിയംവഴി ഈശോയുടെ പക്കലേയ്ക്കു്

## I

ഈശോയുടെയും മറിയത്തിൻെറയും പക്കൽ ബഹുമാനവും സ്തുതിയും, ഹൃദയവും സ്നേഹവും സമർപ്പിക്കാൻ ദിവസംതോറും അണയുന്നവൻ ഭാഗ്യവാൻ.

അവരെ അന്വേഷിക്കയും വിളിച്ചപേക്ഷിക്കയും ചെയ്യുന്നവൻ ഭാഗ്യവാൻ. ഒ ഈശോയുടെ തിരുനാമത്തിൽ എന്തുമാത്രം മാധുര്യം! മറിയത്തിൻെറ തിരുനാമം എത്ര ആനന്ദകരം!

പിതൃഭവനമായ സ്വർഗ്ഗത്തിൽ മാലാഖമാരുടെ പരിവാരത്തോടുകൂടെ നമുക്കു നിത്യസമ്മാനം നൽകുവാൻ പ്രതീക്ഷിച്ചിരിക്കുന്ന ഈശോയെയും മറിയത്തെയും ഈ വിദേശവാസപ്രയാണത്തിൽ സ്മരിക്കുന്നവൻ ഭാഗ്യവാൻ.

www.malankaralibrary.com

ഈ ലോകയാത്രയിൽ വിശ്രമസ്ഥലം അന്വേഷിക്കാതെ, മിശിഹായോടുകൂടെ സ്വർഗ്ഗത്തിൽ നിത്യകാലം വാഴുന്നതിനു മാത്രം ആഗ്രഹിക്കുന്ന യാത്രികൻ ഭാഗ്യവാൻ.

സ്വർഗ്ഗരാജൻെറ മേശക്കുടുത്തു് അപ്പം യാചിച്ചുകൊണ്ടണയുന്ന അഗതികളും ഭിക്ഷുക്കളും ഭാഗ്യമുള്ളവർ. സ്ഥിരതയോടെ യാചിച്ചാൽ അവിടെനിന്നു് അല്പമെങ്കിലും ലഭിക്കാതിരിക്കയില്ല.

ദിവ്യകുഞ്ഞാടിൻെറ വിവാഹവിരുന്നിനു ക്ഷണിക്കപ്പെട്ടുന്നവർ ഭാഗ്യമുള്ളവർ. ഇതാണു് അൾത്താരയിലെ ദിവ്യവിരുന്നിൽ ദിനംപ്രതി സംബന്ധിക്കുന്നവരുടെ ഭാഗ്യം. സ്വർഗ്ഗത്തിലെ നിത്യവിരുന്നിലും അവർക്കു പ്രവേശം പ്രതീക്ഷിക്കാവുന്നതാണു്.

## II

വിശ്വാസികൾ ദിവ്യകാരുണ്യം സ്വീകരിക്കുകയും പുരോഹിതനോടൊന്നിച്ചു ദിവ്യ

www.malankaralibrary.com

ബലി അർപ്പിക്കുകയും ചെയ്യുന്ന ഓരോ പ്രാവശ്യവും ഈശോയുടെയും മറിയത്തിൻെറയും ഐക്യതയിൽ ആത്മാവിൻെറ ഭക്ഷണം സ്വീകരിക്കുന്നു.

ദിവ്യകാരുണ്യം സ്വീകരിക്കുന്നവൻ അതിനാൽ തന്നെ ഈശോയുടെ പ്രേഷിതനും, മറിയത്തിൻെറ സഹചരനും, വിശുദ്ധന്മാരുടെ ഗണത്തിൽപെട്ടവനും, ശ്ലീഹന്മാരുടെ സഹോദരനും, ദൈവത്തിൻെറ അന്തേവാസിയും, സ്വർഗ്ഗവാസികളുടെ ബന്ധുവും, മോക്ഷഭാഗ്യത്തിന്റെ നിത്യാവകാശിയുമായി തീരുന്നു.

ഈശോയെയും മറിയത്തെയും പ്രസാദിപ്പിക്കുവാൻ നീ ആഗ്രഹിക്കുന്നെങ്കിൽ ഉൾപതച്ചിയും സംഭ്രമവും അകററുക; ഹൃദയപക്ഷങ്ങളെയും പഞ്ചേന്ദ്രിയങ്ങളെയും സശ്രദ്ധം നിയന്ത്രിക്കുക.

നീ ഇതു ചെയ്യുന്നപക്ഷം അപകടസമയത്തപേക്ഷിക്കുമ്പോൾ സ്വർഗ്ഗത്തിൽ

www.malankaralibrary.com


നിന്നു് ആവശ്യമുള്ള സഹായം എപ്പോഴും ലഭിക്കും. എത്ര വലിയ ആപത്തായിരുന്നാലും കർത്താവുതന്നെ നിനക്കു സഹായം നൽകും.

അങ്ങനെയാണൊരു രാത്രിയിൽ കൊടുങ്കാററുയർന്നപ്പോൾ ഭയവിഹ്വലരായിത്തീർന്ന ശ്ലീഹന്മാർ ഈശോയെ വിളിച്ചപേക്ഷിച്ചതു്. ഈശോ ഉടനെ ഉണർന്നു് അവരോടരുൾചെയ്യുന്നു: "അല്പവിശ്വാസികളേ, നിങ്ങൾ എന്തുകൊണ്ടു പരിഭ്രമിക്കുന്നു. ഞാനിവിടെയുണ്ടു്; നിങ്ങൾ ഭയപ്പെടേണ്ട."
(വി. മത്താ. 8. 26.)

ഈശോയുടെ സ്വരത്തിൽ ആശ്വാസമരുളുന്ന മാധുര്യവും, ശക്തിപ്പെടുത്തുന്ന സഹായവും, പാപമോചനമരുളുന്ന പ്രസാദവും എല്ലാം മറന്നുകളയുന്ന ഹൃദയവിശാലതയുമുണ്ടു്.

മറിയത്തിൻെറ സ്വരം രമ്യതയുടേതാണു്; അതിൽ തേനിൻെറ മാധുര്യവും തേൻകട്ടയുടെ ഉറപ്പും ഉണ്ടു്.

www.malankaralibrary.com

# III

## ജപം

ഒ മറിയമേ! എൻെറ അമ്മേ! നിൻെറ സ്വരം എത്ര ഹൃദ്യവും ആകർഷകവും, പ്രോത്സാഹജനകവുമാകുന്നു!

അമ്മേ! ഈശൊ കുരിശിൽനിന്നരുൾചെയ്തതും, വാത്സല്യശിഷ്യനായ വി. യോഹന്നാൻ ശ്രവിച്ചതുമായ ആ മഹനീയസ്വരം ഞാനിപ്പോഴും കേൾക്കുന്നു: "എൻ്റെ മകനേ, ഇതാ നിൻെറ അമ്മ."

വി. യോഹന്നാൻ ഈശോയുടെ അധരങ്ങളിൽനിന്നു കേട്ടതുപോലെ, അമ്മേ! നിൻ്റെ നാവിൽനിന്നുകൂടെയും അതു കേൾക്കാൻ ഞാനാഗ്രഹിക്കുന്നു.

ഒ മറിയമേ! നിൻെറ ദാസനോടരുളുക "എൻെറ മകനേ! ഇതാ നിൻെറ അമ്മ ഇവിടെത്തന്നെയുണ്ടു്; ഇവിടെ, നിൻെറ അരികത്തുതന്നെ."

www.malankaralibrary.com


ഈ വചനം കേൾക്കുമ്പോൾ, വി. യോഹന്നാൻ അനുഭവിച്ച സന്തോഷംതന്നെ എൻെറ ആത്മാവും അനുഭവിച്ചാനന്ദിക്കും; ശക്തിയും ധൈര്യവും പ്രാപിക്കും.

അമ്മേ! സകല ശബ്ദങ്ങളേയും അതിലംഘിച്ച്, മാധുര്യമേറിയ നിൻെറ സ്വരം എൻെറ ചെവിയിൽ പതിയട്ടെ; എൻെറ ഹൃദയത്തെ സ്പർശിക്കട്ടെ. ഓ മറിയമേ! ഫലസമ്പുഷ്ടമായ നിൻെറ മാതൃത്വം വഴി പരിശുദ്ധാത്മാവിൻെറ ദാനങ്ങൾ എന്നിൽ നിറയട്ടെ.

(Monastic Enchiridion, ch. V.)



www.malankaralibrary.com

ഇരുപത്താറാമധ്യായം

# മറിയത്തിൻെറ മാതൃസംരക്ഷണം

I

മഹിമപ്രതാപമനുഭവിക്കുന്ന മഹാ പരിശുദ്ധയായ കന്യകാമറിയത്തിൻെറ സ്മരണക്കുടെക്കൂടെ നവീകരിച്ചു ശിശുസഹജമായ ആശ്രിതബോധത്തോടെ ആ അമ്മയുടെ മാതൃസംരക്ഷണത്തിന് തങ്ങളെ ഭരമേല്പിക്കുക എന്നതു് സകലരും പരിശീലിക്കേണ്ട രക്ഷാകരമായ ഒരു ഭക്തികൃത്യമാകുന്നു.

മറിയമെന്ന മധുരനാമം ആവർത്തിച്ചുച്ചരിക്കുന്നതിൽനിന്നു മനസ്സിന്നുറപ്പും ധൈര്യവും സിദ്ധിക്കുന്നു. കഷ്ടപ്പെട്ടുന്നവരുടേയും നന്മനസ്സോടെ ക്ലേശഭാരം സഹിക്കുന്നവരുടേയുംമേൽ പ്രസാദസംദായകമായ ആശിസ്സു തൻെറ ദിവ്യപുത്രനിൽനിന്നു പ്രാപിച്ചു ചൊരിയുവാൻ മറിയം സദാ സന്നദ്ധയുമാണു്.

www.malankaralibrary.com

വാസ്തവത്തിൽ, മറിയം സ്വർഗ്ഗത്തിലിരുന്നു് അപേക്ഷിക്കുന്നില്ലായിരുന്നെങ്കിൽ, ഇത്രയധികം പാപങ്ങളുടേയും വഷളത്തങ്ങളുടേയും മദ്ധ്യേ ലോകത്തിനെന്തു സംഭവിക്കുമായിരുന്നു!

മറിയത്തെ വിളിച്ചപേക്ഷിക്കേണ്ടതു സകല ക്രിസ്ത്യാനികളുടേയും കടമയാണു്. ഭക്താത്മാക്കൾക്കും സന്യാസികൾക്കും ഇതൊരു പ്രത്യേക ചുമതലയാണു്; എന്തെന്നാൽ ലോകത്തേയും അതിലുൾപ്പെട്ട സകല വസ്തുക്കളേയും പരിത്യജിച്ചുകൊണ്ടു സുകൃതങ്ങൾ അഭ്യസിക്കാനും പൂണ്യപൂർണ്ണത പ്രാപിക്കാൻ ഉത്സാഹിക്കാനും നിയുക്തരാണവർ.

എന്നാൽ മറിയത്തോടു നമ്മൾ അപേക്ഷിക്കേണ്ടതെന്തെല്ലാമാണു്? — ഒന്നാമതു് നമ്മുടെ പാപങ്ങൾക്കു മോചനം. രണ്ടാമതു്—എളിമ പരിശീലിക്കാനുള്ള വിശേഷ സഹായം; ദൈവത്തിനു പ്രസാദകരമായതു ഹൃദയതാഴ്മ മാത്രമാണല്ലൊ.

www.malankaralibrary.com

കൂടാതെയും, ദാരിദ്ര്യം പരിശീലിക്കാനുള്ള അവസരങ്ങൾ നമ്മൾ ആഗ്രഹിക്കണം; നമുക്കു ലഭിച്ചിട്ടുള്ള ദാനങ്ങളെക്കുറിച്ചു വ്യർത്ഥമായി അഭിമാനിക്കരുതു്; ഇതു കരുതാത്തപക്ഷം നമ്മൾ അനുഭവിക്കുന്ന ദാരിദ്ര്യംകൊണ്ടൊരു ഫലമുണ്ടാകയില്ല.

## II

പരമാത്ഥമായ എളിമ, പരിപൂണ്ണമായ ദാരിദ്ര്യം, മുഴുമനസ്സോടുള്ള അനുസരണം, ദൈവപുത്രന്മാക്കനുയുക്തമായ ഉപവി എന്നീ പുണ്യങ്ങൾ നമ്മിൽ സമ്പൂണ്ണമാകുന്നതിനാവശ്യമായ മേൽപ്പറഞ്ഞ സൽഗ്ഗുണങ്ങളിൽ നിന്നു നാമെന്തുമാത്രം അകലത്താണെന്നു ചിന്തിച്ചു വിലപിക്കുക.

എന്നാൽ ഈ വിശേഷഗുണങ്ങളുടെയെല്ലാം അതിവിശിഷ്ടമായ ഒരു സമ്മേളനവും, സമ്പൂർണ്ണതയും പരിശുദ്ധ കന്യകാമറിയത്തിൽ കാണാവുന്നതാണു്.

www.malankaralibrary.com



ഒരു യാചകനെപ്പോലെ അവളുടെ പാദത്തുങ്കൽ വീണു് നമുക്കു തനിയെ സമ്പാദിക്കാൻ ശേഷിയില്ലാത്തവയും, എന്നാൽ പുണ്യപൂർണ്ണത പ്രാപിക്കാൻ അത്യാവശ്യകവുമായ ഈ വിശിഷ്ടഗുണങ്ങളുടെ ഒരല്പാംശമെങ്കിലും തരുവാൻ പരിശുദ്ധകന്യകയോടപേക്ഷിക്കുക.

ദൈവത്തിൽനിന്നു പ്രാപിക്കേണ്ടവയെല്ലാം മറിയംവഴി അപേക്ഷിക്കുക; അവൾക്കു ഭൂമിയിൽ മാത്രമല്ല, ശുദ്ധീകരണസ്ഥലത്തും അധികാരമുണ്ടു്.

അവളുടെ പ്രതാപവും സ്വാധീനശക്തിയും സകലമാലാഖമാരുടെയും, പുണ്യവാന്മാരുടെയും മഹിമയെ അതിശയിച്ചു ദൈവത്തിങ്കലോളം എത്തുന്നു. അവയുടെയെല്ലാം ദാതാവായ ദൈവം മാത്രമേ അവളെ അതിശയിക്കുന്നുള്ളൂ.

എന്നാൽ ഈ വല്ലഭവും മഹിമയും വിശേഷവരങ്ങളുമെല്ലാം അവൾക്കു ലഭിച്ചിട്ടുള്ളതു്,

www.malankaralibrary.com

അവളോടപേക്ഷിക്കുന്ന ഭൂവാസികളായ നമുക്ക വിതരണംചെയ്തു തരുവാൻ വേണ്ടിയാണു്.

അവളുടെ അപേക്ഷകൾ ദൈവം സദാ ശ്രവിക്കുന്നുവെന്നറിഞ്ഞു ഈ അമ്മയുടെ ആർദ്രസ്നേഹത്തിനു് നിന്നെത്തന്നെ മകനെന്നവണ്ണം ഭക്തിപൂർവം സമർപ്പിക്കുക.

ഈശോയ്ക്കു പ്രസാദകരവും, നിൻെറ ആത്മരക്ഷക്കു 'പ്രയോജനകരവും ആയവ മാത്രമേ അപേക്ഷിക്കാവൂ; നിന്റെ ആവശ്യങ്ങൾ നിന്നെക്കാൾ നല്ലവണ്ണം അവൾക്കറിവുണ്ടു്.

ഹൃദയതാപത്തോടെ പാപപ്പൊറുതി അപേക്ഷിച്ചുകൊണ്ടു ഹൃദയതാഴ്മ പാലിക്കുന്നതാണു് ദൈവത്തിനും മറിയത്തിനും എറ്റവും പ്രസാദകരമായിട്ടുള്ളതു്. സ്വന്തം താഴ്മയെ അനുസ്മരിച്ചുമാത്രമാണു് ദൈവസന്നിധിയിൽ ആഹ്ലാദപുരസ്സരം അവൾ പാടി ആനന്ദിച്ചിട്ടുള്ളതു്; മററു വിശേഷവരങ്ങളെക്കുറിച്ചു സദാ മൗനം ദീക്ഷിക്കുകയാണവൾ ചെയ്തിട്ടുള്ളതു്.

www.malankaralibrary.com


ആകയാൽ എല്ലായിടത്തും എളിമ.

എല്ലാക്കാര്യങ്ങളിലും എളിമ.

# III

## ജപം

ഒ എൻെറ ആത്മാവേ! വരിക, നമ്മുടെ സ്നേഹമുള്ള അമ്മയെ നമുക്കാശ്ലേഷിക്കാം; ദൈവത്തിൻെറയും നമ്മുടെയും വത്സലമാതാവിനെ നമുക്ക ചുംബനങ്ങൾകൊണ്ടഭിഷേകം ചെയ്യാം; മനുഷ്യപുത്രരിലേററവും സുന്ദരനായ ഉണ്ണിയീശോയേയും മാതാവിന്റെ മടിയിൽവെച്ച് ഉമ്മകൾ നൽകാം.

ഒ മറിയമേ! ദരിദ്രരുടേയും അനാഥരുടേയും അപേക്ഷകൾ നീ സദാ കേൾക്കുന്നുവല്ലോ. നിൻെറ പക്കൽ സദാ വരികയും സ്ഥിരതയോടെ പ്രാൎത്ഥിക്കയും ചെയ്യുന്നവരെ ആശ്വസിപ്പിക്കാതെ നീ ഒരിക്കലും വെറുതെ വിട്ടയയ്ക്കുകയില്ലല്ലോ.

ഒ മറിയമേ! നീ ദൈവത്തിൻെറ കന്യകയായ മാതാവാണല്ലൊ. സമസ്തലോകത്തി

www.malankaralibrary.com

ൻെറയും, ആശാകുസുമത്തെ സംവഹിക്കുന്ന വിസ്മയനീയവും രാജകീയവുമായ സ്നേഹ വല്ലിയല്ലോ നീ!

ഞങ്ങളെല്ലാവരുടെയും രക്ഷകനായ ഈശോ! അങ്ങേയ്ക്കു എന്നെന്നും സ്തുതിയും മഹത്വവും ഉണ്ടായിരിക്കട്ടെ.

(Cloistral Discipline ch. XIV).

www.malankaralibrary.com

ഇരുപത്തേഴാമധ്യായം

# മറിയത്തെ നിരന്തരം നിനച്ചുപേക്ഷിക്കുക

## I

"സുഗന്ധവാഹിയായ മീറാപോലെ ഞാൻ സുരഭിലപരിമളം പ്രസരിപ്പിച്ചുകൊണ്ടേയിരുന്നു." (പ്രസംഗകൻ, 24. 27.)

എന്റെ മകനേ! നീ മറിയത്തിന്റെ മാതൃകയേയും സുകൃതങ്ങളേയുംകുറിച്ചു ഗാഢമായി ധ്യാനിക്കുക.

പരിമളം വഹിക്കുന്ന അതിവിശിഷ്ടമായ മീറായാണവൾ; അവൾ സൗരഭ്യം പ്രസരിപ്പിക്കുന്നു; അവൾ നൽകുന്ന അമൂല്യഫലമാണ്—ഈശോ.

ഭൂവാസികൾക്കെല്ലാം ചേതസ്സമാകർഷകവും, ഹൃദയസ്പർശകവുമായ ആശ്വാസമരുളുന്നതവളാണ്.

www.malankaralibrary.com

മറിയമെന്ന തിരുനാമം നമ്മുടെ ഹൃദയത്തിൻെറ അഗാധത്തിൽ നിക്ഷേപിക്കുക; അതു നമുക്കെപ്പോഴും ആശ്വാസമരുളും.

മറിയത്തിൻെറ സ്നേഹഭാജനമായിത്തീരുന്നതു് അമൂല്യമായ ഒരാനുകൂല്യമാകുന്നു.

മറിയത്തിൻെറ നേരേയുള്ള സ്നേഹം ദുർവ്വികാരാഗ്നിയെ കെടുത്തിക്കളയുകയും സൽഗുണസമ്പത്തിൻെറ ആനന്ദവും പ്രശാന്തതയും നമുക്കു പ്രദാനംചെയ്കയും ചെയ്യുന്നു.

മറിയത്തിൻെറ സ്നേഹം ലോകത്തെ വെറുക്കാനും ദൈവത്തിനു വിനീതശുശ്രൂഷ ചെയ്യാനും നമ്മെ പഠിപ്പിക്കുന്നു.

മറിയത്തിൻെറ സ്നേഹം ദുർമാർഗ്ഗത്തിൽനിന്നു നമ്മെ കാത്തുരക്ഷിച്ചു സുകൃതാഭ്യാസത്തിനു പ്രചോദനവും നേതൃത്വവും നൽകുന്നു.

## II

ആകയാൽ മറിയത്തിൻെറ നേൎക്കു സവിശേഷമായ ഭക്തി പരിശീലിക്കുക; വളരെ

www.malankaralibrary.com



വിശേഷമായ ആനുകൂല്യങ്ങളും അനുഗ്രഹങ്ങളും അതിൽനിന്നു നമുക്കു സിദ്ധിക്കും.

മറിയത്തെ നിനച്ചപേക്ഷിക്കുക; വിജയം സുനിശ്ചിതമാണ്.

മറിയത്തെ വണങ്ങുക; പരിപാവനമായ പരമാനന്ദം അതിൽതന്നെയുണ്ട്.

മറിയഭക്തിയിൽനിന്നു രണ്ടു ഫലങ്ങളാണു സിദ്ധിക്കുന്നത്. ഒന്നാമത് സുഖവും സുഭിക്ഷതയുമുള്ളപ്പോൾ ദൈവത്തെ വിസ്മരിക്കാതെ അങ്ങേ സ്തുതിക്കാൻ സാധിക്കും. രണ്ടാമത്ത് ക്ലേശങ്ങളും അനർത്ഥങ്ങളും നേരിടുമ്പോൾ നിരാശപ്പെടാതെ എല്ലാം ക്ഷമയോടെ സഹിക്കാൻ ശേഷിയുണ്ടാകും.

ഭൗമികജീവിതത്തിൽ ദൈവത്തിൽനിന്നു പ്രാപിച്ച ഉദാരമായ നിരവധി അനുഗ്രഹങ്ങളെപ്രതി മറിയം അവിടുത്തേയ്ക്കു സ്തുതിസ്തോത്രം ചെയ്തുകൊണ്ടിരുന്നത് ഈ വിധത്തിലാണ്.

ക്ലേശങ്ങളിലും അതേവിധം തന്നെയാണ വൾ പ്രവർത്തിച്ചത്; സൗമ്യതയും മാധുര്യ്യഗു ണവും ഒരിക്കലും കൈവെടിയാതെ, ബഹു മതികൾ സ്വീകരിക്കുന്നതിനെക്കാൾ താ ഴ്ന്നപദവിയിൽ സ്ഥിതിചെയ്യാൻ അവൾ സദാ ഇഷ്ടപ്പെട്ടിരുന്നു.

III

ജപം

ഒ ഏത്രയും പരിശുദ്ധ കന്യകേ! ഒ മഹി മപ്രതാപവതിയായ മാതാവേ! ഒ മറിയമേ! നീ സ്വർഗ്ഗത്തിൻെറ വാതിലും, ജീവസംദാ യികയും, ദൈവത്തിൻെറ ആലയവും, പരി ശുദ്ധാത്മാവിനു പ്രീതിപ്പെട്ട അധിവാസ സ്ഥലവും ആകുന്നുവല്ലോ.

മനുഷ്യസൃഷ്ടികളിൽ കാണാവുന്ന സകല അഴകും സൗന്ദര്യവും, ദൈവസായൂജ്യം പ്രാ പിച്ച സ്വർഗ്ഗത്തിലെ വിശുദ്ധന്മാരിലുള്ള സകല മഹിമയും പ്രതാപവുമെല്ലാം നിന്റെ

www.malankaralibrary.com


ഉന്നതപദവിയിൽ അടങ്ങിയിരിക്കുന്നുവെന്നൽഘോഷിക്കുന്നതിൽ ഒരു തെററുമില്ല.

നിത്യഭാഗ്യം പ്രാപിപ്പാൻവേണ്ടി എന്റെ അമ്മയും സ്വർഗ്ഗീയമദ്ധ്യസ്ഥയുമായ മറിയത്തെ സകല സൃഷ്ടികളോടുമൊന്നിച്ച് നിരന്തരം വാഴ്ത്തിസ്തുതിക്കുവാൻ ഞാൻ ശ്രമിക്കുന്നതാണ്; ഈ ലോകത്തിൽ മാത്രമല്ല പരലോകത്തിലും ഇതുതന്നെയായിരിക്കും എനിക്കേററവും ഇഷ്ടപ്പെട്ട ജീവിതകൃത്യം; മറിയത്തിൻെറ ദിവ്യസുതൻ ഈശോ സദാകാലവും സ്തുതിക്കപ്പെടട്ടെ.

(Sermons to the Novices, XXV)

www.malankaralibrary.com

ഇരുപത്തെട്ടാമദ്ധ്യായം

# മറിയത്തിൻെറ മാദ്ധ്യസ്ഥം

## I

ശിഷ്യൻ

ഒ മറിയമേ! നിൻെറ അധരങ്ങൾ പ്രസാദം ചൊരിയുന്നു, ഒ എൻെറ നാഥേ! എന്റെ അമ്മേ! എൻെറ ആത്മാവിനോടു സംസാരിക്കുക; നിർഭാഗ്യപാപികൾക്കു നീ സൗമ്യയും ആശ്വാസസംദായികയുമാണല്ലോ.

മറിയം

അതെ, എൻെറ മകനേ, ഞാൻ കരുണയുടെ മാതാവും, ആർദ്രഹൃദയയുമാകുന്നു.

ഞാൻ പാപികൾ പരഗതി ചേരുന്ന ജ്ഞാനകോവണിയാകുന്നു.

ഞാൻ കുററക്കാർക്കു മോചനവും ശരണവുമാകുന്നു.

ഞാൻ ദുഃഖിതരുടെ ആശ്വാസമാകുന്നു.

www.malankaralibrary.com

ഞാൻ സ്വർഗ്ഗവാസികളുടെ സന്തുഷ്ടിയും ആനന്ദവുമാകുന്നു.

എന്നെ സ്നേഹിക്കുന്ന നിങ്ങളെല്ലാവരും എൻെറ പക്കൽ വരുവിൻ; ഞാൻ നൽകുന്ന ആശ്വാസം നിങ്ങളെ സമ്പൂർണ്ണരാക്കും.

വരിക, എന്നോടപേക്ഷിക്കുന്ന സകലരോടും എനിക്കു വളരെ മനസ്സലിവുണ്ടു്; വരിക; സകലരും, നീതിമാന്മാർ മാത്രമല്ല, പാപികളും വരിക; നിത്യദൈവമായ എൻെറ പുത്രനോടു ഞാൻ അപേക്ഷിക്കാം. പരിശുദ്ധാത്മാവു വഴി അവിടുന്നു നിങ്ങളെല്ലാവർക്കും പാപമോചനം നൽകും.

സകലരേയും ഞാൻ ക്ഷണിക്കുന്നു; ഞാൻ ഓരോരുത്തരുടെയും വരവു നോക്കിയിരിക്കയാണു്: വരിക, എനിക്കെല്ലാവരേയും കാണണം; യാതൊരു പാപിയേയും ഞാൻ വെറുക്കുന്നില്ല; അങ്ങിനെ ഒരിക്കലും സംഭവിക്കയില്ല; മനസ്സുതിരിഞ്ഞു മടങ്ങിവരുന്ന ഓരോ

www.malankaralibrary.com

പാപിയെക്കുറിച്ചും മാലാഖമാരോടൊന്നിച്ചു ഞാൻ സന്തോഷിക്കുന്നു.

ലോകം മുഴുവൻെറയും രക്ഷയ്ക്കുവേണ്ടി ദൈവത്തിനു സമർപ്പിക്കപ്പെടുന്ന എൻെറ ദിവ്യപുത്രൻെറ തിരുരക്തം ഫലപ്രദമാകുന്നതു് ഇങ്ങിനെയാണു്.

വാത്സല്യമുള്ള മക്കളേ, വരിക, ദൈവത്തിൽ നിന്നകന്നുപോകാതെ എൻെറ മാതൃഹൃദയത്തിൽ നിങ്ങളെ ഞാൻ ഭദ്രമായി സൂക്ഷിച്ചുകൊള്ളാം.

ദൈവകോപം നിങ്ങളുടെ നേരെ ജ്വലിച്ചെരിയുകയാണെങ്കിൽ, നിങ്ങൾക്കു പൊറുതി ലഭിക്കുന്നതുവരെയും ഞാനതു ശമിപ്പിച്ചു കൊള്ളാം.

നിങ്ങൾ ഒന്നുചെയ്താൽ മാത്രം മതി; പാപമാർഗ്ഗത്തെ വിട്ടു് ദൈവത്തിൻ പക്കലേയ്ക്കു തിരിയണം,

അങ്ങെ സ്നേഹത്തെയും പ്രസാദത്തെയും നിങ്ങൾ ദുഷിച്ചു; അതിനു നിങ്ങൾ ക്ഷമാ

www.malankaralibrary.com

പണം ചെയ്യുക: ഞാൻ നിങ്ങൾക്കു സമാധാനവും പാപമോചനവും പ്രാപിച്ചുതരാം. സ്വർഗ്ഗത്തിനും നിങ്ങൾക്കും മദ്ധ്യേ, ലോകത്തിനും ദൈവത്തിനും മദ്ധ്യേ എന്നെ മദ്ധ്യസ്ഥയായി സ്ഥാപിച്ചതു ദൈവംതന്നെയാണ്.

## II

### ശിഷ്യൻ

ഒ എത്ര മാധുര്യവും പ്രസാദവും നിറഞ്ഞ വചനങ്ങൾ! ആശ്വാസവും സന്തുഷ്ടിയും സംവഹിച്ചുകൊണ്ടു സ്വർഗ്ഗത്തിൽനിന്നുതന്നെ വരുന്ന മൃദുലവചനങ്ങൾ! ഈ സ്വരം പാപിക്ക് ആശാവഹവും നീതിമാനു പ്രോത്സാഹജനകവുമാകുന്നു; സകലക്കും സ്വർഗ്ഗീയശാന്തിയുടെ ഒരു പ്രതിധ്വനിയും മുന്നനുഭവവും പ്രദാനം ചെയ്യുന്ന മാതൃസ്വരമാകുന്നു അതു്.

എൻെറ രക്ഷിതാവിൻെറ മാതാവെന്നോടു സംസാരിക്കുവാൻ കനിയുക എന്ന ബഹുമാനം എനിക്ക് ഇന്നു ലഭിക്കാൻ എ

www.malankaralibrary.com

ന്തർഹത? ഒ എൻെറ അമ്മേ! നീ ഭാഗ്യവതിയാകുന്നു; നിൻെറ സ്വരവും സൗഭാഗ്യസംദായകമാകുന്നു.

നിൻെറ സ്വരത്തിൽ പാലും തേനും സമൃദ്ധിയായുണ്ട്; നിൻെറ വചനങ്ങളുടെ സൗരഭ്യം സകല പരിമളങ്ങളുടെയും സൗരഭ്യത്തെ അതിശയിക്കുന്നു.

നിൻെറ സ്വരം ശ്രവിക്കുമ്പോഴെല്ലാം, ഒ മറിയമേ! എൻെറ ആത്മാവു സ്വർഗ്ഗത്തേയ്ക്കുയർത്തപ്പെടുന്നു. നിൻെറ വചനങ്ങൾ കേൾക്കുമ്പോൾതന്നെ എൻെറ ഹൃദയം തുടിക്കയും, ഞാൻ സർവാംഗം സന്തോഷപൂരിതനാകയും ചെയ്യുന്നു, എന്തെന്നാൽ നീ സൗഭാഗ്യസംദായകിയാണ്.

പരിപാവനവും സൗമ്യതനിറഞ്ഞതുമായ നിൻെറ വചനശ്രവണത്താൽ തന്നെ എൻെറ വിഷാദമെല്ലാം നീങ്ങി ഞാൻ ഭദ്രത പ്രാപിക്കുന്നു.

www.malankaralibrary.com


സകലരാല്യം പരിത്യക്തനായി നിരാശതയിൽ ഞാൻ വലയുകയായിരുന്നു; നീ എന്നെ സന്ദർശിക്കയും ആശ്വസിപ്പിക്കയും ചെയ്യുന്നു.

നിൻെറ കരങ്ങൾ എൻെറമേൽ നീട്ടി നീ എന്നെ സ്പർശിച്ചപ്പോൾ എൻെറ അവശതകളെല്ലാം നീങ്ങി എനിക്കു സുഖം ലഭിച്ചു.

എനിക്കു സംസാരിക്കാൻപോലും ശേഷിയില്ലായിരുന്നു. ഇപ്പോൾ എനിക്കു നല്ല ഉന്മേഷവും പ്രസരിപ്പുമുണ്ടായിരിക്കുന്നു. സംസാരിക്കാൻ മാത്രമല്ല, നിൻെറ സ്തുതികൾ പ്രകീർത്തിക്കുവാൻതന്നെയും എനിക്കിപ്പോൾ കഴിവുണ്ടെന്നു തോന്നുന്നു.

ജീവിതംതന്നെയും എനിക്കൊരു ഭാരമായിരുന്നു; എന്നാൽ ഇപ്പോൾ മരണത്തെപ്പോലും എനിക്കു ഭയമില്ല: ദൈവത്തിൻ പക്കൽ നീ മദ്ധ്യസ്ഥയായിട്ടുണ്ടെന്നു് എൻെറ അമ്മേ! എനിക്കുറപ്പുണ്ടു്.

എന്നെ സംബന്ധിച്ച സകലകാര്യങ്ങളും, എൻെറ ഭാവിജീവിതത്തിൻെറ ഓരോ നീ

www.malankaralibrary.com

മിഷവും, സ്നേഹം നിറഞ്ഞ എൻെറ അമ്മേ! നിൻെറ ആർദ്രതനിറഞ്ഞ മാതൃസംരക്ഷണ ത്തിന്നു് ഞാൻ ഭരമേല്പിക്കുന്നു.

ആരുമൊരാശ്രയമില്ലാതിരുന്ന എന്നോടു നീ സംസാരിച്ച ദിവസം മുതൽ ഞാൻ വേ റൊരാളായിത്തീന്നിരിക്കുന്നു; എന്റെ ആത്മാവിലിപ്പോൾ ഒരു നവചൈതന്യം സംജാതമായിട്ടുണ്ടു്.

എന്നിൽ ആശയും ഉന്മേഷവും എല്ലാം നശിച്ചിരുന്നു; എന്നാൽ എൻെറ അമ്മേ! നീ എന്നെ വിളിച്ചപ്പോൾ ശക്തിയും, ധൈര്യ്യവും, സന്തുഷ്ടിയുമെല്ലാം എന്നിൽ നിറയുകയും, ഞാൻ എഴുന്നേൽക്കുകയും ചെയ്തു.

## III

### മറിയം

വാത്സല്യമുള്ളകുഞ്ഞേ! നിന്നിൽ എന്താണുസംഭവിച്ചതു്? നിൻെറ ശത്രുക്കളെല്ലാം എവിടെ?

www.malankaralibrary.com

മേലിൽ നീ ഒന്നും ഭയപ്പെട്ടേണ്ട; നന്റെ സംരക്ഷണത്തിനു ഞാനുണ്ട്; എന്റെ വത്സലകുമാരനും നിന്റെ സഹോദരനുമായ ഈശോയിൽ സകല ഭദ്രതയും നിനക്കു ഞാൻ നൽകുന്നു; ഈശൊ നിന്റെ നിത്യപുരോഹിതനും, ബലിവസ്തുവും, മദ്ധ്യസ്ഥനുമാകുന്നു.

ഈശോയിൽ പൂർണ്ണമായി ആശ്രയിക്കുക; ഒന്നും ഭയപ്പെട്ടേണ്ട. അവിടുന്ന് ന്യായാധിപതിയായി പിതാവിന്റെ വലത്തുഭാഗത്തിരിക്കുന്നുവെങ്കിലും, ജീവന്റെയും മരണത്തിന്റെയുമെല്ലാം അധിപനും അവിടുന്നുതന്നെയാണ്.

അനാദിമുതൽ പിതാവിൽനിന്നു ജനിക്കുന്ന പുത്രൻ കാലത്തിന്റെയളവിൽ എന്റെ ഉദരത്തിൽ മനുഷ്യനായി അവതരിച്ചു ലോകത്തെ രക്ഷിച്ചു.

സകല പ്രത്യാശയുടെയും ഉറവിടവും, സകല ആശ്വാസങ്ങളുടെയും നിദാനവും, സക

www.malankaralibrary.com

ല വിജയങ്ങളുടെയും അടിസ്ഥാനവും ഈശൊ ആകുന്നു.

എന്റെ മകനേ! ഈശൊ-മറിയം എന്ന മധുരനാമങ്ങൾ എപ്പോഴും നിന്റെ ഓർമ്മയിലുണ്ടായിരിക്കട്ടെ; എന്നാൽ ശത്രുവിന്റെ ഉപദ്രവങ്ങളെ ഒരിക്കലും നീ ഭയപ്പെടേണ്ടിവരികയില്ല.

(Soliloquy of the Soul, ch. XXIV).



www.malankaralibrary.com

## ഇരുപത്തൊൻപതാമദ്ധ്യായം

# മാതൃസല്ലാപം

## I

### ശിഷ്യൻ

ഒ മറിയമേ! വിഷാദം-പൂണ്ടു വിഷമിച്ചിരിക്കുന്ന എന്റെ പാവപ്പെട്ട ആത്മാവിനെ സന്ദർശിക്കുവാൻ നീ തിരുമനസ്സാകുന്ന നിമിഷം ഭാഗ്യപ്പെട്ടതാകുന്നു.

ഒ എന്റെ അമ്മേ! വേഗം വരിക. നിന്റെ ആശ്വാസവചനങ്ങൾ കേൾക്കാൻ ഞാൻ കൊതിച്ചിരിക്കുന്നു.

നിന്റെ വചനങ്ങൾ എന്റെ മനസ്സിനെ സ്വർഗ്ഗത്തേക്കുയർത്തുകയും, എന്റെ ഉള്ളിൽ സ്നേഹാഗ്നി ഉജ്ജ്വലിപ്പിക്കയും ചെയ്യുന്നു. എന്റെ മനസ്സിനെ പ്രകാശിപ്പിക്കയും ഹൃദയത്തെ ഉണർത്തുകയും ചെയ്യുന്നു.

ഒ മറിയമേ! പരമസൗഭാഗ്യവതിയായ മാതാവേ! നിന്റെ വത്സലസുതനായ ഉണ്ണി

www.malankaralibrary.com


ഈശോശ്ലീഹാ നീ അമ്മിഞ്ഞികൊടുത്തതുപോലെതന്നെയാണ് ആശ്വാസമെന്ന പാല്പതന്നു നിന്റെ വാത്സല്യമക്കളായ ഞങ്ങളെ നീ ഇപ്പോൾ പുലർത്തുന്നതു്.

നിന്നോടപേക്ഷിക്കുന്ന ഒരുവനും നിന്റെ സഹതാപം നീ നിഷേധിക്കുന്നില്ല; നിന്നെ ദ്രോഹിക്കുന്നവരെപ്പോലും നീ സഹായിക്കുന്നു.

ഒ ആർദ്രതയുള്ള അമ്മേ! മാധുര്യം നിറഞ്ഞ അമ്മേ! കരുണയുള്ള അമ്മേ! സ്നേഹം നിറഞ്ഞ അമ്മേ! അന്യാദൃശയായ കന്യകേ! സ്നേഹയോഗ്യയായ കന്യകേ! ദൈവപുത്രനെതന്നെ മകനായി ലഭിക്കുവാൻ അർഹയായ അമ്മ നീ മാത്രമാണ്.

നീ ഞങ്ങളെല്ലാവരുടെയും ഓരോരുത്തരുടെയും അമ്മയാണ്: ഞങ്ങളെല്ലാവർക്കും ഓരോരുത്തർക്കും നിന്റെ ഹൃദയത്തിന്റെ ഒരംശവും, നിന്റെ വാത്സല്യത്തിന്റെ ഒരംശവും നീ തരുന്നുണ്ട്.

www.malankaralibrary.com

ഓ കന്യാഗണത്തിന്റെ മകുടമായ നിത്യ കന്യകേ! നീ മനുഷ്യവർഗ്ഗത്തിന്റെ മാതാവും സകല മാലാഖമാരുടെയും രാജ്ഞിയുമാണല്ലോ. നീ വന്ന് എന്നെ പാപഭാരത്തിൽ നിന്നു മോചിക്കുക; നിന്റെ സ്നേഹമടിയിൽ തന്നെ എന്നെ സൂക്ഷിച്ചുകൊള്ളുക.

നിന്റെ പ്രസാദപ്രവർത്തനത്താൽ മൃദുലമായി ഭവിച്ചിരിക്കുന്ന എന്റെ ആത്മാവിനെ ഉപരിദാനങ്ങളാൽ നീ സമ്പുഷ്ടമാക്കുക; സ്വർഗ്ഗീയവരങ്ങൾ മഞ്ഞുപോലെ വർഷിച്ച് ദൈവികജീവചൈതന്യം എന്നിൽ വളർത്തുക; നീ കരുണയുടെയും ജീവന്റെയും അമ്മയാണെന്ന് ഇവിടെ വച്ചുതന്നെ എനിക്കും പൂർണ്ണബോധ്യം വരട്ടെ.

II

മറിയം

എന്റെ മകനേ! ഞാൻ മനോഹരസ്നേഹത്തിന്റെയും ശാലീനതയുടെയും മാതാവാ

www.malankaralibrary.com

ണ്; ആർദ്രവചനങ്ങളുടെയും ആനന്ദസം ദായകമായ ആശ്വാസങ്ങളുടെയും അമ്മയും ആകുന്നു ഞാൻ.

എൻെറ നാമശ്രവണത്തിൽ നീ ആനന്ദം കൊള്ളുക; തല കുനിച്ച് ആചാരം ചെയ്യുക; എന്നെ ബഹുമാനിക്കുന്നതുകൊണ്ട് എൻ്റെ പുത്രനായ ഈശോയെയാണു നീ വണങ്ങുന്നതു്.

എൻെറ മകനേ! ഞാൻ ഈശോയുടേയും അമ്മയാണ്; ഈ സ്ഥാനമാണു നിത്യകാലവും എൻെറ മഹിമ.

ഈശൊ ആരാണെന്ന് ആഴമായി നീ ധ്യാനിക്കുക; അവിടന്നു ദൈവപുത്രനാണ്; ലോകരക്ഷകനാണ്; ആകാശത്തിൻെറയും ഭൂമിയുടെയും അധിപനാണ്.

ഈശൊ നീതിമാന്മാർക്കാശ്രയവും, സൗമ്യശീലമുള്ളവർക്കു സമാധാനവും, ബലഹീനർക്കു

www.malankaralibrary.com


ശക്തിയും, തെററിപ്പോയവക്ക നേർവഴിയു മാകുന്നു.

ഈശോ കഷ്ടതകൾ സഹിക്കുന്നവക്കാ ശ്വാസവും, നിർഭാഗ്യവാന്മാക്ക സങ്കേതവും, നന്മനസ്സുള്ളവക്ക പ്രോത്സാഹനവുമാകുന്നു.

എന്റെ മകനേ! നീ അമ്മയേയും മകനേയും വണങ്ങുക; എന്നാൽ സ്വൎഗ്ഗീയപിതാവു് നിനക്ക നിത്യസമ്മാനം നൽകും.

എന്നെ ബഹുമാനിക്കുന്ന ഓരോ പ്രാവശ്യവും ഈശോയെ നീ മഹത്വപ്പെടുത്തുന്നു.

നിന്റെ ഹൃദയത്തിന്മേലും നിന്റെ സകല പ്രവൃത്തികളിന്മേലും മുദ്രയെന്നവണ്ണം എന്നെ നീ പതിക്കുക.

അദ്ധ്വാനത്തിലും ആശ്വാസത്തിലും, വിഷാദത്തിലും വിനോദത്തിലും, ഈശോ–മറിയം എന്ന മധുരനാമങ്ങൾ നിന്റെ ഹൃദയത്തിൽ എപ്പോഴുമുണ്ടായിരിക്കട്ടെ; കൂടെക്കൂടെ നാവിന്മേൽ വന്നുദിക്കയും ചെയ്യട്ടെ,

www.malankaralibrary.com

## III

### ശിഷ്യൻ

ഒ മറിയമേ! സകല സൃഷ്ടികളും നിന്നെ വാഴ്ത്തട്ടെ; സകലജാതിജനങ്ങളും നിന്റെ മുമ്പിൽ സാഷ്ടാംഗം വീണു നിന്നെ വണങ്ങട്ടെ.

"ഒ മറിയമേ! നീ നിത്യകാലവും ആനന്ദിക്കുക" എന്നു് ആകാശം ഉൽഘോഷിക്കട്ടെ.

"ഒ മറിയമേ! നീ നിത്യകാലവും അതിനപ്പുറവും പരമാനന്ദഭാഗ്യത്തിൽ ലയിക്കുക" എന്നു ഭൂമിയും നിനക്കു ശുഭമംഗളം ആശംസിക്കട്ടെ.

ഒ മാതാവേ! സകല വിശുദ്ധന്മാരും പാവനമായ നിന്റെ തിരുനാമത്തെ പ്രകീർത്തിക്കട്ടെ. സകല സ്വർഗ്ഗവാസികളും, നിന്റെയും വിശ്വനാഥനായ നിന്റെ തിരുക്കുമാരന്റെയും സന്നിധിയിൽ ആനന്ദിക്കട്ടെ.

(Solilopuy of the Soul, ch. XXV)

www.malankaralibrary.com

മുപ്പതാമദ്ധ്യായം

# സ്നേഹത്തിൻെറ സനാതനരാജകീയത്വം

## I

ഒരു രാജകീയമകുടമാണു മറിയം ചൂടുന്നതു്; പന്ത്രണ്ടു നക്ഷത്രങ്ങൾ കൊണ്ടുള്ള ഒരു കിരീടം! അമ്മയും റാണിയുമെന്ന നിലയിൽ ദൈവം അവളെ അലങ്കരിച്ച പന്ത്രണ്ടു വിശേഷവരങ്ങളാണു കിരീടത്തിനു ചുററും നിൽക്കുന്ന പന്ത്രണ്ടു നക്ഷത്രങ്ങൾ.

സ്വർഗ്ഗത്തിൽ വിജയസഭയിൽ, സകല മോക്ഷാവാസികളെയും അതിശയിക്കുന്ന നാലു വിശേഷവരങ്ങൾ മറിയത്തിനുണ്ടു്,

അത്ഥികളെ ശ്രവിക്കുന്നതിൽ
അതീവ നമ്രമനസ്സ്,
അവരിൽ കനിയുന്നതിൽ
അളവററ കാരുണ്യാതിരേകം.

www.malankaralibrary.com

അവക്കുവേണ്ടി മദ്ധ്യസ്ഥമപേക്ഷിക്കു
ന്നതിൽ അത്യന്തവല്ലഭം.

ഓരോരുത്തരെയും സഹായിക്കുന്നതിൽ
അന്യാദൃശമായ താല്പര്യവും
കാര്യക്ഷമതയും.

കൂടാതെയും വിജയസഭയിൽതന്നെ അതിവിശിഷ്ടമായ വേറെ നാലു വരങ്ങൾ കൂടി മറിയത്തിനുണ്ട്:

സകലരേയുംകാൾ
അവൾ പ്രഭയേറിയവളാണ്.

സകലരേയുംകാൾ
അവൾ പ്രതാപവതിയാണ്.

സകലക്കുംഅവൾ സ്നേഹഭാജനമാണ്.

സകലക്കും അവൾ
ബഹുമാനപാത്രമാണ്.

പരിശുദ്ധത്രീതത്തിന്റെ സന്നിധിയിലെ അവളുടെ നില നോക്കിയാൽ മററു മഹിമകളെയെല്ലാം നിഷ്പ്രഭമാക്കാൻ കഴിവുള്ള നാലു വിശേഷവരങ്ങൾ നമ്മുടെ ശ്രദ്ധയെ

www.malankaralibrary.com


ആകക്ഷിക്കുന്നതാണ്: അതായത്, ത്രീത്വത്തിൻെറ മഹിമ ദർശിക്കയും അനുഭവിക്കയും ചെയ്യുന്നവരെയെല്ലാം മറിയം നാലുവിധത്തിൽ അതിശയിക്കുന്നു:

ത്രീത്വത്തിന്റെ
ആന്തരികമഹിമയുടെ ദർശനം
സകലരേയുംകാളധികം
അവൾക്കു സിദ്ധിക്കുന്നു.

ത്രീത്വത്തിൻെറ
ആന്തരികമായ പരമാനന്ദം
ഏററവുമധികം ഗ്രഹിച്ച്
അവൾ സന്തോഷിക്കുന്നു.

ത്രീത്വത്തിൻെറ പരമരഹസ്യം
സകലരെയുംകാളധികം
ആഴമായി അവൾ ഗ്രഹിക്കുന്നു.

ത്രീത്വത്തിന്റെ സൽഗ്ഗുണസമ്പത്തെല്ലാം
മററാരെയുംകാളധികം
മാധുര്യത്തോടെ
അവൾ ആസ്വദിച്ചു സുഖിക്കുന്നു.

www.malankaralibrary.com

# II

അമൃതധോരണിയും മറിയഭക്തന്മാരിൽ അഗ്രഗണ്യനുമായ വി. ബെണ്ണാദു തന്റെ കീഴുള്ള സന്യാസികളെ ഉപദേശിച്ചുകൊണ്ടു പരിശുദ്ധ കന്യകയുടെ മകുടത്തെ അലങ്കരിക്കുന്ന പന്ത്രണ്ടു നക്ഷത്രങ്ങൾക്കു നൽകുന്ന വിശദീകരണം നമുക്കും അത്യന്തം ശ്രദ്ധേയമാണു്.

"മറിയത്തിന്റെ മോക്ഷമകുടത്തെ അലങ്കരിക്കുന്ന അമൂല്യരത്നങ്ങളുടെ വൈശിഷ്ട്യവും സംഖ്യയും നിണ്ണയിക്കാൻ ആക്കും കഴിയുന്നതല്ല."

"അവളുടെ ശിരസ്സിനെ ആവരണം ചെയ്യുന്ന പ്രഭാപൂരിതമായ പരിവേഷത്തിന്റെ വിലയും കരകൗശലവും പരിശോധിക്കാൻ നമുക്കു പ്രാപ്തിയില്ല; എങ്കിലും വിനയപൂർവ്വം നമുക്കു കഴിയുന്നതും ശ്രമിക്കാം."

"ദൈവത്തിന്റെ നിഗൂഢരഹസ്യങ്ങളിലേയ്ക്കു ആഴമായി പ്രവേശിക്കാതെതന്നെ

www.malankaralibrary.com


ആക്ഷം ഗ്രഹിക്കാവുന്നതാണു് നമ്മുടെ അമ്മയുടെ കിരീടത്തിലെ പന്ത്രണ്ടു നക്ഷത്രങ്ങൾ അവളുടെ പന്ത്രണ്ടു വിശേഷവരങ്ങളാണെന്നു്.''

''പരിശുദ്ധകന്യകാമറിയത്തിനു സിദ്ധിച്ചിട്ടുള്ള വിശേഷവരങ്ങൾ മൂന്നായി തരം തിരിക്കാം.''

ആത്മാവിനെ അലങ്കരിക്കുന്നവ.
ഹൃദയത്തെ സമ്പൂർണ്ണമാക്കുന്നവ.
ശരീരത്തെ മഹത്വപ്പെടുത്തുന്നവ.

''ഈ മൂന്നുതരം വിശേഷവരങ്ങളെ അവളുടെ ജീവിതത്തിലെ നാലു പ്രധാന സംഭവങ്ങൾ കൊണ്ടു ഗുണിച്ചാൽ, സ്വർഗ്ഗരാജ്ഞിയായ പ. മറിയത്തിന്റെ കിരീടത്തിലെ പന്ത്രണ്ടു നക്ഷത്രങ്ങളുടെ സംഖ്യ കിട്ടുന്നതാണു്.

''വിസ്മയനീയമായവിധം മറിയത്തെ മഹത്വപ്പെടുത്തിയ പ്രസ്തുത ജീവിതസംഭവങ്ങൾ ഇവയാണു്.''

www.malankaralibrary.com

ജന്മപാപവിമുക്തയായി അവൾജനിച്ചതു്.
മാലാഖാ അവൾക്കു സ്വസ്തി ചെല്ലിയതു്.

പരിശുദ്ധാത്മാവു്
അവളുടെമേൽ നിഴലിച്ചതു്.
ഈശോ അവളുടെ ഉദരത്തിൽ ഉത്ഭവിച്ചതു്."

മറിയത്തിൻെറ ജീവിതത്തിലെ മററു സംഭവങ്ങൾ വഴി അവൾക്കു ലഭിച്ച വിശേഷവരങ്ങളേയും പ്രസാദസമൃദ്ധിയേയും വി. ബർണ്ണാർദ്ദ് ഉപരി വിശദീകരിക്കുന്നുണ്ടു്.

ആകയാൽ മറിയത്തിൻെറ ജീവിതത്തേയും സുകൃതങ്ങളേയും കുറിച്ചു ഭക്തിപൂർവം നമുക്കു ധ്യാനിക്കാം; വിശേഷ തിരുനാളുകളിൽ അവളുടെ സ്തുതിക്കായി ഭക്തഗാനങ്ങൾ നമുക്കാലപിക്കാം.

അവളുടെ പീഠത്തിന്റേയും തിരുസ്വരൂപത്തിന്റേയും മുമ്പിൽ നമുക്കു ഭക്തിപൂർവ്വം തല കുനിക്കയും മുട്ടുകുത്തുകയും ചെയ്യാം, അവളെ യഥാർത്ഥത്തിൽ നമ്മുടെകണ്ണുകൾകൊണ്ടു കാണുന്നതുപോലെ തന്നെ കരുതാവുന്നതാണു്.

www.malankaralibrary.com

മാലാഖമാരുടെ മദ്ധ്യത്തിൽ അവരുടെ സ്തുതികൾ സ്വീകരിക്കുന്നതുപോലെയോ, വിശിഷ്യ, ഉണ്ണീയീശോയെ മടിയിൽവെച്ചു കൊണ്ടിരിക്കുന്നതുപോലെയോ വിചാരിച്ചു കൊണ്ടു അവളോടു ഹൃദ്യഭാഷണം ചെയ്യുക.

കാരുണ്യമാതാവായി അവളെ ഗ്രഹിക്കുമ്പോൾ തികഞ്ഞ ആശ്രിതബോധത്തോടും സ്നേഹത്തുടിപ്പുകളോടും കൂടെ താഴെ കാണുന്ന ജപം ചൊല്ലുക:

## IV

### ജപം

ഓ സ്നേഹസമ്പൂർണ്ണയായ കന്യകാമറിയമേ! ദൈവമാതാവേ! സ്വർഗ്ഗരാജ്ഞീ! ഭൂലോകനാഥേ! നീ വിശുദ്ധന്മാരുടെ ആനന്ദമാകുന്നു; നീ പാപികളുടെ രക്ഷാനികേതമാകുന്നു. ഹൃദയതാപം നിറഞ്ഞ ഞങ്ങളുടെ അപേക്ഷകൾ നീ കേൾക്കുക; ഞങ്ങളുടെ ഹൃദയാഭിലാഷങ്ങളെല്ലാം നീ സദയം അനുവദിച്ചു തരിക.

www.malankaralibrary.com

ദരിദ്രരേയും ബലഹീനരേയും സഹായിക്കാൻ വരിക; നിരാശതയിൽ വിഷാദിക്കുന്നവരെ ധൈര്യപ്പെടുത്തുക, നിന്റെ വാത്സല്യമക്കളെ ശത്രുക്കളിൽനിന്നു രക്ഷിക്കുക.

പിശാചിന്റെ തന്ത്രങ്ങളിൽനിന്നു ഞങ്ങളെ രക്ഷിക്കുക. നിന്റെ സന്നിധിയിലേക്ക്, നീ അനുഭവിക്കുന്ന നിത്യഭാഗ്യത്തിലേക്ക് ഞങ്ങളേയും നയിക്കുക. അവിടെ സകല മാലാഖാമാരോടും പുണ്യവാന്മാരോടുംകൂടെ നിന്റെ ദിവ്യപുത്രനുമൊന്നിച്ചു നിത്യകാലം നീ വാഴുക! ആമേൻ.

(Cloistral Discipline, ch. XIV.)

മറിയമേ!സ്വസ്തി!

www.malankaralibrary.com

MALANKARA
LIBRARY